**മലയാള ബ്രാഹ്മണസമാജം**
**കേന്ദ്ര നേതൃത്വം**










# ബ്രഹ്മശ്രീ

ദ്വൈമാസിക
**മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം**
**2023 സെപ്തംബർ– ഒക്ടോബർ വാല്യം : 20 – ലക്കം : 4**
















**ഇവരിനിത്തേർതെളിച്ച, ഉരുളട്ടെ രഥചക്രം**
**ആവോളമൂർജ്ജവുമാർജ്ജിച്ചാർജ്ജവത്തോടെ...**



ഒന്നാം ശ്രാദ്ധദിനം (05-11-2023)

# നീലകണ്ഠൻ നമ്പൂതിരി

ഊരകത്ത് ഇല്ലം, ചെറുവള്ളി, കാവുംഭാഗം പി.ഒ, മണിമല

സന്തപ്ത കുടുംബാംഗങ്ങൾ

2023 സെപ്തംബർ – ഒക്ടോബർ : വാല്യം 20 – ലക്കം 4

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
ദ്വൈമാസിക

ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്

## പത്രാധിപസമിതി

**പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം– 686 634, Ph : 8281108575

**റ്റി.വി. നാരായണ ശർമ്മ**, (പ്രസിഡന്റ്)
താമരശ്ശേരി ഇല്ലം മാലം പി.ഒ., കോട്ടയം – 686019
Ph: 95623 56959

**കെ. വി. ദേവൻ ഇളയത്** (കേന്ദ്ര സെക്രട്ടറി)
കൊണഞ്ചേരി ഇല്ലം, എങ്ങണ്ടിയൂർ പി. ഒ., തൃശ്ശൂർ
ഫോൺ– 85898 95026

**ഡോ. കെ.എൻ. ഹരികൃഷ്ണ ശർമ്മ** (സബ് എഡിറ്റർ)
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയം– 686 503, Ph: 98475 98896

**അമ്പിളി പി താമരശ്ശേരി** (സബ് എഡിറ്റർ)
താമരശ്ശേരി ഇല്ലം, മാലം പി .ഒ, കോട്ടയം 686019.,
Ph: 98479 89402

**രാജേഷ് ഡി** (സർകുലേഷൻ)
മുല്ലശ്ശേരി ഇല്ലം, പട്ടണക്കാട് പി.ഒ., ചേർത്തല 688532
Ph: 81292 73500

**അരുൺ കീച്ചേരിൽ** (അഡ്വർടൈസ്മെന്റ്)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ.– 686 575, Ph: 94468 46461

**വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം– 682 306, Ph : 94475 66168

Bank Account : **Indian Bank,** M.G. Road,
Ernakulam | A/c. No. **: 867897300,**
Account Name: **Brahmasree**
IFSC Code : **IDIB000M036**
email : **brahmasreembs@gmail.com**

സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

പണ്ട് നമ്മൾ കവിത ആസ്വദിച്ചിരുന്നു
രണ്ടു വരി മലയാളം കവിത കാണാതെ ചൊല്ലാനറിയാത്ത അക്ഷരാഭ്യാസമുള്ള ഒരു മലയാളി ഉണ്ടായിരുന്നില്ല. ഇന്ന് കവിത എന്ന് കേട്ടാൽ ജനം മുഖം തിരിക്കും.
കുഴപ്പം ജനത്തിന്റെയോ കവിതയുടെയോ?
കേരളത്തിലെ നിലവാരമുള്ള പ്രസിദ്ധീകരണങ്ങളാണെന്നവകാശപ്പെടുന്ന വാരികകളുടെ കവിതാപ്പേജ് ആരെങ്കിലും വായിക്കാറുണ്ടോ? ഞാൻ ഈ പ്രസിദ്ധീകരണങ്ങൾ വീടുകളിൽ സ്ഥിരമായി വരുത്തുന്ന പലരോടും ചോദിച്ചു. കവിതയുടെ താളുകൾ ശ്രദ്ധിക്കാറേയില്ല എന്നാണു ബഹുഭൂരിപക്ഷവും അഭിപ്രായപ്പെട്ടത്. വായിച്ചാൽ ഒന്നും മനസ്സിലാകില്ലെന്നു മാത്രമല്ല ഒന്ന് ഈണത്തിൽ ചൊല്ലാൻ പോലും വയ്യാത്ത രീതിയിൽ കവിതാ രൂപത്തിൽ അച്ചടിച്ചു വച്ചിരിക്കുന്ന പദങ്ങളുടെ പാറക്കൂട്ടങ്ങൾ മാത്രമാണവ.
ഇതെല്ലാം ഗദ്യകവിതകളാണത്രേ !
ഗദ്യവും പദ്യവും രണ്ടാണ് എന്നാണ് നമ്മളെ പഠിപ്പിച്ചിരിയ്ക്കുന്നത്. ഗദ്യം എങ്ങിനെ പദ്യമാകും എന്ന് എനിയ്ക്കിന്നും മനസ്സിലായിട്ടില്ല. ഏതു ഗദ്യവും തൊണ്ട വിറപ്പിച്ചു കവിത പോലെ പാടി കാസറ്റിലാക്കി വിൽക്കാം. കേൾക്കുന്നവർ ശബ്ദഗാംഭീര്യം കേട്ടിട്ട് ബലേഭേഷ് എന്ന് പറയുകയും ചെയ്യും .

കവിയശഃപ്രാർത്ഥികളായ അല്പവിഭവൻമാർക്ക് കവികളായി ഞെളിയാനുള്ള എളുപ്പവഴിയാണീ ഗദ്യകവിതാപ്രസ്ഥാനം.

➡

**ഉപദേശകസമിതി**
എം. നാരായണൻ നമ്പൂതിരി | ഡോ. ഹരിഹരൻ,
പ്രൊഫ. (റിട്ട) ഡോ. സുകുമാരി അന്തർജ്ജനം

Layout & Printing
S.N.Nampoothiri, Essence Creations, Kottayam



മതി മോഹന ശുഭ നർത്തന മാടുന്നയി, മഹിതേ
മമ മുന്നിൽ നിന്ന് നീ മലയാള കവിതേ

വൃത്തത്തിലോ ഈണത്തിലോ എഴുതാൻ കഴിവില്ലെങ്കിൽ ഇതല്ലെയുള്ളൂ മാർഗ്ഗം. അതിനെ പ്രശംസിക്കാനും പുകഴ്ത്താനും കുറെ ബുദ്ധിജീവിനാട്യക്കാരും വിലയ്ക്കു വാങ്ങിയ നിരൂപക കേസരികളും ഉണ്ടാകും. അവരെ അവഗണിയ്ക്കുക.

പക്ഷേ അവഗണിച്ച് അവഗണിച്ച്കാല ക്രമേണ അവരാണിപ്പോൾ കവിതാരംഗത്തെ ഭരണം. ഇത് കവിതയല്ല, ശുദ്ധ അസംബന്ധ മാണ് എന്നു വിളിച്ചു പറയാൻ ആരും തയ്യാറാകുന്നില്ല എന്നതാണത്ഭുതം !

ഈ 'മ' പ്രസിദ്ധീകരണങ്ങളിൽ വരുന്ന കവിതകൾ ശ്രദ്ധിച്ചു വായിച്ചാൽ കരയണോ ചിരിയ്ക്കണോ എന്നറിയാൻ പാടില്ലാത്ത അവസ്ഥയിലാകും ശരിയ്ക്കും നമ്മൾ. 'മഴവില്ലുകളിൽ ഉണങ്ങാനിട്ട ഘടികാരനാവുകൾ ' എന്നൊക്കെ എഴുതിയിരിക്കുന്നത് കണ്ട് ഒന്നും മനസ്സിലാവാതെ ജനം അന്തം വിട്ടു നിൽക്കുമ്പോഴാണ് ഇടി വെട്ടിയവനെ പാമ്പ് കടിച്ചെന്നു പറഞ്ഞത് പോലെ ഇത്തരം പരദ്രോഹത്തെ വാഴ്ത്തി സ്തുതിച്ചു കൊണ്ട് വൈതാളിക വൃന്ദം രംഗത്തെത്തുന്നത്. പാവം കവിതാസ്വാദകർ ഇത് കേട്ട് കുഴപ്പം തന്റെ ബുദ്ധിക്കാണ് എന്ന് കരുതി പിൻവാങ്ങുന്നു.

ഇങ്ങിനെയാണ് മലയാളത്തിൽ ക്രമേണ ഗദ്യം കവിതയായത്

പഴയകാല കവികളും കവിത്രയവും വയലാറും ചങ്ങമ്പുഴയും പാലായും വൈലോപ്പിള്ളിയും ഒക്കെയേ ഉള്ളൂ കവിതാസ്വാദകർക്ക് ഇന്നും ആശ്രയിക്കാൻ എന്നതാണ വസ്ഥ.

ഗദ്യകവിതാമാഫിയയുടെ ധൃതരാഷ്ട്രാലിംഗനത്തിൽ നിന്നും, ഭഗവാന്റെ കൃപയാലും അവസരോചിതമായ ഇടപെടലിനാലും രക്ഷപ്പെട്ട ഭീമനെപ്പോലെ മലയാള കവിത വീണ്ടും 'പൊട്ടക്കവിതകളുണ്ടാക്കും ദുഷ്ടക്കൂട്ടത്തെ' നശിപ്പിച്ചു വിളയാടും എന്നു പ്രത്യാശിക്കുമ്പോഴും അടുത്ത തലമുറയുടെ കവിതാരംഗത്തെ ആസ്വാദക അവസരങ്ങളുടെ ദാരിദ്ര്യത്തെ ക്കുറിച്ചോർക്കുമ്പോൾ ദുഃഖമുണ്ട്. കലയും കവിതയും സംഗീതവും ഒക്കെ ശരിയായി ആസ്വദിച്ച് 'അദ്വൈതാമല ഭാവസ്പന്ദിത വിദ്യുന്മേഖല' പൂകാൻ കഴിയാത്തതല്ലേ സമൂഹത്തിലെ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗത്തിന്റെയും അരാജകത്വത്തിന്റെയും മൂല ഹേതു?

വേറൊരു തരത്തിൽ പറഞ്ഞാൽ പൊട്ടക്കവികളും സ്തുതിപാഠകരും ചെയ്യുന്ന ദ്രോഹം നമ്മൾ വിഭാവനം ചെയ്യുന്നതിനും അപ്പുറമാണ്.

അതുപോലെ ,

പണ്ടു നമ്മൾ ക്ഷേത്രകലകൾ കണ്ടാസ്വദിച്ചിരുന്നു. ഇന്നോ ?

കുറത്തിയാട്ടം മുതൽ കഥകളി വരെയുള്ള രംഗകലാരൂപങ്ങളെ ഇരുന്നുകണ്ട് ആസ്വദിക്കുവാൻ അമ്പലങ്ങളിലെ വേദികൾക്കു മുൻപിൽ കസേരകൾ നിരത്തിയിട്ടിട്ടും ആളെ കിട്ടാതായി. സ്വന്തം തിരക്കിനിടയിൽ അഞ്ചോ പത്തോ മിനിട്ട് വേദിക്കു മുന്നിൽ വന്നുനിന്നു പോകുന്നവർ ആസ്വാദകരല്ല. ആദ്യാവസാനം ഒരു ക്ഷേത്രകല വേദിയുടെ മുന്നിൽ കണ്ടിരുന്നാസ്വദിയ്ക്കാൻ കഴിവും താത്പര്യവുമുള്ളവർ ഇല്ലാതായി എന്നു തന്നെ പറയാം. കൂടുതലും പൈങ്കിളിക്കഥകൾ പറയുന്നത് കൊണ്ടാവാം മലയാള പ്രഫഷണൽ നാടകവേദിക്ക് കഷ്ടിച്ച് ഇടവേള വരെ കാണാൻ ആളുണ്ട് ഇപ്പോഴും. അതുകൊണ്ടു മിക്ക നാടകങ്ങളും ഇപ്പോൾ ഇടവേളയില്ലാതെയാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ആഘോഷവേദികൾക്കു മുന്നിലെ കാഴ്ചക്കാർക്കുള്ള കസേരകൾ തികച്ചും സൗജന്യമായിരുന്നിട്ടും മിക്കപ്പോഴും അവ കാലിയാണ്. എന്നാൽ പണം കൊടുത്ത് ടിക്കറ്റ് വാങ്ങി സിനിമ കാണാൻ ജനം വരിനിൽക്കും. അതാസ്വദിക്കാൻ ഭാവനയും ചിന്തയും ഭാഷയും ശ്രദ്ധയും ഒന്നും വേണമെന്നില്ല എന്നതു തന്നെ കാരണം. ചാക്യാർ കൂത്തോ ഓട്ടൻതുള്ളലോ കഥകളിയോ ഒക്കെ ആസ്വദിക്കണമെങ്കിൽ മുകളിൽ പറഞ്ഞതൊക്കെ അല്പസ്വല്പം കയ്യിലുണ്ടാവണം. ഭൂരിപക്ഷത്തിനും ഇതൊക്കെ കൈമോശം വന്നപ്പോൾ സിനിമ തന്നെ ശരണം. (സിനിമകൾ മോശമാണെന്നോ നാടകങ്ങളെല്ലാം കഥയില്ലാത്തതാണെന്നോ ഒന്നും ഇതിനർത്ഥമില്ല കേട്ടോ )

സിനിമയിൽ ഒന്നു മുഖം കാണിച്ചവൻ നാലാളറിയുന്ന പ്രശസ്തനായ കലാകാരൻ! വർഷങ്ങളിലെ സാധനകളിലൂടെ ശരീരവും മനസ്സും ജീവിതവും ഓരോ ക്ഷേത്രകലകൾക്കു വേണ്ടി രൂപപ്പെടുത്തി ഉഴിഞ്ഞു വച്ച കലാകാരൻ ആരും അറിയാത്ത നിത്യ വിസ്മൃതൻ!

പേജ് 9ൽ തുടരും



പാലാഴി കടഞ്ഞെടുത്തൊരഴകാണു ഞാൻ
കാലിൽ കാഞ്ചനച്ചിലമ്പണിയും കലയാണു ഞാൻ

# ഇനി വിട..........നമസ്കാരപൂർവ്വം

ബ്രഹ്മശ്രീയുടെ ചീഫ് എഡിറ്റർ സ്ഥാനത്തു നിന്നും ഞാൻ പടിയിറങ്ങുകയാണ്. ഇനിയും തുടരാനുള്ള സ്നേഹപൂർണമായ നിർബ്ബന്ധങ്ങളെ കണ്ടില്ലെന്നു നടിച്ച് ...... പലകാരണങ്ങളാൽ.

പത്രാധിപസമിതിയിലും മാറ്റങ്ങൾ പ്രതീക്ഷിക്കാം.

മാറി മാറി വന്ന കഴിഞ്ഞ മൂന്നു കേന്ദ്രഭരണ സമിതികളോടൊപ്പവും ഞാൻ പ്രവർത്തിച്ചു കഴിഞ്ഞു. എല്ലാവർക്കും നന്ദി

ഉദ്ദേശിച്ച ലക്ഷ്യങ്ങളെല്ലാം പൂർണമായും പൂർത്തീകരിച്ചിട്ടില്ലെങ്കിലും സംതൃപ്തിയോടെ തന്നെയാണ് പടിയിറക്കം ............

പത്രാധിപരിലും പത്രാധിപസമിതിയിലും ഉണ്ടാകുന്ന ഈ മാറ്റം തീർച്ചയായും നല്ലതിനാകും. ആകണം.

പുതിയ മനസ്സുകൾ ബ്രഹ്മശ്രീ ഏറ്റെടുക്കുമ്പോൾ ഈ സർഗ്ഗാത്മകകർമ്മത്തിനു കൂടുതൽ ഊർജ്ജവും നവപന്ഥാവും കൈവരും.

അത് കാലത്തിന്റെ ആവശ്യവുമാണ്.

വരാൻ പോകുന്ന ബ്രഹ്മശ്രീയുടെ നവ നേതൃത്വത്തിന് എല്ലാവിധ സഹകരണവും സഹായങ്ങളും നൽകി ഞാനും സ്ഥാന മൊഴിയുന്ന പത്രാധിപസമിതിയും കരം പിടിച്ചു കൂടെയുണ്ടാകും.

ബ്രഹ്മശ്രീയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പലരോടും അല്പമൊക്കെ 'രൂക്ഷ' മായി സംസാരിക്കേണ്ടി വന്നിട്ടുണ്ട് എനിയ്ക്ക്. അതിൽ പശ്ചാത്താപമൊന്നുമില്ല.

ബ്രഹ്മശ്രീയുടെ നന്മ മാത്രമായിരുന്നു ലക്ഷ്യം എന്നു തിരിച്ചറിയുക, ദയവായി.

പടിയിറക്കത്തിനു പല കാരണങ്ങളുണ്ട് എന്നു മുകളിൽ പറഞ്ഞല്ലോ. ബ്രഹ്മശ്രീയുടെ വിതരണം പല ശാഖകളിലും കാര്യക്ഷമമായി നടക്കുന്നില്ല എന്ന തിരിച്ച റിവും വിതരണം ചെയ്യപ്പെടുന്നവ വേണ്ട രീതിയിൽ വായിക്കപ്പെടുന്നില്ല എന്ന ചിന്ത യും ഒക്കെ ഈ വിടവാങ്ങലിനുള്ള അനേകം കാരണങ്ങളിൽ ചിലതു മാത്രമാണ്.

അഞ്ചു വർഷങ്ങൾ തീരെ ചെറിയ കാലയളവല്ല. ചുമതലയേറ്റിട്ട് ഇത് ഇരുപത്തിയെട്ടാമത്തെ ലക്കമാണ്. കോവിഡ് കാലത്തു മുടങ്ങിപ്പോയ രണ്ടു ലക്കങ്ങൾ കൂടി ചേർത്താൽ മുപ്പതു ലക്കങ്ങളുടെ കാലയളവ്. മതി.

മാറ്റത്തിനുള്ള സമയം അതിക്രമിച്ചു കഴിഞ്ഞു.

നിശബ്ദനായി, അണിയറയിൽ പ്രവർത്തിക്കാനേ ആഗ്രഹിച്ചുള്ളൂ. അതേ ചെയ്തിട്ടുള്ളൂ.

ആരുടെയും പേരെടുത്തു നന്ദി പറയുന്നില്ല.

എങ്കിലും,

അരുണും വി.എൻ.ടി. ചേട്ടനും, ഹരികൃഷ്ണനും അഞ്ചു വർഷവും ഒപ്പമുണ്ടായിരുന്നവരാണ്. കൂട്ടത്തിൽ, രൂപകല്പന ചെയ്യുന്ന കോട്ടയം എസ്സെൻസ് ക്രിയേഷൻസിലെ എസ്.എൻ. നമ്പൂതിരിയും. എത്രയോ ദിവസങ്ങൾ രാവിലെ മുതൽ രാത്രി പത്തുപതിനൊന്നു മണി വരെ കോട്ടയത്തെ എസ്. എൻ.ന്റെ ഓഫീസിൽ ഞങ്ങൾ ഒരുമിച്ചിരുന്നിരിയ്ക്കുന്നു.... ജോലികൾ തീർത്തു ബ്രഹ്മശ്രീയെ സമയത്തിനു അച്ചടിശാലയിലേക്കയക്കാൻ.....

ഇവരോടൊന്നും നന്ദി പറയുന്നില്ല. കാരണം സമാജത്തിനുള്ള സമർപ്പണമായിരുന്നു വല്ലോ എല്ലാവരും ചെയ്തിരുന്നത്.

എല്ലാ സമാജാംഗങ്ങൾക്കും ആശംസകൾ നേർന്നുകൊണ്ട്......

മാറി മാറി വന്ന കേന്ദ്ര ജില്ലാ ശാഖാ ഭാരവാഹികൾക്ക് പ്രണാമമേകി കൊണ്ട്....

ഒത്തിരി ഒത്തിരി അനുഭവങ്ങളും അറിവും സമ്മാനിച്ച ഈ അവസരത്തിന് അരങ്ങൊരുക്കിയ എല്ലാവർക്കും നന്ദി.........

കൂപ്പുകൈകളോടെ

ഹരി

> നമോസ്തു തേ മജ്ജീവനദായക!
> നടേശ! പരമാത്മൻ!
> നരാഖ്യമങ്ങേ നർത്തകഗണമിതിൽ
> ഞാനുമൊരല്പാംഗം
> വേഷമെനിക്കെന്തെന്നു വിധിപ്പതു
> വിഭോ! ഭവച്ചിത്തം;
> വിശ്വപ്രിയമായ് നടനം ചെയ്വതു
> വിധേയനെൻ കൃത്യം
> അരങ്ങുലയ്ക്കാനരചൻ മതിയാ,
> മതിനുകൊഴുപ്പേകാ-
> നനുചരനാവാ,മണിയാടകളല്ലഭിനയ,
> മതുസിദ്ധം.
>
> -പ്രേമസംഗീതം, ഉള്ളൂർ



അനുഗ്രഹിക്ക നിങ്ങളെൻ തലക്കുമേൽ കാര്യങ്ങൾ വ-
ച്ചെനിക്കതൊന്നു മാത്രമാണപേക്ഷ പോയിടട്ടെ ഞാൻ

# സാരഥ്യമേറ്റെടുത്തുകൊണ്ട്.....



റ്റി. വി.നാരായണ ശർമ്മ
കേന്ദ്ര പ്രസിഡന്റ്
9562356959

മലയാള ബ്രാഹ്മണ സമാജത്തിന്റെ ബൈലോ ഭേദഗതിയ്ക്കു ശേഷം നടന്ന തിരഞ്ഞെടുപ്പിലൂടെ 21 അംഗ കേന്ദ്ര ഭരണ സമിതി അധികാരമേറ്റിരിക്കുകയാണല്ലോ. കഴിഞ്ഞ ഭരണസമിതിയുടെ തുടർച്ചയായി ട്ടാണ് ഈ പുതിയ ഭരണസമിതി പ്രവർത്തിച്ചുപോകുവാൻ ആഗ്രഹിക്കുന്നത്. നാഗമംഗലം കുടുംബം ദാനമായി തന്ന പുണ്യഭൂമിയിൽ കുടികൊള്ളുന്ന നാഗമംഗലം അയ്യപ്പക്ഷേത്രത്തിന്റെ പുതിയ ശ്രീകോവിൽ പണിത് 2024 മാർച്ച് 7നു മുൻപായി പുന:പ്രതിഷ്ഠ നടത്തണമെന്നാണ് സമിതി ആഗ്രഹിക്കുന്നത്. ആകയാൽ സമഗ്രവികസനസമിതിയുടെ നേതൃത്വത്തിൽ ശ്രീകോവിലിന്റെ പണികൾക്കായി ക്വട്ടേഷൻ വിളിച്ച് പണി കോൺട്രാക്ടറെ ഏൽപ്പിച്ചു കഴിഞ്ഞു. വൃശ്ചികവൃതകാലത്ത് ക്ഷേത്രത്തിന്റെ പണികൾ നടത്തണമെന്നാണ്ഭരണസമിതി ആഗ്രഹിക്കുന്നത്. നവതിസ്മാരകമന്ദിരത്തിന്റെ നിർമ്മാണവും ക്ഷേത്രശ്രീകോവിൽ നിർമ്മാണത്തിനു ശേഷം നടത്തുമെന്നും സമിതി ചിന്തിക്കുന്നു. ബ്രോഷറുകളും രസീതുകളും ശാഖകളിൽ എത്തിച്ചിട്ടുള്ളതിനാൽ ഉടനെതന്നെ ഫണ്ടുപിരിവ് ആരംഭിക്കേണ്ടതുണ്ട്. നവതി സ്മാരകത്തിന്റെയും ക്ഷേത്രനിർമ്മാണത്തിന്റെയും കാര്യങ്ങൾക്കായിട്ടുള്ള പിരിവുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. കേന്ദ്ര-ജില്ലാ-ശാഖാ ഭാരവാഹികൾ ചേർന്നു വേണം ഇല്ലങ്ങൾ സന്ദർശിച്ചു പിരിവു നടത്തേണ്ടതുണ്ട്.

ആയതിനുള്ള നിർദ്ദേശങ്ങൾ സമഗ്രവികസനസമിതിയിൽ നിന്ന് ലഭ്യമാകും. ഇത്തവണത്തെ മണ്ഡല ചിറപ്പും നാഗമംഗലം അയ്യപ്പക്ഷേത്രത്തിൽ മുടക്കം കൂടാതെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു. ക്ഷേത്രഭരണ സമിതി ആയതു വേണ്ടതുപോലെ നിർവഹിക്കുന്നതാണ്.

പുതിയ ശാഖകൾ രൂപീകരിക്കാനും, നിർജ്ജീവമായ ശാഖകളെ പുന: സംഘടിപ്പിക്കുവാനും സമിതി മുൻകൈ യെടുക്കുന്നതാണ്. കോട്ടയം പേരൂർ മഞ്ഞപ്പിള്ളി ശ്രീ കൃഷ്ണൻ ഇളയതിന്റെ ആഗ്രഹപ്രകാരം 2024ലെ പൂജാപഠനക്യാമ്പ് 2024 ഏപ്രിൽ 15 മുതൽ 30 വരെ പേരൂർ മഞ്ഞപ്പള്ളി ഇല്ലത്തു ശ്രീ കൃഷ്ണൻ നമ്പൂതിരിയുടെ ഭവനത്തിൽ വച്ചു നടത്തുവാനും കേന്ദ്ര സമിതി തീരുമാനിച്ചിട്ടുണ്ട്. മലയാള ബ്രാഹ്മണ സമാജം 2024ലെ കലണ്ടർ 2023 ഡിസംബറിൽ തന്നെ ശാഖകളിൽ വിതരണം ചെയ്യുന്നതാണ്. സംസ്ഥാനതലത്തിൽ ഒരു ഡയറക്ടറി തയ്യാറാക്കാനും ഭരണസമിതി ഉദ്ദേശിക്കുന്നു. ഇങ്ങനെ ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കുവാൻ മുഴുവൻ സമാജാംഗങ്ങളുടയും സഹായസഹകരണം ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിയ്ക്കുന്നു.



**ദേവൻ ഇളയത്**
കേന്ദ്ര ജന.സെക്രട്ടറി.

എംബിഎസ് കുടുംബാംഗങ്ങളെ

2023-2026 വർഷത്തേക്കുള്ള കേന്ദ്ര ഭരണസമിതി തെരഞ്ഞെടുപ്പിൽ കേന്ദ്ര ജനറൽ സെക്രട്ടറിയായി എന്നെ തിരഞ്ഞെടുത്തതിൽ ഞാൻ അഭിമാനിക്കുന്നു. സംഘടനാ പ്രവർത്തനങ്ങളിൽ സംഘടനാതത്വങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് മുന്നോട്ട് നയിക്കുവാൻ നിങ്ങൾ ഏവരുടെയും സഹായസഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു ആദ്ധ്യാത്മികവും, സാമൂഹികവും സാംസ്കാരികവുമായ മേഖലകളിൽ സംഘടനയെ വളർത്തിയെടുക്കുവാൻ കഴിയുന്നതിനോടൊപ്പം സ്വയം പര്യാപ്തതയിലൂന്നിയ വികസന പ്രവർത്തനങ്ങളും നമുക്ക് വളർത്തി മുന്നോട്ട് പോകേണ്ടതുണ്ട് അതിന് അവസരം ഉണ്ടാക്കിയെടുക്കാൻ മുഴുവൻ സമാജാംഗങ്ങളോടും അഭ്യർത്ഥിക്കുന്നതോടൊപ്പം എല്ലാവർക്കും ആശംസകളും നന്ദിയും രേഖപ്പെടുത്തിക്കൊണ്ട് നിർത്തു ന്നു... നമസ്ക്കാരം

# നമ്മുടെ ക്ഷേത്രപുനരുദ്ധാരണം

പ്രിയ അംഗങ്ങളെ

മലയാള ബ്രാഹ്മണ സമാജത്തിന്റെ സ്വപ്നപദ്ധതികളിൽ ഒന്നായ അമ്പലപ്പുഴ നാഗമംഗലം അയ്യപ്പക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കേന്ദ്ര സമിതിയുടെ നിർദേശാനുസരണം സമഗ്രവികസന സമിതി ആരംഭിച്ചു കഴിഞ്ഞു. കൂടാതെ രണ്ടാം ഘട്ടമായി നവതി സ്മാരക മന്ദിരത്തിന്റെയും പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. നവതി സ്മാരകത്തിനു ഏകദേശം 70 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്നു. ക്ഷേത്ര നിർമാണത്തിന്റെ ചുമതല ക്ഷേത്ര നിർമ്മാണ വിദഗ്ദ്ധനായ മാവേലിക്കര വെള്ളായണി ഇല്ലത്ത് ശ്രീകുമാരൻ നമ്പൂതിരിയെയാണ് ഏല്പിച്ചിട്ടുള്ളത്. ഇനി വേണ്ടത് നിങ്ങൾ ഓരോരുത്തരുടെയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ ആണ്. പുനരുദ്ധാരണവും പുനഃപ്രതിഷ്ഠയും ചേർന്ന് ഏകദേശം 20 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്നതാണ് സമഗ്രവികസനസമിതിയുടെ പ്രവർത്തനങ്ങളിലെ ആദ്യഘട്ടമായ ക്ഷേത്ര നിർമ്മാണം. അംഗങ്ങൾക്ക് അവരുടെ കാണിക്കകൾ തുകയായോ നിർമ്മാണ സാമഗ്രികളായോ ഭഗവാന് സമർപ്പിച്ച് നിർമ്മാണത്തിൽ പങ്കാളികൾ ആകാവുന്നതാണ്. നിർമ്മാണ സാമഗ്രികളുടെ ലിസ്റ്റും അവയ്ക്ക് പ്രതീക്ഷിക്കുന്ന ചിലവും താഴെ കൊടുക്കുന്നു. എല്ലാവരും അവരവരുടെ കഴിവിന്റെ പരമാവധി സഹകരിക്കണമെന്നു ഭഗവത് നാമത്തിൽ അഭ്യർത്ഥിക്കുന്നു.

സമഗ്രവികസന സമിതിക്ക് വേണ്ടി

അരുൺ കീച്ചേരിൽ
ട്രഷറർ

ചന്ദ്രഗുപ്തൻ ഇളയത്
കൺവീനർ

| <u>സമർപ്പണങ്ങൾ</u> | | <u>തുക</u> |
|---|---|---|
| കരിങ്കല്ല് | ഒരു ലോഡിന് | 10000 രൂപ |
| മെറ്റൽ | ഒരു ലോഡിന് | 12000 രൂപ |
| പാറപ്പൊടി | ഒരു ലോഡിന് | 12000 രൂപ |
| സിമെന്റ് | 10 ചാക്കിന് | 4500 രൂപ |
| ഇഷ്ടിക | 500 എണ്ണം | 5000 രൂപ |
| തളകല്ല് | 15 Sqft | 5000 രൂപ |
| കരിങ്കൽ കട്ടിള | | 20000 രൂപ |
| പ്രധാന കതക് | ഒരു പാളി (മണിച്ചിത്രത്താഴ് ഉൾപ്പടെ ഉള്ള അലങ്കാരങ്ങൾ സഹിതം) | 15000 രൂപ |
| ഓവ് (വ്യാളീമുഖത്തോട് കൂടിയത്) | | 8000 രൂപ |
| കഴുക്കോൽ | ഒന്നിന് | 10000 വീതം |
| ഓട് | 100 എണ്ണം | 3000 രൂപ |
| താഴികക്കുടം | | 15000 രൂപ |
| പണിക്കൂലി ഒരു യൂണിറ്റ് | | 5000 രൂപ |

(കൂടുതൽ സമർപ്പണങ്ങൾ വരുന്ന പക്ഷം മേൽക്കൂര ചെമ്പ് മേയാൻ സമഗ്ര വികസന സമിതി ഉദ്ദേശിക്കുന്നു. ആയതിന്റെ ചിലവ് ഏകദേശം 5,00,000 രൂപ ആണ്. പ്രസ്തുത തുക sponsering വരുന്ന പക്ഷം മാത്രമേ ചെമ്പ് മേയു വാൻ സാധിക്കൂ)

മലയാള ബ്രാഹ്മണ സമാജം നാഗമംഗലം അയ്യപ്പക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനുള്ള അഡ്വാൻസ് തുക കേന്ദ്ര പ്രസിഡന്റ് ടി വി നാരായണശർമ്മ കോൺട്രാക്ടർ ശ്രീകുമാരൻ നമ്പൂതിരിയ്ക്ക് നൽകുന്നു.



## സമസ്യാപൂരണങ്ങൾ

ഹരന്റെ പത്നിയായിടാ നുറച്ചു തന്നെ ഗൗരിയും –
ചിരം തപം തുടങ്ങിയെന്നറിഞ്ഞ ശംഭു പിന്നെയും
പരീക്ഷണത്തിലുള്ളറിഞ്ഞ ദേവിയെ വരിയ്ക്കുവാൻ
കരം പിടിച്ചിറക്കി മെല്ലെ കൗതുകാൽ കലാധരൻ
**ഗിരിജഎൻ. നമ്പൂതിരി, വടുതലായിൽഇല്ലം, കുടക്കച്ചിറ**

ഹരം തരുന്നൊരോർമ്മയായി പോയ കാലമെന്നിലും
ചിരം നമിക്കു മീശനാം ഭവാന്റെ പുണ്യമേൽക്കയാൽ
ജരം വിലക്കിയും കലാമൃതസ്സരസ്സു നീന്തിടാൻ
കരം പിടിച്ചിറക്കി മെല്ലെ കൗതുകാൽ കലാധരൻ
**വി. എൻ. ദിവാകരൻ, വെള്ളിയേപ്പിള്ളിൽഇല്ലം, ആണ്ടൂർ**

വരുംവരായ്ക യൊക്കെനോക്കി, താഴെവന്നുനിന്നിടാൻ
ഒരുങ്ങി നിന്ന പാർവതിക്കു ധൈര്യമോതി നൽകിയും
സുമംഗലിയ്ക്കു, താഴെയന്നു, വീണിടാതിറങ്ങുവാൻ
കരംപിടിച്ചിറക്കിമെല്ലെകൗതുകാൽകലാധരൻ
**അപ്പു കരിയ്ക്കാട്ട്, കരിയ്ക്കാട്ടില്ലം, ചേർത്തല**

കവിയ്ക്കു നല്ല ഭാവി വേണമെന്നു ഞാനുറയ്ക്കവേ
കടക്കുനീ , പുറത്തുപോയി ജോലി വാങ്ങി വന്നിടൂ
കനത്ത ഭാഷ ചേർന്ന താതയാജ്ഞ വന്നുലയിയ്ക്കിലും
കരം പിടിച്ചിറക്കി മെല്ലെ കൗതുകാൽ കലാധരൻ
**മോഹനകുമാർ, ഏറത്തുരിത്തിഇല്ലം, ആണ്ടൂർ**

പരം യശഃസ്വിനീ ധരിത്രിയേറെ മിത്രഭാവമോ –
ടൊരുക്കി വിട്ടയച്ച ദൂതയന്ത്രപേടകം സ്വയം
പുരം കടന്നു ചന്ദ്രനെ നമസ്കരിച്ചു സാദരം
കരം പിടിച്ചിറക്കി മെല്ലെ കൗതുകാൽ കലാധരൻ
**ഹരികുമാർപി., പാണാട്ടില്ലം, കുറിച്ചിത്താനം**

കറുത്തകൊണ്ടലൊത്ത കൂന്തൽ കെട്ടഴിഞ്ഞുയാമിനി
നിറഞ്ഞ നൃത്തമാടിടുന്നു പാരിലാകെ കൂരിരുൾ
പരത്തിടുന്നു, നിദ്രവിട്ടുണർന്ന തിങ്കൾ രാത്രി തൻ
കരംപിടിച്ചിറക്കി മെല്ലെ കൗതുകാൽ കലാധരൻ
**വി. എൻ.വാസുദേവൻ ഇളയത്, പാളമറ്റത്തില്ലം, കോതമംഗലം**

**സമസ്യാകാരന്റെ പൂരണം**
നിരന്തരം വരുത്തിയേറെയാഗ്രഹം സുധാകരർ
ചിരം വളർന്നൊരൗത്സുകം പരം കൃതാർത്ഥമാക്കുവാൻ
പരാർത്ഥശാസ്ത്രചിന്തയാൽ തൊടുത്തുവിട്ട കൗതുകം
കരം പിടിച്ചിറക്കി മെല്ലെ കൗതുകാൽ കലാധരൻ
**രാജീവ് പി., പാണാട്ടില്ലം, ആലുവ**

---

### അടുത്തസമസ്യ
**ഹേമിയ്ക്കാതെയിച്ചുമതല**
**കൈയ്യേക്കു സന്നദ്ധരായോർ**
വൃത്തം : മന്ദാക്രാന്ത
ലക്ഷണം : മന്ദാക്രാന്താ മഭനതതഗം
നാലുമാറേഴുമായ് ഗം

## ലളിതഗാനം

കെ.എൻ. നെടുവേലി
നെടുവേലി ഇല്ലം
94975 78380

**അന്തിക്കൂട്ടിനു റാന്തൽ വിളക്കുമായ്**
**അമ്പിളി മാനത്തു വന്നു.**
**ക്ഷീണിച്ചുറങ്ങുന്ന ഭൂമിക്കവളൊരു**
**പൂനിലാപ്പട്ടു പുതപ്പു ചാർത്തി.**
**(അന്തി)**
**നിശയുടെ അത്താഴപ്പൂജയ്ക്കവളിന്നു**
**നീഹാരപ്പൂക്കൾ ജപിച്ചെറിഞ്ഞു.**
**ഹിമകണസഹസ്രങ്ങൾ അർച്ചനയ്ക്കായ്**
**മന്ത്രാഞ്ജലിയായവൾ പകർന്നു.**
**(അന്തി)**
**മൂകയാമങ്ങളിൽ രാഗഹർഷം തൂകി**
**മോഹലാസ്യത്തിൽ ചുവടുവെച്ചു**
**ഉറക്കുപാട്ടിന്റെ മാധുരിയാൽ അവൾ**
**ഭൂമിക്ക് ഒരുൻമാദക്കുളിർപകർന്നു.**
**ഈ സംഗമത്തിൻ മുഗ്ദ്ധക്ഷണങ്ങളിൽ**
**ഈശ്വരൻ പോലും ചിരിച്ചുനിന്നു.**
**(അന്തി)**
**(ആകാശവാണി പ്രക്ഷേപണം ചെയ്ത ഗാനം)**

## ഹരിഃ ഓം

ബ്രഹ്മശ്രീ നീലകണ്ഠശർമ്മ
പുതുമനഇല്ലം, കുറിച്ചി, 9846090620

**ഓന്തായിവന്നോരുഭൂപനുമോക്ഷത്തെ**
**ഓങ്കാരരൂപനുംനൽകിയല്ലൊ**
**ഓങ്കാരമന്ത്രത്താൽനിന്നെസ്തുതിക്കുന്നു**
**ഓങ്കാരരൂപജയിക്ക !ജയിക്കുക,**
**അറിയാതെചെയ്തോരപരാധമൊക്കെയും**
**അറിവിന്റെപൊരുളേക്ഷമിച്ചുകൊള്ളേണമേ**
**ആതിരുനാമങ്ങളെന്നുംജപിക്കുന്നു**
**നാരായണാ ഹരേ നാരായണാ!**
**കാലത്തുണരുമ്പോൾനിന്നെസ്മരിക്കുന്നു**
**കാരുണ്യവാരിധേ വിഷ്ണോനമോസ്തുതേ**
**കയ്യിണകൂപ്പി സ്തുതിക്കുന്നു നിന്നെ ഞാൻ**
**കാത്തുരക്ഷിക്കുക കംസാരേ !ഹരേ!**


ശ്ലോകം ശ്ലോകമതായീടും സജ്ജനൗഘ സഭാതലേ
സംഘം വിരസമായാലോ 'ല' കാരം തത്ര ലുപ്തമാം

4-ാം പേജിൽ നിന്നും തുടർച്ച

മനസ്സിലാകാത്ത ഗദ്യകവിതയും മനസ്സിലാക്കാൻ ശ്രമമേ വേണ്ടാത്ത സിനിമയും പൈങ്കിളിനാടകങ്ങളും ഒരേ ഗണത്തിൽ പെടുന്നത് ആസ്വാദകപങ്കാളിത്തവും ആസ്വാദകപരിശ്രമവും ഒട്ടും ആവശ്യമില്ല എന്നതുകൊണ്ടാണ്. ഗദ്യകവിതയുടേത് ആളില്ലാ സദസ്സും സിനിമയുടേത് ആൾക്കൂട്ടസദസ്സും ആണെങ്കിലും.

കൃഷിപ്പണി മുതൽ കലാസ്വാദനം വരെ നമ്മുടെ ഭാഗത്തു നിന്ന് ഒരു ചെറിയ ശ്രമമെങ്കിലും വേണ്ടതെല്ലാം സൗകര്യപൂർവ്വം സമൂഹം ഒഴിവാക്കുന്നു എന്ന തിരിച്ചറിവാണ് ഈ വിശകലനത്തിന്റെ ഗുണപാഠം.

ചങ്ങമ്പുഴ ചിലങ്ക കെട്ടിച്ചു നൃത്തം ചെയ്യിച്ച മലയാള കവിതയെ രക്ഷിക്കാൻ രാജാവ് നഗ്നനാണെന്ന് നിഷ്ക്കളങ്കമായി വിളിച്ചുപറയാം. ഉൾക്കനവും വൈവിദ്ധ്യവും ഉദാത്ത പാരമ്പര്യവുമുള്ള തനതു കലകളെ നിലനിർത്താനും പരിപോഷിപ്പിക്കാനും വേദിക്കു മുന്നിലെ കസേരയിൽ നമുക്ക് കുറച്ചുനേരവും കൂടി അമർന്നിരിക്കാം.

മനോഹരങ്ങളായ മഴവില്ലുകളിൽ പോയി ഘടികാരനാവുകൾ ഉണങ്ങാനിടുന്നവരെ തടയാൻ നമുക്ക് കഴിയില്ലെങ്കിൽ കൂടി അവരെ കവി എന്ന് വിളിയ്ക്കാതിരിയ്ക്കാനുള്ള ആർജ്ജവമെങ്കിലും കാണിയ്ക്കാം

ഹരി
പത്രാധിപർ







തൃശ്ശൂർ ജില്ല കൗൺസിൽ യോഗത്തിൽ കേന്ദ്ര പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ ആദരിക്കുന്നു



ശബരിമല നിയുക്ത മേൽശാന്തി ബ്രഹ്മശ്രീ.പുത്തില്ലത്ത് മഹേഷ് നമ്പൂതിരിക്ക് മൂവാറ്റുപുഴ തിരുവുംപ്ലാവിൽ മഹാദേവ ക്ഷേത്രത്തിൽ സ്വീകരണച്ചടങ്ങിൽ മലയാള ബ്രാഹ്മണസമാജം കേന്ദ്രസമിതിക്കുവേണ്ടി സമിതി അംഗം മനോജ് കുമാർ പൊന്നാട അണിയിച്ച് ആദരിക്കുന്നു



കോത്തല ശാഖാ യോഗത്തിൽ കോട്ടയം ജില്ലാ പ്രസിഡന്റിനെ ആദരിക്കുന്നു



പത്രമതെല്ലാം വേടൻ തന്നുടെ
മസ്തകസീമനി കാണ്മാറായി

# വിഷ്ണുഭുജംഗം 10

സി വി ശങ്കരൻ ചേലമറ്റത്തില്ലം

അന്ത്യസമയത്ത് എല്ലാം ഉപേക്ഷിച്ചു പോകണമല്ലോ എന്നോർത്തു വിലപിക്കുന്നു

**ശരീരം കളത്രം സുതം ബന്ധുവർഗ്ഗം**
**വയസ്യം ധനം സദ്മ ഭൃത്യം ഭുവം ച**
**സമസ്തം പരിത്യജ്യ ഹാ കഷ്ടമേകോ**
**ഗമിഷ്യാമി ദു:ഖേന ദൂരം കിലാഹം.**

ശരീരം-ശരീരം, കളത്രം-ഭാര്യ, സുതം -മക്കൾ, ബന്ധുവർഗ്ഗം, ബന്ധുജനങ്ങൾ, ധനം-സമ്പത്ത്, സദ്മ-ഭവനം, ഭൃത്യം-പരിചാരകർ, ഭുവം -ഭൂമി, ഈ ലോകം, സമസ്തം-ഇവയെല്ലാം, പരിത്യജ്യ-ഉപേക്ഷിച്ച്, അഹം-ഞാൻ, ഏകഃ-ഏകനായി, ഒറ്റയ്ക്ക്, ദു:ഖേന-ദു:ഖിച്ചുകൊണ്ട്, ദൂരം ഗമിഷ്യാമി കില-ദൂരത്തേയ്ക്കു പോകുന്നുവല്ലോ, ഹാ! കഷ്ടം-അഹോ കഷ്ടം തന്നെ. അന്ത്യകാലത്ത് ഈ ശരീരം ഭാര്യ മക്കൾ ബന്ധുജനങ്ങൾ എന്റെ സമ്പത്ത് വീടുതന്നെയും ഭൃത്യന്മാരെയും ഈ ലോകം തന്നെയും ഉപേക്ഷിച്ച് ദു:ഖിച്ച് ഞാൻ ഏകനായി പോവേണ്ടിവരുമല്ലോ.അഹോ കഷ്ടം !എന്നല്ലാതെന്തു പറയാൻ!

വാർദ്ധക്യത്തിലെ ബുദ്ധിമുട്ടുകളെപ്പറ്റി പരാതിപ്പെടുന്നു

**ജരേയം പിശാചീവ ഹാ ജീവിതോമേ**
**മൃജാമത്തി രക്തം ച മാംസം ബലം ച**
**അഹോ ദേവ സീദാമി ദീനാനുകമ്പിൻ**
**കിമദ്യാപി ഹന്ത ത്വയോദാസിതവ്യം.**

ജരേയം-ഇയം, ജരാ- ഈ വാർദ്ധക്യം, പിശാചീ ഇവ-പിശാചിയെപ്പോലെ
ജീവിതഃ മേ-ജീവിച്ചിരിക്കുന്ന എന്റെ, മൃജാം ച-ശരീരകാന്തിയെയും ജര ബാധിച്ചു കഴിഞ്ഞാൽ ശരീരം ചുക്കിച്ചുളിഞ്ഞ ശരീരസൗന്ദര്യം പോകുമല്ലോ. വാർദ്ധക്യത്തിന്റെ ഒരു പ്രതിഭാസമാണിത്. രക്തം ച മാംസം ബലം ച, രക്തത്തെയും മാംസത്തെയും ബലത്തെയും അത്തി - കരണ്ടു തിന്നുന്നു

അഹോ-അഹോ കഷ്ടം, ദേവ ഭഗവാനേ (ദേവഃ -ദിവ്യതേ സ്തൂയതേ ഇതി ദേവഃ ) സീദാമി -ഞാൻ തളരുന്നു, ദീനാനുകമ്പിൻ -ദീനന്മാരിൽ അനുകമ്പയുള്ളവനേ, ഹന്ത കഷ്ടം അദ്യാപി -ഇപ്പോഴും ത്വയോദാസിതവ്യം -ത്വയാ ഉദാസിതവ്യം -അങ്ങ് ഉദാസീനനായിരിക്കുന്നത് കിം ?-എന്തുകൊണ്ടാണ് ? ഈ വാർദ്ധക്യം പിശാചിനേപ്പോലെ എന്റെ രക്തമാംസാദികളെയും ശക്തിയേയും ദേഹകാന്തിയേയും കാർന്നു തിന്നുന്നു. ഭഗവാനേ ! ഞാൻ തളരുന്നു. ദീനാനുകമ്പനായ അങ്ങ് ഇപ്പോഴും ഉദാസീനനായിരിക്കുന്നതെന്താണ്? ഉപേക്ഷയുണ്ടാകരുതേ കരുണ കാണിക്കണേ എന്നു പ്രാർത്ഥന.

അന്ത്യസമയമടുക്കുമ്പോഴുള്ള ബുദ്ധിമുട്ടുകൾ പറഞ്ഞുപ്രാർത്ഥിയ്ക്കുന്നു

**കഫവ്യാഹതോഷ്ണോൽബണശ്വാസവേഗ-**
**വ്യഥാവിസ്ഫുരത് സർവ്വ മർമ്മാസ്ഥി ബന്ധാം**
**വിചിന്ത്യാഹമന്ത്യാമസഹ്യാമവസ്ഥാം**
**ബിഭേമി പ്രഭോ കിം കരോമി പ്രസീദ.**

വ്യാഹത -തടയപ്പെട്ട,കെട്ടിനിൽക്കുന്ന കഫവ്യാഹത -കഫക്കെട്ട്, ഉഷ്ണം -ചൂടുള്ളത്, ഉൽബണം -ശക്തിയായത്, വേഗത്തിലായത് ഉൽബണശ്വാസവേഗ -ശക്തിയായ ശ്വാസോച്ഛ്വാസം, വ്യഥ-വേദന വിസ്ഫുരത് -വിട്ടുപോവുന്ന, സർവ്വ -എല്ലാ മർമ്മ -മർമ്മങ്ങളും അസ്ഥി ബന്ധാം -അസ്ഥിബന്ധങ്ങൾ ,സന്ധിബന്ധങ്ങൾ അസഹ്യാം -ഒട്ടും സഹിക്കാൻ പറ്റുകയില്ല, അന്ത്യാമവസ്ഥാം -അവസാനത്തെ അവസ്ഥയെ വിചിന്ത്യാം -വിചാരിച്ചിട്ട് അഹം ബിഭേമി -എനിക്കു പേടിയാകുന്നു. പ്രഭോ -സ്വാമിൻ കിം കരോമി -ഞാൻഎന്തു ചെയ്യണം, പ്രസീദ -പ്രസാദിച്ചാലും കഫക്കെട്ടുകൊണ്ടുള്ള ശ്വാസതടസവും ചൂടും സന്ധിബന്ധങ്ങൾ ഉലയുന്ന വേദനയും നിറഞ്ഞ അവസാനകാലത്തെക്കുറിച്ച്, മരണസമയത്തെക്കുറിച്ച് ഓർക്കുമ്പോൾതന്നെ എനിക്കു പേടിയാവുന്നു. ഞാൻ എന്തു ചെയ്യണം ? ഭഗവാനേ പ്രസാദിച്ചാലും

മരണകാലത്തെ ഭയത്തെ ചിന്തിച്ചാൽ
മതിമറന്നു പോം മനമെല്ലാം.

# താളിയോല

ഡോ.ഹരികൃഷ്ണശർമ്മ
കൈനിക്കര ഇല്ലം, 9847598896

അറിവിന്റ ഉത്പാദകരും സൂക്ഷിപ്പുകാരും വിതരണക്കാരുമെന്ന് അറിയപ്പെടുകയും അഭിമാനിക്കുകയും ചെയ്യുന്നവരാണ് ബ്രാഹ്മണസമുദായത്തിൽ പെടുന്നവർ. ഒരു കാലത്ത് ലോകത്തിനു മുഴുവൻ അറിവിന്റെ പ്രകാശഗോപുരമായി നിന്നിരുന്ന ഭാരതത്തിന്റെ ആ പാരമ്പര്യത്തിൽ ബ്രാഹ്മണസംസ്കൃതിയിൽ ജീവിച്ചു പോന്നവരുടെ പങ്ക് ചില്ലറയൊന്നുമല്ല. അഖണ്ഡഭാരതത്തിന്റെ കിഴക്കു പടിഞ്ഞാറോളവും തെക്ക് വടക്കോളവും പ്രചരിച്ച വിജ്ഞാനശാഖകളിലൂടെ പ്രസിദ്ധരായ എത്രയോ ആചാര്യന്മാരാണ് നമ്മുടെയൊക്കെ പൂർവ്വികരായുള്ളതെന്ന് നമുക്കഭിമാനിക്കാം. അവർ തപോനിഷ്ഠമായ സ്വന്തം ജീവിതത്തിലൂടെ മറ നീക്കി പുറത്തെടുത്ത വിജ്ഞാനങ്ങളെ വാമൊഴിയായും അല്ലാതെയും പിൻഗാമികളിലേക്ക് പകർന്നുകൊടുത്തു. അറിവിന്റെ ആ നിധിശേഖരം നമ്മിൽ പലരുടെയും ഗൃഹങ്ങളിൽ താളിയോല ഗ്രന്ഥങ്ങളുടെ രൂപത്തിൽ സുരക്ഷിതമായിരുന്നു. ഇടക്കാലത്ത് പരിഷ്കാരം വന്നു കൂടിയേറി പാർത്തപ്പോൾ പല ഗൃഹങ്ങളിലും ആ താളിയോലകളെ അവഗണിക്കുകയും അടുപ്പിൽ എളുപ്പത്തിൽ തീ പിടിപ്പിക്കുവാൻ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ ഒരു വർഷത്തിനിടയിലും നമ്മുടെ സമാജത്തിലെ അംഗമായ ഒരു ഇല്ലത്ത് സമാനമായ രീതിയിൽ താളിയോലകൾ കുപ്പത്തൊട്ടിയിലേക്ക് വലിച്ചെറിയപ്പെടുകയും പിന്നീട് അഗ്നിക്കിരയാക്കപ്പെടുകയും ചെയ്തുഎന്ന വേദനാജനകമായ വാർത്ത ശ്രവിക്കുവാനിടയായിട്ടുണ്ട്. കേവലം ഒരു പത്രക്കടലാസിനോ മാസിക കടലാസുകൾക്കോ കൊടുക്കുന്ന വിലയായിരുന്നില്ല താളിയോലകൾക്ക് നൽകേണ്ടിയിരുന്നത്. പ്രസ്സിലെ യന്ത്രങ്ങളിൽ കൂടി യാന്ത്രി കമായി അച്ചടിച്ചുവരുന്ന കടലാസിലെ നിർജീവങ്ങളായ അക്ഷരങ്ങളല്ല താളിയോലകളിൽ ഉള്ളത്. ഒരു ഗ്രന്ഥം എഴുതുവാൻ വേണ്ട ഓലകൾ തയ്യാറാക്കുന്നത് മുതൽ രാവും പകലും പരിശ്രമിച്ച് സ്വന്തം കൈ കൊണ്ട് നാരായമുപയോഗിച്ച് ഓരോ അക്ഷരവും കോറി വരഞ്ഞ് പൂർത്തിയാക്കുന്നതു വരെ ചില മനുഷ്യരുടെ വിയർപ്പും കണ്ണുനീരുമൊക്കെ പേറുന്ന സ്പന്ദിക്കുന്ന ജീവസുറ്റ ഒരു വസ്തുവാണ് ഓരോ താളി യോല ഗ്രന്ഥവും. ആർദ്രമായ ഹൃദയത്തോടെ ആ ഗ്രന്ഥം കയ്യിലെടുത്താൽ നമുക്ക് അറിയാൻ പറ്റും; നാം കാണാത്ത നമ്മുടെ മുതുമുത്തച്ഛൻമാരുടെയും മുതുമുത്തശ്ശിമാരുടെയും അവരുടെയൊക്കെ പൂർവികരുടെയും വാത്സല്യസ്പർശം. അതിനെയഗ്നിക്കിരയാക്കുന്നത് കടുത്ത പാരമ്പര്യനിന്ദയും കൊടുംപാതകവുമാണെന്ന് നാം അറിയേണ്ടതുണ്ട്. ശേഷിക്കുന്ന താളിയോലഗ്രന്ഥങ്ങളുടെയെങ്കിലും സംരക്ഷണത്തിന് അവശ്യം പരിചയപ്പെട്ടിരിക്കേണ്ടുന്ന ചില കാര്യങ്ങൾ തുടർന്ന് ബോധിപ്പിക്കട്ടെ.

ബ്രിട്ടീഷ്ഭരണം അവസാനിച്ചപ്പോഴേക്കും ഭാരതത്തിലെ ബഹുഭൂരിപക്ഷം താളിയോലഗ്രന്ഥങ്ങളും വിദേശങ്ങളിലേക്ക് കടത്തപ്പെട്ടിരുന്നു. ഫ്രാൻസും ജർമ്മനിയും അമേരിക്കയും ബ്രിട്ടനുമടക്കമുള്ള രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിലും ലൈബ്രറികളിലും സൂക്ഷിച്ചിരിക്കുന്ന താളിയോല ഗ്രന്ഥങ്ങൾ ഒരു പക്ഷേ നിലവിൽ ഭാരതത്തിലുള്ളതിനേക്കാൾ കൂടുതലായിരിക്കാമെന്നാണ് ഈ വിഷയത്തിലെ ഗവേഷണരംഗങ്ങളിലുള്ളവർ അഭിപ്രായപ്പെടുന്നത്. ഒരു നവജാതശിശുവിനെ സൂക്ഷിച്ചു കൈകാര്യം ചെയ്യുന്നതു പോലെയാണ് അവർ താളിയോലഗ്രന്ഥങ്ങളോട് പെരുമാറുന്നത്. ഒരേ രചനയുടെ തന്നെ നൂറ് ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും ആ നൂറെണ്ണവും ഒരേ പ്രാധാന്യത്തിലാണ് പരിഗണിക്കപ്പെടുന്നത്. ആ നൂറ് ഗ്രന്ഥങ്ങളും ഏതെങ്കിലും തരത്തിലുള്ള പ്രത്യേകതകളോട് കൂടിയതാകാമെന്നതാണ് അതിനു കാരണം. അതായത് ഒരു ഗ്രന്ഥമെന്നല്ല, അതിലെ ഒരു ഓലയെന്നല്ല, ഒരോലയുടെ മുറിഞ്ഞുപോയ ഒരു ഭാഗം പോലും ഉപേക്ഷിക്കാൻ പാടില്ലാത്തവിധം പ്രാധാന്യമേറിയതാണ്.



മണപ്പിച്ചു ചുംബിച്ചു നക്കിക്കടിച്ചി-
ട്ടിണങ്ങാഞ്ഞു ദൂരത്തെറിഞ്ഞാൻ കപീന്ദ്രൻ

'മാനുസ്ക്രിപ്റ്റോളജി' എന്നാണ് ഹസ്ത ലിഖിതഗ്രന്ഥങ്ങളെക്കുറിച്ച് പഠിക്കുന്ന വിജ്ഞാനശാഖയുടെ പേര്. താളിയോല ഗ്രന്ഥങ്ങൾ മാത്രമല്ല പഴക്കമുള്ള ഏത് കൈയ്യെഴുത്തു പ്രതിയും മാനുസ്ക്രിപ്റ്റോളജിയിൽ പഠനവിഷയമാണ്.

കേരളത്തിൽ പൊതുവേ പനയോലകളിലാണ് എഴുത്ത് കൂടുതലായും ഉണ്ടായിരുന്നതെങ്കിലും ഭാരതത്തിന്റെ മറ്റ് ഭാഗങ്ങളിൽ ഭൂർജ്ജപത്രം, സാഞ്ചിപട്,

തോൽ, ചെമ്പ്, സ്വർണ്ണം, വെള്ളി തുടങ്ങിയ ലോഹങ്ങൾ, മൺപാളികൾ, മരപ്പലകകൾ, കൽപാളികൾ, വസ്ത്രം, ആനക്കൊമ്പിന്റെ പാളി എന്നിങ്ങനെ വിവിധയിനം വസ്തുക്കളിലും കൈയ്യുപയോഗിച്ചുണ്ടാക്കിയ പരുക്കൻ പേപ്പറുകളിലും എഴുത്തി പ്രചാരത്തിലുണ്ടായിരുന്നു. തെക്കൻ ഭാരതത്തിൽ പൊതുവെ താളിപ്പനയുടെ ഓലകളാണ് എഴുത്തിന് കൂടുതൽ ഉപയോഗിച്ചിരുന്നത്. Corypha Umbraculifera, Corypha Taliera, Borassus Flabellifera എന്നിങ്ങനെയുള്ള ശാസ്ത്രനാമങ്ങളിലറിയ പ്പെടുന്ന പനകളുടെ ഓലകൾ വ്യാപകമായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്.

**തയ്യാറാക്കുന്ന രീതി**

പൊതുവെ വാവും പക്കവുമൊക്കെ നോക്കിയാണ് പനയോലകൾ വെട്ടിയെടുക്കാറുള്ളത്. അവ നിഴലത്തുണക്കിയശേഷം മഞ്ഞളും മറ്റു ചില ഔഷധങ്ങളും ചേർത്തുണ്ടാക്കിയ കഷായവെള്ളത്തിലിട്ട് തിളപ്പിച്ച് വഴക്കമുള്ളതാക്കുന്നു. കീടങ്ങളെ അകറ്റി നിർത്തുവാനും ഇതുപകരിക്കുന്നു. ശേഷം വീണ്ടും നിഴലത്തുണക്കിയ ശേഷമാണ് വേണ്ടതായ അളവുകളിൽ അത് മുറിച്ചെടുത്ത് എഴുതുവാനായി സൂക്ഷിക്കുന്നത്. അളവുകൾക്കനുസരിച്ച് ഓരോ ഗ്രന്ഥത്തിനും ഗണ്ഡി, കച്ഛപി, സംപുടഫലകം, മുഷ്ടി, ചേട്പാടി മുതലായ വിവിധ പേരുകളുണ്ടായിരുന്നു. ഗ്രന്ഥങ്ങൾ പകർത്തി എഴുതിക്കൊടുക്കുകയെന്നത് പണ്ട് ഒരു തൊഴിലായിരുന്നു. അങ്ങനെ പകർത്തുന്നവർ ആവശ്യമുള്ള ഓലകൾ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിച്ചിരുന്നു. ഈ ഓലകളിൽ ലോഹം കൊണ്ടുള്ള കൂർത്ത മുനയോടു കൂടിയ നാരായമുപയോഗിച്ച് അക്ഷരങ്ങളെ കോറിയിട്ടാണ് എഴുതിയിരുന്നത്.

എഴുതുന്ന സമയത്ത് നാം ഇന്ന് പേനയ്ക്കെഴുതുന്നത് പോലെ അക്ഷരങ്ങൾ തെളിയുകയില്ല. ഒരു ഓല മുഴുവനായി എഴുതിയശേഷം ആവണക്കെണ്ണയുടെ കരിയുപയോഗിച്ച് പ്രത്യേകം തയ്യാറാക്കിയ മഷി ഒരു തുണിക്കഷണത്തിൽ പുരട്ടി അതുപയോഗിച്ച് ആ ഓലയുടെ മേൽ തുടയ്ക്കുമ്പോൾ മഷി അക്ഷരങ്ങൾ കോറിയ പോടുകൾക്കുള്ളിലേക്ക് ഇറങ്ങി ഉണങ്ങിപ്പിടിച്ചാണ് അവ വായിക്കാറാവുക.

**ലിപികൾ**

അനവധി ലിപികൾ ഭാരതത്തിൽ ഹസ്ത ലിഖിതഗ്രന്ഥങ്ങളിൽ ഉപോയോഗിച്ചതായി കാണപ്പെടുന്നുണ്ട്. അവയിൽ ഏറ്റവും പഴക്കം ചെന്നത് ബ്രാഹ്മി ലിപിയാണെന്നാണ് കരുതപ്പെടുന്നത് ബ്രാഹ്മിയിൽ എഴുതപ്പെട്ട ലഭ്യമായ ലിഖിതങ്ങളിൽ വെച്ച് ഏറ്റവും പഴക്കം ചെന്നത് ക്രി.മു. 3-ാം ശതകത്തിലെതാണ്. എന്നാൽ ഈജിപ്തിൽ നിന്നും കഴിഞ്ഞ ദശകത്തിൽ ലഭ്യമായ മൺപാത്രാവശിഷ്ടങ്ങളിലെ ബ്രാഹ്മി ലിപിയ്ക്ക് അതിനേക്കാൾ പഴക്കമുണ്ടെന്നും അഭിപ്രായങ്ങളുണ്ട്. തമിഴ് ലിപിക്കാണ് പഴക്കം കൂടുതൽ എന്ന വാദവും നിലവിലുണ്ട്. ഉത്തരഭാരതത്തിൽ പൊതുവെ ബ്രാഹ്മി, ഘരോഷ്ട്രി, നന്ദിനാഗരി, ദേവനാഗരി, ശാരദ (കാശ്മീരം), മൈഥിലി, മോഡി, നേവാരി, ഒഡിയ, ദു-ചാൻ (തിബറ്റ്), ബംഗാളി എന്നിങ്ങനെ പല ലിപികളിലും ലിഖിതങ്ങൾ ലഭ്യമായിട്ടുണ്ട്. ദക്ഷിണ ഭാരതത്തിലാവട്ടെ കന്നഡ, തെലുഗ്, തമിഴ്, മലയാളം, ഗ്രന്ഥ എന്നീ ലിപികളിലാണ് കൂടുതലും ഗ്രന്ഥങ്ങൾ കണ്ടുകിട്ടിയിട്ടുള്ളത്. കേരളത്തിൽ മലയാളം ലിപിയിലും ഗ്രന്ഥ ലിപിയിലുമുള്ള ലിഖിതങ്ങളാണുള്ളത്. ചുരുക്കം ചിലേടത്ത് തമിഴ് ലിപിയിലുള്ള ഗ്രന്ഥങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. സംസ്കൃത ഭാഷയിലുള്ള ഗ്രന്ഥങ്ങളെഴുതാൻ മിക്കവാറും ഗ്രന്ഥലിപിയാണ് ഉപയോഗിച്ചിട്ടുള്ളത്. മലയാളവും തമിഴും കലർന്ന രൂപത്തിലാണ് ഈ ലിപി. ഓലകളിലെ മലയാളലിപി തന്നെ നിലവിൽ നടപ്പുള്ള അച്ചടിലിപിയിൽ നിന്നും പല ഭേദങ്ങളോടും കൂടിയതാണ്.



അന്യൻ സമർപ്പിച്ച സമ്മാനമിങ്ങനെ
മാന്യതയുള്ളവർ മണ്ണിലെറിയുമോ

ഉദാഹരണത്തിന് പുതിയ ലിപിയിലുള്ള 'േ' എന്ന ദീർഘചിഹ്നം ഓലകളിൽ കാണുന്നില്ല. പകരം 'െ' എന്ന ഹ്രസ്വചിഹ്നമേ യുള്ളൂ. ഇതേ മലയാളത്തിനു തന്നെ തെക്കൻ കേരളത്തിലും വടക്കൻ കേരളത്തിലും നേരിയ വ്യത്യാസങ്ങൾ കാണപ്പെടുന്നുണ്ട്.

**ഓലയിലെ അക്കങ്ങൾ**

ജ്യോതിഷം, ഗണിതം മുതലായ ശാസ്ത്രങ്ങൾ പ്രതിപാദിക്കുന്ന താളിയോല ഗ്രന്ഥങ്ങളിൽ വ്യാപകമായി അക്കങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

എല്ലാഗ്രന്ഥങ്ങളിലും ഓലയുടെ ക്രമം രേഖപ്പെടുത്തുവാനായി ഇടതറ്റത്തോ വലതറ്റത്തോ ആയി അക്കങ്ങൾ ഇട്ടിട്ടുണ്ടാകും. എന്നാൽ റോമൻ അക്കങ്ങളല്ല ഉപയോഗിച്ചിട്ടുള്ളത്. മലയാളം അക്കങ്ങളായ 1,2,3,4,5, 6,7,8,9,10 എന്നിവയാണ് കേരളത്തിൽ പ്രചാരത്തിലുള്ളത്. 'നന്നന്യാദി' എന്ന വേറൊരു അക്ഷരസംഖ്യാരീതിയും ഉപയോ ഗിച്ചു കാണുന്നുണ്ട്. അക്കങ്ങളെ പ്രതിനി ധാനം ചെയ്യുന്ന അക്ഷരങ്ങളാണ് ഇതിന്റെ പ്രത്യേകത. ഇതനുസരിച്ച് അക്കങ്ങളെ തിരിച്ചറിയുന്നതിനുള്ള പട്ടിക താഴെ കൊടുക്കുന്നു.

| | |
|---|---|
| ന – 1 | ഥ – 20 |
| ന്ന – 2 | ല – 30 |
| ന്യ – 3 | പ്ത – 40 |
| ഷ്ക്ര – 4 | ബ – 50 |
| ത്ര്ധ –5 | ത്ര – 60 |
| ഹ –6 | ത്രു – 70 |
| ഗ്ര – 7 | ഛ – 80 |
| പ്ര – 8 | ണ – 90 |
| ദ്രെ – 9 | ഞ – 100 |
| മ – 10 | |

കടപയാദി എന്നൊരു രീതിയും അക്കങ്ങളെ അക്ഷരങ്ങൾ കൊണ്ട് പ്രതിനിധാനം ചെയ്യുന്നതിനായി നിലവിലുണ്ട്. അതിന്റെ ക്രമം താഴെ കാണിച്ചിരിക്കും വിധമാണ്.

കടപയാദി ക്രമത്തിൽ അക്ഷരങ്ങളെ കൊണ്ട് വാക്കുകളും വാക്യങ്ങളും ശ്ലോക ങ്ങളും നിർമ്മിച്ച് അതുവഴിയായി കാലം പറയുവാനും മറ്റും അക്കങ്ങളെ സൂചിപ്പിക്കു വാറുണ്ട്. ഇതും കൂടാതെ അക്ഷരപ്പള്ളി, അങ്കപ്പള്ളി എന്നീ രീതികളും ആര്യഭടീയ രീതിയും നടപ്പിലുണ്ടായിരുന്നു.

| | | | | |
|---|---|---|---|---|
| ക | ട | പ | യ | = 1 |
| ഖ | ഠ | ഫ | ര | = 2 |
| ഗ | ഡ | ബ | ല | = 3 |
| ഘ | ഢ | ഭ | വ | = 4 |
| ങ | ണ | മ | ശ | = 5 |
| ച | ത | ഷ | | = 6 |
| ഛ | ഥ | സ | | = 7 |
| ജ | ദ | ഹ | | = 8 |
| ഝ | ധ | ള | | = 9 |
| ഞ | ന | | | = 0 |

അക്കങ്ങളെ കുറിക്കുന്നതായ ചില വാക്കുകളും ഉപയോ ഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് 1 എന്ന അക്കത്തെ കുറിക്കാൻ ആദി, ശശാങ്ക, ധരണി എന്നീ വാക്കുകളും 2 എന്ന അക്കത്തെ കുറിക്കുവാൻ യമ, യുഗ്മ, ദ്വയ, നേത്ര എന്നീ വാക്കുകളും 3 എന്ന അക്കത്തെ കുറിക്കുവാൻ രാമ, ത്രിഗുണ, അഗ്നി എന്നീ വാക്കുകളും ഉപയോഗിച്ചു കാണുന്നു.

**ഓലഗ്രന്ഥങ്ങൾ ജീർണ്ണിക്കുന്നതിന് കാരണങ്ങൾ**

നമ്മുടെ ഉപേക്ഷയും അലംഭാവവുമാണ് ഏറ്റവും പ്രധാനമായും താളിയോല ഗ്രന്ഥങ്ങൾ ജീർണ്ണിച്ചു പോകുന്നതിന് പ്രധാനകാരണം. ഗ്രന്ഥങ്ങളെ ചരടിൽ നിന്നും വേർപെടുത്തി അലക്ഷ്യമായി കുത്തഴിച്ച് വാരിക്കെട്ടി വെച്ചിരിക്കുന്ന രീതിയിലാണ് പലയിടത്തും കാണുവാൻ സാധിച്ചിട്ടുള്ളത്.

ഈ സാഹചര്യം പാറ്റ, പുഴുക്കൾ, ഇരട്ടവാലൻ തുടങ്ങിയ കീടങ്ങൾ മുതലെടുക്കുകയും അവ ഓലകൾക്കിടയിൽ മുട്ടയിടുകയും അവയുടെ ശരീരത്തിൽ നിന്നും വരുന്ന സ്രവങ്ങൾ ഓലകളെ തമ്മിൽ ഒട്ടിക്കുകയും ചെയ്യുന്നു. ചിലവ ഓലകളെ തന്നെ ഭക്ഷണമാക്കുന്നു. ഇതേ പോലെതന്നെ ഇവയെ നശിപ്പിക്കുന്ന മറ്റൊരു ഘടകമാണ് ഈർപ്പവും പൂപ്പലും ചൂടും. പല ഗൃഹങ്ങളിലും മച്ചിൻ പുറത്താണ് താളിയോലകൾ തള്ളിയിട്ടുണ്ടാവുക. കുറെയൊക്കെ എലി കടിച്ചു പോയിട്ടുണ്ടാകും. മറ്റുള്ളവയിൽ പൂപ്പൽ ബാധിച്ചു പോകും. ചൂടു കൂടിയാകുമ്പോൾ അവ പൊടിയാൻ തുടങ്ങും. ക്രമേണ നശിക്കുകയും ചെയ്യും. ഇത്തരം ദുരവസ്ഥകൾ നമ്മുടെ കാരണവന്മാരുടെ അഹോരാത്രപരിശ്രമങ്ങൾക്ക് സംഭവിക്കുന്നത് തികച്ചും നിന്ദ്യം തന്നെയല്ലേ.

**എങ്ങനെ സംരക്ഷിക്കാം?**

ഇന്ന് തന്നെ മച്ചുംപുറത്തു നിന്നും ചാക്കുകെട്ടുകൾക്കിടയിൽ നിന്നും താളിയോലകളെ സൂക്ഷിച്ച് പുറത്തെടുക്കുക. ശ്രദ്ധാപൂർവ്വം ഓരോ ഗ്രന്ഥങ്ങളെയും വേർതിരിക്കുക. നേർത്തതും മൃദുലവുമായ പെയിന്റിംഗ് ബ്രഷ് ഉപയോഗിച്ച് അവയിലെ കീടങ്ങളെ മാറ്റുക. ഓലകൾ പരസ്പരം ഒട്ടിപ്പിടിച്ചിട്ടുണ്ടെങ്കിൽ യാതൊരു കാരണവശാലും അവയെ വിടർത്താൻ ശ്രമിക്കാതിരിക്കുക. അത്തരം ഓലകൾ ചില രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് മാത്രമേ വിടർത്താനാകൂ എന്നതിനാൽ ഈ മേഖലയിൽ പ്രവർത്തിപരിചയമുള്ളവർക്ക് കൈമാറുക. വൃത്തിയാക്കുമ്പോൾ അടർന്നുപോകാൻ സാധ്യതയുള്ള ഭാഗങ്ങൾ വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യുക. അടർന്ന് പോകുമെന്നുറപ്പാണെങ്കിൽ അവയെ അനക്കാതെ മുൻ സൂചിപ്പിച്ചതു പോലെ പ്രവർത്തിപരിചയമുള്ളവർക്ക് കൈമാറുക. മറ്റ് ഓലകൾ ഓരോന്നും മൃദുലമായ പരുത്തി തുണി പുൽതൈലവും സിട്രോണെല്ലയും ചേർത്ത മിശ്രിതത്തിൽ മുക്കി മൃദുവായി തുടച്ച് വൃത്തിയാക്കുക. തുടയ്ക്കുമ്പോൾ ഒരുവശത്തേക്ക് മാത്രം തുടയ്ക്കുക.

തിരിച്ച് തുടച്ചാൽ ഓല മടങ്ങി ഒടിഞ്ഞു പോകാനുള്ള സാധ്യത വളരെ കൂടുതലാണ്.

വൃത്തിയാക്കിയ ഓലകളിലെ അക്കങ്ങൾ തിരിച്ചറിയാനാവുന്നുണ്ടെങ്കിൽ ക്രമത്തിൽ അടുക്കി ഇരുവശത്തും അതാത് ഓലയുടെ പലകകൾ ചേർത്ത് വെച്ച് കനമുള്ള കോട്ടൺ നൂലുപയോഗിച്ച് അവയിലെ തുളകൾ വഴിയായി കോർത്ത് പലക ചേർത്ത് വരിഞ്ഞുമുറുക്കി കെട്ടിവെക്കുക. കീടങ്ങൾക്ക് പ്രവേശിക്കുവാനുള്ള വിടവില്ലാതിരിക്കുവാനാണ് വരിഞ്ഞുമുറുക്കി കെട്ടുന്നത്. അവസാനമായി അവയെ ഓരോന്നിനെയും പ്രത്യേകം ചുവന്ന തുണിയിൽ കെട്ടി വായുസഞ്ചാരമുള്ളതും നേരിയ സൂര്യപ്രകാശം പതിക്കാത്തതും എന്നാൽ ഇരുട്ടില്ലാത്തതും ഈർപ്പമില്ലാത്തതുമായ വൃത്തിയുള്ളയിടത്ത് ചിതൽ പിടിക്കാത്ത പൊക്കത്തിലും ഭിത്തിയിൽ നിന്നും അല്പം അകറ്റിയും സൂക്ഷിക്കുക. ചുവപ്പ് നിറത്തോട് പൊതുവേ കീടങ്ങൾക്ക് ഒരു അകൽച്ചയുണ്ടെന്നതിനാലാണ് ചുവന്ന തുണി നിഷ്കർഷിക്കുന്നത്.




ഗ്രന്ഥലിപി




ബ്രാഹ്മിലിപി



നൂറാദിത്യനുദിച്ചാലും നൂറു ചന്ദ്രനുദിക്കിലും
സൂരി വാക്യങ്ങളില്ലാതുൾക്കൂരിരുട്ടു നശിച്ചിടാ

മേൽ പറഞ്ഞ തരത്തിലൊന്നും മിനക്കെടാൻ നിങ്ങളുടെ മനസ്സും സമയവും അനുവദിക്കുന്നില്ലെങ്കിൽ ദയവ് ചെയ്ത് ഗ്രന്ഥങ്ങളെ നശിച്ചുപോകാൻ വിടാതെ ഈ ലേഖകനെ അറിയിക്കുക. ഞങ്ങളുടെ സ്ഥാപനമുൾപ്പെടെ ചുരുക്കം ചില വിദ്യാഭ്യാസസ്ഥാപനങ്ങളിൽ താളിയോലഗ്രന്ഥങ്ങളുടെ സംരക്ഷണത്തിനും പഠനഗവേഷണങ്ങ ൾക്കും സൗകര്യമുണ്ട്. താളിയോലകളെ മേൽപ്പറഞ്ഞ രീതിയിൽ സംരക്ഷിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. അതിനു ശേഷം മൈക്രോഫിലിമിങ്ങ്, ഡിജിറ്റൈസേഷൻ എന്നിവയിലൂടെ പകർപ്പെടുത്ത് സൂക്ഷിക്കുന്നു.

പിന്നീട് കാറ്റലോഗ് ചെയ്യുകയും അക്കാദമികലോകത്തിന് പരിചയപ്പെടുത്തുകയും ചെയ്യുന്നു. അതിനും ശേഷമാണ് അവയുടെ ക്രിട്ടിക്കൽ എഡിഷനിലേക്കും തുടർന്നുള്ള ഗവേഷണങ്ങളിലേക്കും കടക്കുന്നത്.

നിങ്ങളുടെയോരോരുത്തരുടെയും ഗൃഹങ്ങളിലിരിക്കുന്ന താളിയോലകളെ കാത്ത് ജിജ്ഞാസുക്കളായ വലിയൊരു വിഭാഗം പഠിതാക്കളുണ്ട്.

അവയിലുള്ള തെന്താണെന്ന് വായിച്ചു മനസ്സിലാക്കുന്നതിനും മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുന്നില്ലെങ്കിൽ പൂർവ്വികരുടെ പരിശ്രമങ്ങൾക്ക് എന്ത് സാഫല്യമാണ് ഉണ്ടാവുക? വിദ്യാരംഭത്തിന് പൂജിക്കാനുള്ള ഒരു വസ്തു എന്നതിലുപരി താളിയോല ഗ്രന്ഥങ്ങളെയും പേപ്പറിലുള്ള പുരാതന ലിഖിതങ്ങളെയും നാം പരിഗണിക്കേണ്ടതുണ്ട്.

നമ്മുടെ അഭിമാനത്തെ വാനോളമുയർത്താനിടയാക്കുമായിരുന്ന, നമ്മുടെ ചോദ്യങ്ങൾക്ക് പലതിനും ഉത്തരം നൽകാൻ കഴിയുമായിരുന്ന, പൂർവ്വികരോടുള്ള പ്രതിബദ്ധതയെ പ്രകടിപ്പിക്കുവാൻ നമുക്കവസരം നൽകുമായിരുന്ന ഒരു ഹസ്ത ലിഖിത ഗ്രന്ഥവും മേലിൽ കുപ്പത്തൊട്ടിയിലേക്കും തീനാമ്പകളിലേക്കും വീണു പോവാതിരിക്കട്ടെ. ■


# നൈവേദ്യം

"വിളമ്പിലെ ബ്രഹ്മ നൈപുണ്യം"



അന്തർജ്ജനങ്ങളുടെ വിളമ്പ് സംഘം

Contact:
**ദീപ്തി കണ്ണൻ** : 79074 33834
**പ്രസീദ പരമേശ്വരൻ** : 97459 55833

അന്നദാനം മഹാദാനമാണെങ്കിൽ പാകതയോടെയും ചിട്ടയോടെയും പ്രസാദാത്മകമായും അന്നം വിളമ്പുന്നത് മഹാകർമ്മമാണ്. നമുക്ക് അന്നം ബ്രഹ്മമാണ്. തികച്ചും ശാസ്ത്രീയമായ ഒരു ക്രമമുണ്ട് അന്നം വിളമ്പാൻ പോലും. നാവിന്റെ രൂപമുള്ള തൂശനിലയിൽ ഓരോന്നും എവിടെ വിളമ്പണം എന്നുപോലും കൃത്യമായി നിർവ്വചിച്ചിട്ടുണ്ട് നമ്മുടെ പൂർവ്വികർ. ഓരോ സ്വാദും തിരിച്ചറിയുന്ന നാവിലെ രസമുകുളങ്ങൾ നാവിന്റെ ഓരോ ഭാഗത്താണുള്ളത്. തൂശനിലയിൽ ആ രുചിയുള്ള കൂട്ടാൻ ഇലയിൽ ആ ഭാഗത്താണ് നമ്മൾ വിളമ്പുന്നത്. ലോകത്ത് മറ്റെങ്ങും ആഹാരം വിളമ്പുന്ന രീതിയെ ആരും ഇത്രയും അപഗ്രഥിച്ച് പഠിച്ചുണ്ടെന്ന് തോന്നുന്നില്ല.

പാരമ്പര്യരീതിയിൽ ചിട്ടയും അടുക്കും പകਮതയുമുള്ള വിളമ്പിന് നൈവേദ്യം.

**''അന്തർജ്ജനങ്ങളുടെ വിളമ്പുകലയിലെ നൈപുണ്യചാരുത''!!**




മനസ്സുണ്ടെന്നു വന്നീടിൽ മാർഗവും മുന്നിൽ വന്നിടും
എനിക്കശക്യമെന്നുള്ളതൊരിക്കലുമുരയ്ക്കൊലാ

# അച്ചുവിന്റെ പൂജക്കഥകൾ

ഹരികുമാർ,
പാണാട്ടില്ലം, കുറിച്ചിത്താനം
8281108575

കഥയല്ല; രസകരമായ സംഭവമാണ്. അച്ചുവാണ് സംഭവ നായകൻ. അടുത്തുള്ള പട്ടണത്തിലെ എഞ്ചിനീയറിംഗ് കോളേജിൽ രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയാണ് പയ്യൻ. അച്ഛൻ ശാന്തിക്കാരൻ ആയതുകൊണ്ട് ചെറുപ്പത്തിൽ തന്നെ പൂജകളൊക്കെ പഠിച്ചു അച്ചു. അച്ഛനെ സഹായിക്കുന്നതിനോടൊപ്പം അടുത്തുള്ള അമ്പലങ്ങളിൽ മുട്ടുശാന്തിക്കും വേണ്ടി വന്നാൽ പോകും. അങ്ങനെ വട്ടച്ചിലവിനുള്ള കാശൊക്കെ മിടുക്കൻ സമ്പാദിക്കുന്നുമുണ്ട്. തലമുടിയും അല്പസ്വല്പം താടിയും ഒക്കെ വളർത്തി ആധുനികൻ ആകാൻ ശ്രമിയ്ക്കുന്നുണ്ടെങ്കിലും കാഴ്ചയിൽ ഐശ്വര്യമുള്ള ഒരു ഉണ്ണി നമ്പൂതിരി തന്നെ നാണക്കാരനായ അച്ചു.

അടുത്തുള്ള ഒരു ചെറിയ ക്ഷേത്രത്തിൽ അന്ന് മുട്ടുശാന്തിക്കെത്തിയതായിരുന്നു സംഭവനായകൻ. എന്തെങ്കിലും കാര്യസാദ്ധ്യത്തിനല്ലാതെ ഭക്തജനങ്ങളൊന്നും അധികം എത്താത്ത, ഒരു ശ്രീകോവിലും മൂന്ന് ഉപദേവന്മാരും മാത്രമുള്ള അമ്പലം. അന്ന് രാവിലത്തെ പൂജ കഴിഞ്ഞ് നട തുറക്കുമ്പോളാണ് മുട്ടുശാന്തിക്കാരനായ ഉണ്ണിത്തിരുമേനി ഞെട്ടിപ്പോയത്.

ക്ഷേത്രം നിറഞ്ഞു നില്ക്കുന്നു കോളേജ് കുമാരികളായ പെൺകുട്ടികൾ !

ഞങ്ങളുടെ തൊട്ടടുത്തുള്ള പട്ടണത്തിൽ പ്രശസ്തമായ ഒരു എൻട്രൻസ് കോച്ചിങ് സെന്റർ ഉണ്ട്. ആ സ്ഥാപനം ബാല്യത്തിൽ നിന്ന് കൗമാരത്തിലേക്ക് പ്രവേശിക്കുന്നതനുസരിച്ച് പട്ടണത്തിനു ചുറ്റുമുള്ള ഗ്രാമങ്ങളിലേക്ക് ലേഡീസ് ഹോസ്റ്റലുകൾ വ്യാപിച്ചുകൊണ്ടിരിയ്ക്കുന്നുണ്ട്. ഈ ക്ഷേത്രത്തിനു ചുറ്റുമുള്ള ഹോസ്റ്റലുകളിലെ പെൺകുട്ടികളാണ് പാൽപായസനേദ്യത്തിന്റെ പാത്രം മറിഞ്ഞതുപോലെ ഇപ്പോൾ ഇവിടെ തളം കെട്ടി നിൽക്കുന്നത്.

ഇത് ഒട്ടും പ്രതീക്ഷിച്ചില്ല അച്ചു .

നട അടയ്ക്കുമ്പോൾ ക്ഷേത്രം ശൂന്യമായിരുന്നു. തിരുമേനി പുറത്തേക്ക് തീർത്ഥം തളിയ്ക്കുമ്പോൾ ചുണ്ടിൽ നാമജപവുമായി അർദ്ധ നിമീലിത നേത്രങ്ങളോടെ അഞ്ജലീബദ്ധരായി നിൽക്കുകയാണ് പരീക്ഷാ വിജയാർത്ഥികളായ കൗമാരാവലി!!

പ്രശ്നം നമ്മൾ ഉദ്ദേശിക്കുന്നതിലും വലുതാണ്.

ഏറെ സുതാര്യമായ ഒരു തോർത്തുമുണ്ടും സ്ഥാനം തെറ്റിക്കിടക്കുന്ന ഒരു കോണകവും ആണ് അച്ചുവിന്റെ വേഷം! തോർത്തുമുണ്ടിൽ മർമ്മ ഭാഗങ്ങളിൽ അത്ര ചെറുതല്ലാത്ത തുളകളും ഉണ്ട്. മുണ്ടിൽ ആവശ്യത്തിലേറെ കരിയും ചന്ദനവും കുങ്കുമവും മഞ്ഞളും ഒക്കെ പറ്റിയിട്ടുണ്ട് താനും. ഒരു തരത്തിൽ ഈ കളങ്കങ്ങൾ ഉള്ളത് നല്ലതാണ്. അത്രയും ഭാഗത്തെ സുതാര്യതയ്ക്ക് അല്പം കുറവുണ്ടാകുമല്ലോ.

സ്വതവേ നാണക്കാരനായ അച്ചുവിന്റെ സപ്ത നാഡികളും തളർന്നു. എങ്ങനെ ശ്രീകോവിലിൽ നിന്ന് പുറത്തിറങ്ങും

ഇറങ്ങാതെ മാർഗ്ഗമില്ലല്ലോ.

ഒരു വിധത്തിൽ സുപ്രധാന ഭാഗങ്ങളിൽ കൈ കൊണ്ട് മറച്ചും കാലുകൾ അടുപ്പിച്ച് ചെറിയ ചുവടുകൾ വച്ചും അല്പം തിരക്ക് അഭിനയിച്ചും ശ്രീകോവിലിൽ നിന്നിറങ്ങി ഉണ്ണിത്തിരുമേനി തിടപ്പള്ളിയിൽ എത്തിപ്പറ്റി. അകന്ന അഴികളിട്ട തിടപ്പള്ളിയ്ക്ക് തക്കതായ ഒരു സഹായവും ചെയ്യാൻ കഴിയില്ലെന്നറിയാം. അഴികൾക്കിടയിലൂടെ കുസൃതിക്കാരായ ചില പെൺകുട്ടികളുടെയെങ്കിലും മഷിയെഴുതിയ മീൻ കണ്ണുകൾ നീണ്ടു വരുന്നത് അച്ചു അനുഭവിച്ചു.

സ്ഥാനം തെറ്റിക്കിടക്കുന്ന കോണകം ഒന്നു നേരെയാക്കാൻ പോലും ഒരു മറയില്ല!

പരിഭ്രമത്തിനിടയിൽ ഒരു ഉപായം തോന്നി. ഉപദേവന്മാർക്കുള്ള പൂജയ്ക്കെന്നുള്ള നാട്യത്തിൽ രണ്ടു കിണ്ടിയിൽ കുറച്ച് വെള്ളമെടുത്ത് അതിൽ കുറച്ചു പൂവും കൂടി ഇട്ട് തിടപ്പള്ളിയുടെ പുറത്തേയ്ക്കുള്ള വാതിലിലൂടെ പുറത്തിറങ്ങി വേഗം നടന്നു, അവിടെ നേദ്യമൊക്കെ കഴിഞ്ഞതാണ്. എങ്കിലും വിശേഷാൽ പുഷ്പാഞ്ജലിയാകാമല്ലോ. ആദ്യ ഉപദേവന് നാല് പുഷ്പാഞ്ജലി കഴിച്ചതേയുള്ളൂ, തിരിഞ്ഞു നോക്കിയ അച്ചു ഞെട്ടി!



കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം

'മുൻപേ ഗമിക്കുന്ന ഗോവു തന്റെ പിൻപേ ഗമിയ്ക്കും ബഹുഗോക്കളെല്ലാം ' എന്ന ന്യായത്തിൽ ഭക്തകുമാരികളെല്ലാം ഇതാ പുറകുൽ മിഴികൾ തുറന്നു തൊഴുതു നിൽക്കുന്നു.

ഒറ്റ നോട്ടത്തിൽ തന്നെ, അവരുടെ ചുണ്ടുകളിൽ വിടരുന്ന കുസൃതിച്ചിരി തിരുമേനിയ്ക്ക് വായിച്ചെടുക്കാമായിരുന്നു. വിറയ്ക്കുന്ന വിരലുകളിലൂടെയാണ് പുഷ്പങ്ങൾ ദേവപാദത്തിലേയ്ക്ക് ഊർന്നു വീണത്. ഇവിടെയും രക്ഷയില്ല. ഒരു വിധത്തിൽ മൂന്നു ഉപദേവന്മാരുടെ മുന്നിലും എന്തൊക്കെയോ കാണിച്ചു . ഭക്തജനാവലി പിറകെയുണ്ട്. വേഗം തിരിച്ചുവന്ന കിണ്ടിയിലെ വെള്ളം ചെത്തിച്ചുവട്ടിലൊഴിച്ചു കിണ്ടികൾ മണ്ഡപത്തിൽ വച്ച് അച്ചു ശ്രീകോവിലിൽ കയറി.

വാതിലടയ്ക്കുന്നതു ശരിയല്ലല്ലോ ഈശ്വരാ!!

പുറത്ത് ഭക്തകളുടെ എണ്ണം കൂടുന്നതല്ലാതെ കുറയുന്നില്ല. വഴിപാട് കൗണ്ടറിൽ കമ്മറ്റിക്കാരൻ ഇന്ന് ഒരു രസീതുബുക്ക് തീർത്ത് രണ്ടാമത്തെ ബുക്കെടുത്ത് എഴുതിക്കൊണ്ടിരിക്കുന്നു. അർച്ചന, പുഷ്പാഞ്ജലി, ഭാഗ്യസൂക്തം, വിദ്യാഗോപാലാർച്ചന ഇങ്ങിനെ പോകുന്നു കുമ്പാരമാകുന്ന വഴിപാടുകൾ. പണമുള്ള വീട്ടിലെ കുട്ടികളാണ്. ഇന്നാണെങ്കിൽ അവർക്ക് എന്തോ പ്രധാനപ്പെട്ട ഒരു പരീക്ഷ ഉണ്ടത്രേ ! അവരുടെ സ്ഥാപനത്തിന്റെ ബസ് ഉടനേയെത്തും. തിരുമേനിയാണെങ്കിൽ ശ്രീകോവിലിൽ കയറി പൂച്ചയോടിച്ച എലിയെപ്പോലെ ഇരിപ്പാണ്

പ്രസാദം പെട്ടെന്ന് കിട്ടിയാൽ നന്നായിരുന്നു എന്ന് കുമാരിമാരിൽ ചിലർ കമ്മറ്റി ഓഫീസിൽ സൂചിപ്പിച്ചു. പെട്ടിയിൽ നാല് കാശു വീഴുന്ന സമയമാണ്. തിരുമേനിയും അതനുസരിച്ച് ഒന്ന് ഉത്സാഹിച്ചു നിൽക്കണ്ടേ !

നറുക്കിലയുടെ ഒരു വലിയ കെട്ട് സോപാനത്തിന്റെ അവസാനത്തെ പടിയിൽ നിരന്നു കിടക്കുന്ന വഴിപാട് രസീതുകളുടെ മുകളിൽ കൊണ്ടുവന്നു വച്ച് കഴകവും വഴിപാട് രസീതെഴുത്തുകാരനായ കമ്മറ്റിക്കാരൻ അല്പം സ്വരം താഴ്ത്തി അകത്ത് വിയർത്തിരിക്കുന്ന അച്ചു തിരുമേനിയോട് പറഞ്ഞു.

''തിരുമേനീ ഇവർക്ക് പരീക്ഷയ്ക്ക് പോകാനുള്ളതാണ്. അർച്ചനപ്രസാദം ഒന്ന് നേരത്തെ കൊടുത്താൽ നന്നായിരുന്നു.''

ഇനി വേറെ മാർഗമില്ല. പ്രതികൂല പരിതഃസ്ഥിതികളെ നേർക്കുനേർ നേരിടുക തന്നെ. അച്ചു ശ്രീകോവിലിന്റെ ഒരു വാതിൽ അല്പം ചാരി ഭഗവാന് ചാർത്താൻ അടുക്കിവച്ചിരിക്കുന്ന ഉടയാടകളിൽ രണ്ടെണ്ണം എടുത്തു.......

പച്ചനിറമുള്ള കസവുടയാട മുൻപിലും ചുവപ്പുനിറമുള്ളത് പുറകിലും തോർത്തു മുണ്ടിനു മുകളിൽ ചാർത്തി ഒരു തട്ടവും പിടിച്ചു സോപാനപ്പടികൾ ഇറങ്ങി ഓട്ടൻ തുള്ളലുകാരനെപ്പോലെ വരുന്ന തിരുമേനിയെ കമ്മറ്റിക്കാർ അന്തം വിട്ട് നോക്കി നി ന്നു. ഇതിലും ഭേദം നഗ്നനായി ഇറങ്ങി വരികയായിരുന്നു എന്ന് തോന്നും അവരുടെ മുഖഭാവം കണ്ടാൽ ......

പെൺകുട്ടികൾക്ക് പലർക്കും ചിരി പൊട്ടിയെങ്കിലും ഭഗവാന്റെ തിരുമിൻപിൽ അവർ പരമാവധി നിയന്ത്രണം പാലിച്ചു.

ഉള്ള ധൈര്യം എല്ലാം സംഭരിച്ച്, നിസ്സംഗനാകാൻ പരമാവധി ശ്രമിച്ച് , ശ്രീകോവിലിൽ നിന്നും തട്ടത്തിലാക്കി കൊണ്ടുവന്ന ചന്ദനവും പൂവും ഓരോരോ ഇലകളിലാക്കി ഓരോ രസീതും എടുത്തുവച്ച് അച്ചു നീട്ടി വിളിച്ചു തുടങ്ങി .....ഇടറുന്ന കണ്ഠത്തോടെ .....വിഷ്ണുപ്രിയ ഉത്രം, .........മാളവിക ചതയം ......

പ്രസാദം കൊടുക്കുമ്പോൾ ഇന്ന് മുന്നിൽ വച്ച തട്ടത്തിൽ വീഴുന്ന ദക്ഷിണയിലായിരുന്നില്ല തിരുമേനിയുടെ ശ്രദ്ധ. നെറ്റിയിൽ പൊടിയുന്ന വിയർപ്പ് പ്രസാദത്തിൽ വീഴാതിരിക്കാനായിരുന്നു ശ്രദ്ധയും ശ്രമവും!

അച്ചുവിന്റെ ഇനിയുമുള്ള രസകരമായ പൂജക്കഥകൾ വേറൊരവസരത്തിൽ തുടരാം.....

വേഷമെന്നുമീശ്വരന്റെ
കൃത്യമായ പദ്ധതി
ആടുവാനറിഞ്ഞവർക്കതെത്ര
നല്ല നാടകം
ആടലിൽ തകർന്നിടാതെ
മുന്നിലെത്തുവാനൊരു
ഭാഷ തന്നനുഗ്രഹിക്കുകെന്റെ
നാവിലച്യുതാ

...സെൻ


കല്ല്യാണിമാരെക്കണ്ടാലില്ലാതെയാകും ധൈര്യം!

# ജില്ലാ ഭാരവാഹികൾ

## തൃശ്ശൂർ



പ്രസിഡന്റ്
**ദീപേഷ് കെ.എൻ.**
കുറുകപ്പിള്ളി ഇല്ലം
94473 13837, 99614 04777



സെക്രട്ടറി
**ഷീജ നാരായണൻ**
പുളിന്ത്ര ഇല്ലം,
97455 61043



ട്രഷറർ
**ശ്രീമതി കെ.വി.ദേവകി**
ചെമ്പൂക്കാട്ട് ഇല്ലം
97468 57105


## ആലപ്പുഴ



പ്രസിഡന്റ്
**പി. ശ്രീവത്സൻ**
പുല്ലയിൽ ഇല്ലം
81570 07408



സെക്രട്ടറി
**പി.കെ. രാധാമണി**
പെരുമന ഇല്ലം
94467 10985



ട്രഷറർ
**ദാമോദര ശർമ്മ**
മുല്ലശ്ശേരിൽ ഇല്ലം
98475 07653

## തിരുവനന്തപുരം



പ്രസിഡന്റ്
**പി. നാരായണൻ നമ്പൂതിരി**
94474 95105



സെക്രട്ടറി
**പി.ഡി. രാധാകൃഷ്ണൻ**
പിരളിയിൽ ഇല്ലം
70251 25050



ട്രഷറർ
**സി.വി. ശശികുമാർ**
ചൊട്ടിയിൽ മഠം
94475 14300

## എറണാകുളം



പ്രസിഡന്റ്
**കെ.എൻ. പരമേശ്വരൻ ഇളയത്**
കാരിക്കോട്ട് ഇല്ലം
94963 43125



സെക്രട്ടറി
**മുരളീധര ശർമ്മ**
പുത്തൻപുര ഇല്ലം
94477 79625




ട്രഷറർ
**ഹരി ഓ.കെ.**
ഒളായിൽ ഇല്ലം
94460 57417

## കോട്ടയം



പ്രസിഡന്റ്
**റ്റി.എൻ. കേശവൻ ഇളയത്**
തൈക്കാട്ട് ഇല്ലം
81291 58453



സെക്രട്ടറി
**റ്റി.എസ്. ശ്രീകുമാർ**
തുരുത്തി ഇല്ലം
94471 27735




ട്രഷറർ
**ലാൽ കൃഷ്ണൻ**
തോട്ടത്തിൽ ഇല്ലം
77363 78000

---

ബ്രഹ്മാവ് വസിഷ്ഠനോട്,
"പ്രാപ്യതേ കർമ്മണാ സർവ്വം
ന ദൈവാ ദകൃതാത്മനാ"
(മ: 13 – 6 – 12)
**കർമ്മം കൊണ്ടേ എന്തും നേടാനൊക്കു. പ്രവർത്തിക്കാതിരുന്നാൽ വിധി ഒന്നും സാധിച്ചു തരില്ല.**



പുലരൊളി മാമല ശ്രേണികൾ തൻ
പുറകിലായ് വന്നു നിന്നെത്തിനോക്കി



## 40-ാം വിവാഹ വാർഷികം

പാലാ തലനാട് കൈപ്പള്ളി ഇല്ലത്ത്
**രാധാകൃഷ്ണൻ നമ്പൂതിരിയുടെയും**
**ശ്രീദേവി അന്തർജനത്തിന്റെയും**
നാല്പതാം വിവാഹ വാർഷികം 2023
നവംബർ 8 ന് ആഘോഷിച്ചു.



## 30-ാം വിവാഹ വാർഷികം

മണിമല ശാഖയിൽ തമ്പലക്കാട്
കല്ലാരവേലിൽ ഇല്ലത്ത് രാധാകൃഷ്ണൻ
നമ്പൂതിരിയുടെയും ബിന്ദുവിന്റേയും
മുപ്പതാം വിവാഹ വാർഷികം 2023
ഒക്ടോബർ 30 നു ആഘോഷിച്ചു.



## 25 –ാം വിവാഹ വാർഷികം

2023 സെപ്റ്റംബർ 16ന് 25 –ാം
വിവാഹ വാർഷികം ആഘോഷിച്ച
ആണ്ടൂർ കൊട്ടാരത്തിൽ ഇല്ലത്ത്
**വാസുദേവ ശർമയും സഹധർമ്മിണി**
**ശ്രീജ വി. ശർമയും**

ആശംസകളോടെ മക്കളും
കുടുംബവും കൂട്ടുകാരും
മക്കൾ വിവേക് ശർമ്മ, വിശാഖ് ശർമ്മ





## വേളി

### പ്രദീപ് & ദേവിക

പെരുമ്പാവൂർ രായമംഗലം തൈക്കാട്ട് ഇല്ലത്ത് ടി.കെ. നാരായണൻ ഇളയതിന്റെയും ഇന്ദിര ദേവിയുടെയും പുത്രൻ **പ്രദീപും** എടപ്പാൾ ചേടപ്പുറം ഇല്ലത്ത് ജയനാരായണൻ സി.പി.യുടെയും മായയുടെയും പുത്രി **ദേവികയും** തമ്മിലുള്ള വേളി 2023 സെപ്റ്റംബർ 10ന് ഇരിങ്ങോൾ ഇന്ദ്രധനുസ് ഓഡിറ്റോറിയത്തിൽവച്ച് സമംഗളം നടന്നു.



### ഒന്നാം വിവാഹവാർഷികം

### ശ്യാം & പാർവ്വതി

സെപ്തംബർ 11ന് ഒന്നാം വിവാഹ വാർഷികം ആഘോഷിച്ച തൈക്കാട്ടുശ്ശേരി ശാഖ മംഗലശ്ശേരി ഇല്ലത്ത് (മുകുന്ദ നിലയം), ശ്യാം & പാർവ്വതി





## അന്നപ്രാശം

### അംബരീഷ് & അദ്വൈത്

ആലുവ കറുത്തമശ്ശേരി ഇല്ലത്ത് മാധവൻ ഇളയതിന്റെയും ഗിരിജ മാധവന്റെയും പൗത്രന്മാരായ **അംബരീഷിന്റെയും അദ്വൈതിന്റെയും** (മിഥുന്റെയും നിത്യയുടെയും പുത്രന്മാർ) അന്നപ്രാശം 2023 സെപ്റ്റംബർ 2ന് ഇല്ലത്തു വച്ചു നടന്നു.



## അന്നപ്രാശം

**നക്ഷത്ര**

കായങ്കുളം ഗോവിന്ദമുട്ടം കൊട്ടുപ്പള്ളിൽ ഇല്ലത്ത് വിവേകിന്റെയും അഞ്ജലിയുടെയും മകൾ **നക്ഷത്രയുടെ** അന്നപ്രാശം 2023 ഒക്ടോബർ 15 ന് സ്വവസതിയിൽ വെച്ച് നടന്നു.



## 14-ാം പിറന്നാൾ

**ദേവനന്ദ**

കോട്ടയം ടൗൺ ശാഖ വാളാർപ്പള്ളി ഇല്ലത്ത് മോഹനന്റെയും ഗീതയുടെയും പുത്രി **ദേവനന്ദയുടെ** പതിനാലാം പിറന്നാൾ 2023 സെപ്റ്റംബർ 26 ന് ആഘോഷിച്ചു



ഉമാദേവി അന്തർജ്ജനം

തിരുവല്ല, പുളിക്കീഴ് മുട്ടത്തില്ലത്ത് പരേതനായ ദാമോദരൻ ഇളയതിന്റെ സഹധർമ്മിണി ഉമാദേവി അന്തർജ്ജനം (89) 2023 സെപ്റ്റംബർ 25 ന് വിഷ്ണുപാദം പൂകി.

മക്കൾ : നാരായണൻ ഇളയത്, ലളിതാ ദാമോദരൻ, രാധാ ബാലകൃഷ്ണൻ, ഗീത ജയകുമാർ, മുരളീധരൻ ഇളയത്. രതീദേവി.

മരുമക്കൾ: പരേതയായ ശ്രീദേവി നാരായണൻ ദാമോദരൻ നമ്പൂതിരി, പരേതനായ എൻ ബാലകൃഷ്ണൻ, ജയകുമാർ, ഈശ്വരി ദേവി, ജി കെ പോറ്റി.

സഹോദരങ്ങൾ: നാരായണൻ നമ്പൂതിരി, നങ്ങയ്യ അന്തർജ്ജനം മുല്ലപ്പള്ളി ഇല്ലം പുതുവേലി , രമാദേവി നെടുവേലിൽ ഇല്ലം, അതിരമ്പുഴ, ഉണ്ണികൃഷ്ണൻ നമ്പൂതിരി.

പരേത മാഞ്ഞൂർ കളമംഗലത്തില്ലം കുടുംബാംഗമാണ്.

## 8-ാം ശ്രാദ്ധദിനം
**5-11-2023**



**എൻ. ഹരികൃഷ്ണൻ നമ്പൂതിരി**
നെടുവേലി ഇല്ലം (ഹരിശ്രീ )
പുഴവാത്, ചങ്ങനാശ്ശേരി.

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
സന്തപ്ത കുടുംബാംഗങ്ങൾ

## 28-ാം ശ്രാദ്ധദിനം
**13-10-2023**



ഇരുപത്തിയെട്ടാം ശ്രാദ്ധദിനം
പെരുമ്പാവൂർ വീപ്പാട്ട് ഇല്ലത്ത്
**നീലകണ്ഠൻ ഇളയത്**



**ഡി.നാരായണൻ നമ്പൂതിരി**

കൂത്താട്ടുകുളം ശാഖ കോഴിപ്പിള്ളി ഇടമന ഇല്ലത്ത് (പുത്തൻപുരയില്ലം) ഡി.നാരായണൻ നമ്പൂതിരി (കുഞ്ഞുകുട്ടൻ-94) 2023 ഒക്ടോബർ 26 ന് വിഷ്ണുപാദം പൂകി



**എ.ഡി. നാരായണൻ നമ്പൂതിരി**

കൂത്താട്ടുകുളം ശാഖ കോഴിപ്പിള്ളി ഇടമന ഇല്ലത്ത് എ ഡി നാരായണൻ നമ്പൂതിരി (86) 2023 സെപ്റ്റംബർ 22 വെള്ളിയാഴ്ച വിഷ്ണുപാദം പൂകി.

# വൃന്ദാവനയാത്ര

**നാരായണൻ നമ്പൂതിരി പുതുമന ഇല്ലം കുറിച്ചി**

ആയിരത്തിയൊരുനൂറുമൊൻപതും
എട്ടുചേർന്നതാം കർക്കിയാം മാസമേ !
നല്ലിരുപതുമാ റുമേചേർന്നതാം
നൽഗ്രഹത്തിന്റെ നാഥൻ ബുധ ദിനേ !
മുല്ലയ്ക്കൽഭരദേവതതന്നുടെ
ചൊല്ലേറുന്നോരു വൈഭവത്താലെയും
പൊന്നുകണ്ണൻജനിച്ചതാം ഭൂമിയിൽ
ചെന്നു കൈകാൽ വണങ്ങുവാൻയാത്രയായ്
പുതുമനയാകുമില്ലത്തുനിന്നുടൻ
പുലരിവന്നോരു നല്ല ബുധനതും !
മുല്ലയ്ക്കൽത്തേവർ പാദം നമിച്ചുടൻ
മെല്ലവേയങ്ങുയാത്രതുടങ്ങിനാൻ !
വാഹനമായ പൊൻ ബിനുക്കുട്ടനും
സാരഥിയായി യാത്ര തുടങ്ങിയും !
ഏറ്റുമാനൂരെത്തേവരെക്കൂപ്പിയും !
ഏറ്റുജ്യോതിയാം ദേവിയെക്കൂപ്പിയും !
കൊച്ചിതന്നുടെമെച്ചമാം നൽസ്ഥലേ
സ്വച്ഛമായുള്ള മെച്ചമാംതാവളം !
എത്തിഞങ്ങളുംകുത്തിനാൻപാദവും
കൃത്യനേരത്തു യാത്ര തുടങ്ങിനാൻ !
യാത്രയായല്ലൊ വൃന്ദാവനത്തിലായ് !
യാത്രയിന്നങ്ങൊരാകാശമാർഗ്ഗവും !
സോദരന്മാരവരുടെ പത്നിമാർ
സാദരമെന്റെപത്നിയുംകൂട്ടിനായ് .
കൊച്ചിയിൽ നിന്നു യാത്ര തുടങ്ങിയും
ഇച്ഛയായുള്ളയാത്രയാം വേളയിൽ !
മെച്ചമായുള്ളയാത്രാവിമാനമേ !
സ്വച്ഛമോടേയെഴുതുന്നു ഞാനിതാ !
തന്റെപത്നിയും സോദർതൻ പത്നിയും
ജ്യേഷ്ഠസോദരാംപത്നിമാർക്കൊപ്പമായ്
രോഹിണീനാമ സോദരിതന്നെയും
കൃഷ്ണനാമമാമോപ്പോളു കൂടെയും !
ശ്രീലളിതയായമ്മയും കൂട്ടിനായ്
ശ്രീകരമായ യാത്രയും ചെയ്യവേ !
ശ്രീകരംവരാൻ വൈമാനവാഹിനേ
ശ്രീയെഴുന്നൊരുകാപ്പിയുമേറ്റിനാൻ !
യാത്രയിന്നങ്ങൊരാത്മീയമാണതും !
യാത്രനല്ലോരുണർവതും കിട്ടുവാൻ !
യാതനകൾമറന്നങ്ങുയാത്രയും
യാദവന്റേകൃപയതും കിട്ടുവാൻ !

എത്തിഞങ്ങളാത്താവളം തന്നിലായ്
പത്തുമൊന്നുമേ ചേർന്നോരരയതിൽ !
ഇൻഡ്യ തന്നുടെയുന്നത സ്ഥാനമാം
ഡൽഹിയെന്നതാമുത്തുംഗ ശൃംഗമേ ! !
ചെന്നൊരുണൂകഴിച്ചുടൻ യാത്രയും
പോന്നുകാഴ്ചയും കണ്ടു കണ്ടങ്ങനെ !
മിണ്ടിമിണ്ടിപ്പറഞ്ഞങ്ങു പോകുന്നു
സാരഥിയായരഞ്ജിത്തിൻ വാഹനം !
എത്തി ഞങ്ങളോ സന്ധ്യയാം വേളയിൽ
ഒത്തൊരുമയായ് നാമജപവുമായ് !
ശ്രദ്ധയാലങ്ങു വൃന്ദാവനത്തിലായ്
ശ്രദ്ധയോടേ വസിയ്ക്കുന്നു ഞങ്ങളും !
മന്ദിരമല്ലോ രാമചന്ദ്രപ്രഭു
മന്ദിരേ ചേർന്നുരാമ ജപത്തിലായ് !
അന്തിനേരമണഞ്ഞല്ലോ ശ്രീലകം
പന്തി തന്നിലേഭോജനമേറ്റതും !
പിന്നെ വൈകാതെനാമ ജപവുമായ്
തന്നെയായങ്ങു ശയ്യാതലത്തിലായ്
ദേവ പാദങ്ങൾകൂപ്പിത്തൊഴുതുടൻ
ദേവ ശോഭയാൽനിദ്രയെപ്പുൽകിനാൻ !
വന്നു വ്യാഴമാം നല്ല പുലരിയിൽ
തന്നെയായിട്ടുസ്നാനവും ചെയ്തുടൻ !
ധന്യരായുള്ളൊരംഗനമാരതും
പൊന്നുകണ്ണന്റെ നാമങ്ങൾ ചൊല്ലിനാൻ ! !
സത്രംതന്നിൽനിന്നെത്തിനാൻഞങ്ങളും
സത്രമന്ദിരം പാർശ്വമതിങ്കലായ് !
സത്രമോടേമരുവുന്നരാമൻതൻ
സത്യമായുള്ളോരമ്പലംതന്നിലായ് !
പുലരി വന്നങ്ങണഞ്ഞല്ലൊപയ്യവേ
പലപല രാഗതാള മേളങ്ങളായ് !
മന്ദിരമതു രാധയാം കൃഷ്ണന്റെ
മന്ദിരത്തിൽ തൊഴുതു മടങ്ങിനാൻ !
പുനരഹോഞങ്ങൾ യാത്ര തുടങ്ങിനാൻ !
പലവിധത്തിലേ ക്ഷേത്രങ്ങൾചുറ്റുവാൻ !
വിവിധമോരോരോ ദേവതമാരേയും
വ്യക്തമായിട്ടുകുമ്പിട്ടിറങ്ങിനാൻ !
മദ്ധ്യാഹ്നകാലേ യെത്തിനാൻ മന്ദിരേ !
മൃഷ്ടാന്നമായ നൽ പ്രസാദങ്ങളും
ഭക്തിയോടേകഴിച്ചങ്ങു ഞങ്ങളും
ഭക്തിപൂർവ്വംശയിച്ചു മുറിയതിൽ ! !

വീണ്ടുമങ്ങു പ്രയാണം തുടങ്ങിനാൻ !
മണ്ടിമണ്ടിക്കരേറിനാൻറിക്ഷയിൽ !
എത്തി ! ഞങ്ങളോ തുളസീവനമതിൽ !
സത്യമായുടൻക്രീഡകൾ ചെയ്തഹോ !
ഹരേകൃഷ്ണാഹരേരാമയെന്നുള്ള
പ്രസ്ഥാനത്തിലായെത്തിയ സംഘവും
ചൊല്ലുചൊല്ലുള്ള നാമവുമായങ്ങു
ചൊല്ലിച്ചൊല്ലിക്കരേറിനാൻഭക്തിയിൽ !
രാധതന്നുടെ സ്നേഹം കൊടുത്തതും !
കൃഷ്ണനന്നങ്ങു രാധയെപ്പുൽകിയും !
പ്രേമവായ്പിന്റെയാനന്ദ സീമയിൽ !
പ്രേമമോടേകഴിഞ്ഞതാം മന്ദിരം !
ആവിരാനന്ദമോദമാം യാത്രയും
ആനന്ദത്താൽ പുളകിതരായതും !
അന്തിനേരം കഴിഞ്ഞോരാ സന്ധ്യയിൽ
മന്ദിരത്തിലെ യന്നവുമേറ്റിനാൻ !
ഇപ്രകാരത്തിൽ രണ്ടാം ദിനമതും
സ്വപ്രകാശമായ് തന്നേ കലാശമായ് !
നന്ദിയോടേ പരസ്പരം ചൊല്ലിയും
നന്ദി ദേവർക്കുമേൽപ്പിച്ചുറങ്ങിനാൻ !
സുപ്രഭാതത്തിൻ മൂന്നാം ദിനത്തിലായ്
സപ്രമോദമാം മന്ദിരം ദർശനം
നിത്യമായുള്ളൊരന്നത്തെ സേവിച്ചു
ശക്തമായങ്ങുയാത്ര തുടങ്ങിനാൻ ! !
ചെന്നുനിന്നതോ ബലഭദ്രസ്വാമിയാം
മന്നവൻ തന്റെ രാജധാനിയതിൽ
കണ്ടു പോന്നതും കൊണ്ടു ഗുരുദേവർ
ഇണ്ടലെന്നിയേ നല്ലോരു മന്ദിരേ !
പിന്നെ വൈകാതെ ശ്രീകൃഷ്ണൻ തന്നുടെ
പുണ്യമാകിയോരമ്പാടിതന്നിലായ്!
ജന്മ സാഫല്യമായിട്ടു മണ്ണിലായ്
നന്മയോടങ്ങുരുണ്ടുപിരണ്ടതും !
ഹന്ത ! ഭക്തരുരുണ്ടുകളിച്ചതും !
പന്തിയായിട്ടൊരപ്പവുംമണ്ണിനാൽ !
കൂട്ടിവച്ചിട്ടു കണ്ണന്റെപാദവും
കണ്ടുമെയ്യതിൽ മണ്ണെടുത്തിട്ടതും !
അന്നുയാത്ര കഴിഞ്ഞങ്ങു പോന്നുടൻ
ചെന്നുവീണ്ടും ശയനമുറിയതിൽ
മന്ദിരത്തിലെപ്പുണ്യമാംഭോജനം
മന്മനതാരിലേറ്റങ്ങുറങ്ങിനാൻ !
നൽശനിയായ നല്ല ദിനത്തിലോ
നല്ലപോലവേ ഭക്ഷണമേറ്റുടൻ !
ചൊല്ലിപുണ്യമാംരാധ തൻ മന്ത്രവും !
അല്ലലില്ലാതെയാത്രതുടർന്നുടൻ !

ഹന്ത ! ഭാഗ്യമായ്ക്കണ്ടോരു പർവ്വതം !
ചിന്തയില്ലാതെകൈകൂപ്പി നിന്നതും !
പൊന്നുകണ്ണന്ന ഭിഷേകമേകിയാ
ഗോവിന്ദനെന്നനാമത്തെച്ചൊല്ലിനാൻ !
ശേഷമോഞങ്ങൾ യാത്രയുമായതും
ശേഷശായിതൻനാമവും ചൊല്ലിയും !
അഗ്രജന്മാരനുചരർക്കൊപ്പമായ്
വ്യഗ്രതയെന്യേയാത്രതുടങ്ങിനാൻ !
എത്തിഞങ്ങളാ താജ്മഹാൾതന്നിലായ് !
വൃത്തിഹീനമോയില്ലാത്ത ദേശവും !
സത്വരം ശ്രദ്ധയാലേ നടന്നഹോ
ഉത്തമസ്ഥലം കണ്ടു മടങ്ങിനാൻ !
ആഗ്രഹപൂർത്തി കൈവരിച്ചീടുവാൻ
ആഗ്രയാംരാജധാനിയുംകണ്ടുടൻ !
കോട്ടയും കടന്നെത്തിനാൻ ഞങ്ങളും !
കോട്ടവാതിലും കണ്ടു മടങ്ങിനാൻ !
രാത്രിയായെന്നറിയിച്ചു ഭാസ്കരൻ !
രാത്രിനേരമോയെത്തിനാൻമന്ദിരേ !
ചീർത്തെഴും പൈയെത്തോല്പിച്ചു ഞങ്ങളും !
ആർത്തിയെന്നിയേശയ്യയും പുക്കുടൻ !
സൂര്യദേവനോ പൂർവ്വമാം ദിക്കിലായ്
സാവധാനമേപ്രത്യക്ഷരൂപമായ് !
സാവകാശമെണീറ്റുടൻ ഞങ്ങളും
സ്വാമിതന്നുടെ കോവിലിലെത്തിനാൻ !
സ്വാമിയേയും വണങ്ങിനാൻ ഞങ്ങളും !
സാദരത്തോടുനാമജപവുമായ് !
സ്വാമിതന്നുടെദിവ്യസഹസ്രമാം
സ്വാമിവിഷ്ണുതൻനാമങ്ങൾ ചൊല്ലിനാൻ !
ചെന്നുചേർന്നുടൻ ശയ്യാഗൃഹമതിൽ
അന്നുതന്നെയും പയ്യവേ പോന്നുടൻ
എത്തുവാനതും ഭാരതസ്ഥാനമാം
സത്യമായുള്ള നീതിപീഠസ്ഥലേ !
അന്ധകാരവും പോയ് മറഞ്ഞപ്പൊഴേ
ആദിത്യൻതന്റെശ്രേഷ്ഠമാം നൽദിനം
അക്ഷർധാമെന്നൊരത്ഭുതക്ഷേത്രവും
അത്ഭുതത്തോടേകണ്ടു മടങ്ങിനാൻ !
താമരപ്പൂവിലാകൃതിയായൊരു
താഴികക്കുടം പോലുള്ള മന്ദിരം !
നല്ല പ്രാർത്ഥനചെയ്ത ങ്ങിറങ്ങിയും
നല്ലനേരത്തുയാത്രയും ചെയ്തതും !
ഇന്ദിരാഗാന്ധി തന്നുടെ പേരിലായ്
ചന്ദനം പോലെയുള്ളോരു നൽഗൃഹം
ആനന്ദമോടു കണ്ടങ്ങിറങ്ങിനാൻ !
ആവേശത്തോടു പിന്നേയും യാത്രയായ് !



നൃപചിഹ്നമാർന്ന കൊടിയാടുന്ന തേരിൽ നീ
നിറതിങ്കൾ പോൽ വിളങ്ങുന്നു !

മന്ത്രിമാരുടെയാലയം കണ്ടതും !
മന്ദമെന്യേമടങ്ങിനാൻസംഘവും !
ഇൻഡ്യ തന്നുടെ വാതിലുകണ്ടതും
അന്തിനേരത്തുശയ്യയും പൂകിനാൻ !
തിങ്കളാകിയ നല്ല ദിനത്തിലായ്
തങ്കരശ്മിയാൽക്കണ്ടോരു വിഗ്രഹം
ആഞ്ജനേയന്റെ ശ്രീലകം തന്നിലായ്
അഞ്ജലികൂപ്പിവന്ദിച്ചിറങ്ങിനാൻ !
അയ്യപ്പാഹരേയെന്നുള്ള മന്ത്രവും
പയ്യവേചൊല്ലക്കേറിനാൻസന്നിധൗ
നൽപുരമായൊരയ്യപ്പമന്ദിരം
നന്ദിയോടേ സ്മരിച്ചങ്ങിറങ്ങിനാൻ !
ഷണ്മുഖൻതന്റെകോവിലിലെത്തിയും
നന്മുഖംകണ്ടു കൈകളും കൂപ്പിയും !
ആരതികണ്ടു കണ്ണു നിറഞ്ഞതും
ആനന്ദത്താലേമെല്ലേയിറങ്ങിനാൻ !
വാനിലങ്ങുതലയുമുയർത്തിയ
വാനംമുട്ടുമാമീനാറു കണ്ടതും !
ശേഷമോഞ്ഞങ്ങളെത്തിനാൻതാവളം !
ശേഷിയായിട്ടുമന്നവുമേറ്റിനാൻ !
സായംകാലത്തുമൂന്നാം സമയമേ
സാവധാനത്താൽ യാത്ര തിരിച്ചതും ! !
മാർഗ്ഗമദ്ധ്യേവിമാനത്തിൻ ഭംഗിയും
മാനമോടങ്ങുകണ്ടങ്ങെഴുതുന്നു.
കൃത്യനേരമാംസന്ധ്യാസമയവും
ഒത്തുവന്നോരുഷഷ്ഠിയാം കാലവും !
കൊച്ചിയിലെത്തിയാത്രയുമായിതാ
മെച്ചമായോരു വാഹനം തന്നിലായ് !
പയ്യവേപൈയ്യുവന്നതും ശീഘ്രമായ് !
മെല്ലവേയെത്തി ശ്രീധരീയത്തിലെ
അന്തണർതന്റെ ഭക്ഷണമേറ്റുടൻ
അന്തിനേരത്തുയാത്ര തുടർന്നതും !
കൊച്ചിയിൽനിന്നു യാത്ര തുടങ്ങിനാൻ !
അച്യുതൻ തന്റെനാമവുംപാടിയും !
ഇഷ്ടതോഴനാം ശ്രീജേഷു സാരഥി
പുഷ്ടമോദാൽ നിയന്ത്രിച്ച വാഹനേ !
പത്തുമൊന്നുമേചേർന്നുള്ള സംഘത്തിൻ
പട്ടണത്തിലെയാത്രയ്ക്കു സാരഥി
സോദരനാംസുരേഷിന്നു മംഗളം
സാദരത്തോടുനൽകുന്നു ഞങ്ങളും !
സോദരൻതാൻ സുരേഷിന്റെധീരത
ശ്ലാഘനീയമാണെന്നതും ചൊല്ലുവൻ !
ദീർഘമേറിയ യാത്രയും കൈവരാൻ
അർക്കരാദിയാം ദേവർതുണയ്ക്കണേ !
അങ്ങനെസംഘമെത്തിനാൻസ്വഗൃഹേ !
മങ്ങിഭാസ്കരൻതന്റേ സമയവും
രാത്രിതന്നിലെ പത്താംമുഹൂർത്തവും!
യാത്രതൽക്കാലംപൂർണ്ണവുമായിതാ !
പുതുമനത്തേവരേറ്റിപ്പറത്തിയ
പട്ടമാണല്ലോഞങ്ങൾതൻ സംഘവും!
ഒട്ടുമേയൊരുപൊട്ടലുപോലുമേ
തട്ടിയതില്ലതേവർതൻ വൈഭവാൽ !
എന്നുമെന്നുമേകാത്തു കൊള്ളേണമേ!
തന്നിടേണമേ ദേഹസൗഖ്യങ്ങളും !
മുല്ലയ്ക്കൽ തേവർപാദംവണങ്ങുവാൻ
അല്ലലൊന്നും വരുത്തൊല്ലേയീശ്വരീ !

## കേന്ദ്രഭാരവാഹികളുടെ മേൽവിലാസവും ഫോൺനമ്പരും

President -**റ്റി. വി. നാരായണശർമ്മ**
താമരശ്ശേരി ഇല്ലം, മാലം പി. ഒ., മണർകാട്
കോട്ടയം, ഫോൺ–95623 56959

Vice President (1)- **മായാ ടി. എം.**
മാങ്ങോട്ടശ്ശേരി മന, ആശ്രാമം റോഡ്, മണ്ണാമ്മൂല
പേരൂർക്കട പി. ഒ., തിരുവനന്തപുരം
ഫോൺ–94962 57539

Vice President (2) **രവീന്ദ്രൻ പി. ഇളയത്**
നാരായണമംഗലത്ത് ഇല്ലം, പറവൂർ പി. ഒ.
ആലപ്പുഴ, ഫോൺ–9447022615

General Secretary - **കെ. വി. ദേവൻ ഇളയത്**
കൊണഞ്ചേരി ഇല്ലം, ഏങ്ങണ്ടിയൂർ പി. ഒ., തൃശ്ശൂർ
ഫോൺ–85898 95026

Joint Secretary (1)- **മോഹൻകുമാർ പി. എൻ.**
പുതുമന ഇല്ലം, കുറിച്ചി പി. ഒ., ചങ്ങനാശ്ശേരി
കോട്ടയം, ഫോൺ–9447401027

Joint Secretary (2) **ശ്രീരാജ് ശർമ്മ വി. കെ.**
വഴുതനപ്പള്ളി ഇല്ലം, എടത്തല പി. ഒ., ആലുവ
എറണാകുളം, ഫോൺ–99953 01323

Treasurer- **ത്രിവിക്രമൻ നമ്പൂതിരി എം. എൻ.**
മാമ്പറ്റ ഇല്ലം, ഓതറ ഈസ്റ്റ് പി. ഒ.,
തിരുവല്ല, പത്തനംതിട്ട, ഫോൺ–99610 76904

# അഭിജ്ഞാനം

രാജീവ് പി., പാണാട്ടില്ലം, ആലുവ
8547590292

'പടിയാറും കടന്നവിടെ ചെല്ലുമ്പോൾ ശിവനെ കാണാകും ശിവ ശംഭോ ' എന്ന കീർത്തനം സന്ധ്യനാമത്തിന്റെ കൂടെ കുട്ടിക്കാലത്ത് മത്സരിച്ച് ഉറക്കെ ചൊല്ലിയതോർമ്മയുണ്ട്. അന്ന് ഈ ആറുപടികളെന്താണെന്ന് ഒരു ധാരണയും ഉണ്ടായിരുന്നില്ല . ശരീരത്തിന് കയറിചെല്ലാവുന്ന പടികൾക്കപ്പുറം മനസ്സന്നു വളർന്നിരുന്നില്ല .

കുറച്ചുകൂടി വളർന്നു യോഗാവ്യായാമം ചെയ്തപ്പോൾ മൂലാധാരത്തിലുള്ള കുണ്ഡലിനി ശക്തിയെക്കുറിച്ച് യോഗാദ്ധ്യാപകൻ പറഞ്ഞെങ്കിലും, അതിനെ പൂർണ്ണമായി മനസ്സിലാക്കാൻ ഒട്ടും കഴിഞ്ഞിരുന്നില്ല .യോഗ യോഗത്തെക്കുറിച്ചാണെന്നോ , അഷ്ടാംഗങ്ങളുള്ളതാണു യോഗയെന്നും, വ്യായാമം അതിലെ വെറും ഒരംഗം മാത്രമാണെന്നും അറിഞ്ഞതേയില്ല .

കുട്ടിക്കാലം മുതൽ കേട്ടുവന്ന പാലാഴി മഥനം കഥയുടെ താത്വികമായ അർഥം കേട്ടപ്പോഴാണ് ആദ്യത്തെ ഞടുക്കം ഉണ്ടായത്. അമൃത് നേടണമെങ്കിൽ ഉപാസനയാകുന്ന സർപ്പപാശംകൊണ്ട് ബുദ്ധിയെ കടയുക തന്നെ വേണം. മൂലാധാരത്തിൽ മൂന്നര ചുറ്റുള്ള സർപ്പരൂപത്തിൽ ഉറങ്ങികിട ക്കുന്ന കുണ്ഡലിനി ശക്തിയാണ് ഈ കഥയിലെ സർപ്പമെന്നു തിരിച്ചറിയുമ്പോഴാണ് ആ കഥയുടെ മഹത്ത്വം നമ്മിൽ ഞെട്ടലുളവാക്കുന്നത്. ഇതു വെറും കഥയല്ലെന്നും, പുരാണകഥകളെല്ലാം കാര്യമാണെന്നുമുള്ള ആ സത്യത്തിന്റെ നടുക്കം. ഇപ്പോഴും ഈ സത്തിനെ പറയാതെ കഥ പറഞ്ഞുപോകുന്ന സപ്താഹക്കാർ ഉണ്ട് എന്നതും കലികാലത്തിന്റെ ഒരു വിപര്യയം മാത്രം . ഇതൊക്കെ കെട്ടുകഥയാണെന്നും , അന്ധവിശ്വാസ ജടിലങ്ങളാണെന്നും വിശ്വസിക്കുന്നവർ നമ്മളെ ഭരിക്കുകയും കൂടിയായപ്പോൾ പതനം പൂർത്തിയായി .

' ഓം ശ്രീ ഗുരുഭ്യോ നമ ' എന്ന് മൂലാധാരത്തിൽ തൊഴുതു, ജീവിതത്തിന്റെ വൈകിയ വേളയിലാണെങ്കിൽകൂടി പൂജ പഠനത്തിനിരുന്നപ്പോൾ ധന്യതാണ് മനസ്സിൽ നിറഞ്ഞത്.

' ഓം ആധാരശക്ത്യൈ നമ , ഓം മൂല പ്രകൃത്യൈ നമ, ഓം ആദി കൂർമായ നമ , ഓം അനന്തായ നമ ' എന്നും കൂടി ചൊല്ലി പീഠ പൂജ തുടങ്ങുമ്പോൾ മനസ്സിൽ ചില സങ്കല്പങ്ങൾ ഉറക്കുകയായിരുന്നു. അതേ, മനുഷ്യനെക്കുറിച്ചും, ഈ പ്രപഞ്ചത്തെക്കുറിച്ചും, ഈശ്വര സങ്കല്പത്തെക്കുറിച്ചുമുള്ള ശരിയായ ധാരണകൾ .

ദിവസേന ചെയ്യുന്ന സന്ധ്യവന്ദനത്തിലും ഈ ' അഹം ബ്രഹ്മാസ്മി ' യെന്ന ചിന്തയെ ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്. ഓം എന്ന ബ്രഹ്മത്തിന്റെ ശബ്ദരൂപം കൊണ്ട് കുണ്ഡലിനിയെ ഉത്തേജനം ചെയ്ത് ഉയർത്തി സഹസ്രാര പത്മമാകുന്ന ബുദ്ധിയെ പ്രചോദിപ്പിക്കുമ്പോഴാണ് ആനന്ദത്തിന്റെ അനുഭൂതി ഉള്ളിൽ തെളിഞ്ഞു തുടങ്ങുന്നത് . യമനിയമങ്ങളിലൂടെ ശരീരത്തെയും മനസ്സിനെയും ത്രാണനം ചെയ്ത് പ്രണവമാകുന്ന ധനുസ്സിൽ താനാകുന്ന ശരത്തെ തൊടുത്താൽ മാത്രമേ മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യത്തിൽ എത്തിച്ചെരാൻ സാധിക്കൂ .

മുകളിൽ പറഞ്ഞ ഈ കാര്യങ്ങൾ നാം പല രംഗങ്ങളിലും ആചരിച്ചു വരുന്നവയാണെങ്കിലും അതിനെ പൂർണ അർത്ഥത്തിൽ പലപ്പോഴും മനസ്സിലാക്കിയിട്ടില്ല . മനസ്സിലായവർ പോലും ഇതിനെ പൂർണ്ണമായി ഉൾക്കൊണ്ടിട്ടില്ല. അതിനു പല കാരണങ്ങളുണ്ടാകാം. ലൗകിക ജീവിതത്തിലെ പല തരത്തിലുള്ള സമ്മർദങ്ങൾ ഇതിനനുവദിക്കുന്നില്ല എന്നെതുമാകാം. ഉടനെ ഉറപ്പായി കിട്ടുന്ന സുഖങ്ങളുടെ പുറകെ പോകാനാണല്ലോ നമ്മുടെ താത്പര്യം , ദൂരെ കിട്ടാൻ സാധ്യതയുള്ള ആനന്ദമാണെങ്കിൽ കൂടി.

ഓരോ പൂജയും തന്നിലുള്ള ദൈവാംശത്തെ തൊട്ടുണർത്താനുള്ളതാണ് . ദേഹശുദ്ധി തന്നിലെ ഭൗതികമായ പരിശുദ്ധിയെ ഉറപ്പാക്കി മനസ്സിനെ ഉത്തേജിപ്പിക്കുന്ന പ്രക്രിയയാണല്ലോ .വ്യാപകവും ,അഷ്ടാംഗങ്ങളും , പഞ്ചാംഗങ്ങളും ചെയ്ത് ശരീരത്തെ മറ്റൊരു തലത്തിലേക്കുയർത്തി മാനസപൂജ ചെയ്തു ഇന്ദ്രിയങ്ങളെ വരുതിയിലാക്കി, ആത്മാരാധന കൂടി ചെയ്ത് തന്റെ സത്ത്വം തിരിച്ച്ചറിഞ്ഞു ആ ദൈവാംശത്തെ പുറത്തേക്കു കൊണ്ടുവരാനാണ് .

ഈ ദൈവാംശത്തെത്തന്നെയാണ് പ്രാണനിലൂടെ ആവാഹനം ചെയ്ത് പഞ്ചഭൂതങ്ങളെ കൊണ്ട് പഞ്ചപ്രാണനിലൂടെ പോഷിപ്പിച്ച് ഉദ്വാസ്സിച്ചു തന്നിലേക്കെടുക്കുന്നതും .

ഇത്രയും ഉദാത്തമായ ഈ ചിന്താസരണിയിലൂടെ മനുഷ്യനെ പ്രപഞ്ചത്തിനോടും ഈശ്വരനോടും അടുപ്പിക്കുകയും അതുവഴി മനുഷ്യന്റെ ജീവിതത്തിനു ശരിയായ ദിശാബോധം നൽകി അതിലൂടെ സമാധാനപരമായ ഒരു ലോകക്രമം കൊണ്ടുവരാനും സാധിക്കും. മറ്റൊരു സംസ്കാരത്തിനും ലോകത്തിന്നു ഈ ഒരു വെളിച്ചം നല്കാൻ സാധിക്കില്ലായെന്നു നമുക്ക് നട്ടെല്ലു നിവർത്തിതന്നെ പറയാൻ സാധിക്കണം.

ബ്രാഹ്മണൻ ബ്രാഹ്മണനാകുന്നത് വേദപഠനം കൊണ്ടോ ശാസ്ത്ര പഠനം കൊണ്ടോ അല്ല. സന്ധ്യോപാസന കൊണ്ടാണ് . എന്നു പറഞ്ഞാൽ ഉപാസനയാണ് പ്രധാനം . ഉപാസന എന്നത് ഒരു തപസ്സാണ്. ശരീരവും മനസ്സും ഒരുപോലെ ലൗകിക വിഷയങ്ങളിൽ നിന്ന് വിടുവിച്ച് ഒന്നിലേക്ക് മാത്രം ശ്രദ്ധിക്കുന്നതാണ് തപസ്സ്. സന്ധ്യാവന്ദന ത്തിലും ഇത്തരം ഒരു തപസ്സ് ആവിശ്യമാണ്. മുഴുവൻ ശ്രദ്ധയും മന്ത്രാർത്ഥത്തിലായിരിക്കണം. അത് ചൊല്ലി ചൊല്ലി മനസ്സിൽ ഉറക്കണം. ആ പരമാത്മ ചൈതന്യത്തെ ഉള്ളിൽ മനോദൃഷ്ടികൾകൊണ്ട് അനുഭവിക്കാൻ സാധിക്കുമ്പോഴേ ഇതൊരു ജോലിയെന്ന് തോന്നാതെ ഒരാസ്വാദനത്തിന്റെ തലത്തിലേക്ക് ഉയരൂ .

പരമാത്മചൈതന്യ (ഈശ്വരൻ) വും പ്രകൃതിയും മനുഷ്യനുമായി അനുഭവവേദ്യമല്ലാത്ത ഒരു തുലനം ഉണ്ട്. ഇതു വിച്ഛേദിക്കപെടുമ്പോൾ ആന്തരികമായ സമതുലിതാവസ്ഥ നഷ്ടപ്പെടുന്നു. ഇങ്ങനെയാണ് മനസ്സിൽ സമ്മർദങ്ങൾ രൂപപ്പെടുന്നത് .

തനിക്കു ഈ ആദ്ധ്യാത്മികതയിലൊന്നും താത്പര്യമേയില്ല , മറിച്ച് ഭൗതിക നേട്ടങ്ങളെക്കുറിച്ചുമാത്രമാണ് ചിന്തയെങ്കിൽ നിങ്ങൾ നിശ്ചയമായും ഇതുകൂടി വായിക്കണം. നേരത്തേ പറഞ്ഞ പ്രണവോപാസനയിലൂടെ പരമാത്മാവും ജീവാത്മാവും തമ്മിലുള്ള യോഗം വന്നുകഴിഞ്ഞാൽ, അതായത് എല്ലാ ചരാചരങ്ങളിലും നിറഞ്ഞു നിൽക്കുന്ന അതേ ചൈതന്യത്തെയാണ് നിങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നത്. ഇന്റർനെറ്റ് വഴി നിങ്ങൾ വിദൂരത്തുള്ള മറ്റൊരു കംപ്യൂട്ടറിനെ നിയന്ത്രിക്കുന്നത് പോലെ, ചൈതന്യ മാകുന്ന ഈ മാധ്യമത്തിലൂടെ മറ്റെല്ലാത്തിലേക്കും പടർന്നു കയറാൻ സാധിക്കും. ലൗകിക ജീവിതത്തിനപ്പുറത്ത് മനുഷ്യന് സാധ്യതകളുണ്ടെങ്കിൽ അവിടെ അവനു അപ്രാപ്യമായി ഒന്നുമില്ല . ഞാനെന്ന ഭാവം ഈ ശരീരം വിട്ട് എല്ലാത്തിലേക്കും പടർന്നുകഴിയുന്ന അവസ്ഥയാണ് ആനന്ദം. അജ്ഞതയാണ് ദുഖത്തിനു കാരണം. ഞാനെല്ലാമായി മാറുമ്പോൾ എനിക്ക് അജ്ഞമായി ഒന്നുമില്ല . ദേവതമാർക്കുള്ള അമ്പരിപ്പിക്കുന്ന ശക്തിയുടെ ഉറവിടം ഇതാണ്. മനുഷ്യന് എത്തിപ്പെടാവുന്ന ഒന്നാണ് ദേവതാ സങ്കല്പം. നായകനെ ആരാധിക്കുന്ന പോലെ ഒന്നാണ് , അല്ല, ഒന്നാവണം ദേവതാരാധനയും .

മനുഷ്യൻ അടിസ്ഥാനപരമായി ഒരു ' ജന്തു' തന്നെയാണ്. നമ്മുടെ അന്വേഷണവും സുഖത്തിനു വേണ്ടിയാണ്. സുഖത്തിനു അപ്പുറത്തുള്ള സന്തോഷത്തെക്കുറിച്ചും ആനന്ദത്തെക്കുറിച്ചും നാം അജ്ഞരാണ് . ഇതിൽ നിന്നാണ് നമുക്ക് ഒരു വിടുതൽ വേണ്ടത്. ഉയർന്ന ആസ്വാദനങ്ങൾക്ക് ഉയർന്ന കഠിനാദ്ധ്വാനം വേണം. ക്ഷുദ്ര ജീവികളാണ് സുഖത്തിൽ തട്ടി അവിടെ നിന്നുപോകുന്നത്. സന്തോഷത്തിലേക്കും ആനന്ദത്തിലേക്കും ഒന്നെത്തിനോക്കാൻ പോലും നാം ശ്രമിക്കാറില്ല. ഈ അജ്ഞതതന്നെയാണ് നമ്മുടെ ദുഃഖ കാരണവും. ഈ അജ്ഞത മാറ്റലാണ് അത്യപൂർവമായി കിട്ടുന്ന മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം തന്നെ. ലക്ഷ്യത്തെ സാധൂകരിക്കാതെയുള്ള എല്ലാ പ്രവർത്തനങ്ങളും വ്യർത്ഥമാണ് മാത്രമല്ല കുറ്റകരവുമാണ്. കുറ്റത്തിന്റെ ശിക്ഷയാണ് പുനർജ്ജന്മം !.

ഈ ചിന്താധാര നമ്മൾ വിചാരിക്കുന്നതുപോലെ ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമില്ല മറിച്ച് ജീവിതത്തിന്റെ ഏറ്റവും ഉയർന്ന തലത്തിലുള്ള ആസ്വാദനമാണ്. അമൃതത്ത്വത്തിലേക്കാണ് ഈ ക്ഷണം. ഒരു സന്യാസിയാണ് ജീവിതത്തെ ശരിക്കും ആസ്വദിക്കുന്നത് പക്ഷെ നമ്മുടെ ധാരണ മറിച്ചാണ് . കാഴ്ചയുടെ സൗന്ദര്യം പുറത്തെ ഭംഗിയിലല്ല മറിച്ച് കാഴ്ച്ചക്കാരന്റെ മാനസികാവസ്ഥയിലാണ്. ചിത്രത്തിന്റെ ഭംഗി ചുവരിന്റെ വൃത്തിയിലാണ്.

ഇവയൊന്നും നോക്കേണ്ട കാണേണ്ട നീ നിന്റെ
പവിഴപ്പൂങ്കാവിലലഞ്ഞു കൊള്ളൂ

കണ്ണിലൂടെ മനസ്സിൽ തെളിയുന്ന കാഴ്ചകളുടെ ആസ്വാദനം കൂടുന്നത് ഉയർന്ന മാനസിക നിലവാരം ഉള്ളവരിലാണ്. ഇത്തരത്തിൽ മനസ്സിനെ ഉയർത്തി ജീവിതത്തിന്റെ ഓരോ നിമിഷവും, ഓരോ ശ്വാസവും ആനന്ദാനുഭൂതി യാക്കി മാറ്റണം .

പൂജകഴിക്കുന്നവർക്കും ആദ്ധ്യാത്മിക രംഗത്ത് പ്രവർത്തിക്കുന്നവർക്കുമാണ് ഇതിന്റെ പ്രയോജനം ഏറ്റവും അധികം ലഭിക്കേണ്ടത്

പക്ഷെ പലർക്കും ഇതിലെ ഭൗതിക നേട്ടങ്ങൾക്കപ്പുറത്തേയ്ക്ക് കടക്കാൻ സാധിക്കാതെ വരും. ഇവരുടെ ആദ്ധ്യാത്മിക വളർച്ച മുരടിച്ചുപോകുന്നുവെന്ന് മാത്രമല്ല സമൂഹത്തിന് ഈ മൂല്യങ്ങളോടുള്ള വിശ്വാസമില്ലാതാകാനും ഇത് കാരണമാകുന്നു.

സാന്ദർഭികമായി പറയട്ടെ, ശിവക്ഷേത്രങ്ങളെ ഓവുവരെയുള്ളപ്രദക്ഷിണം പോലും യോഗശാസ്ത്രസംബന്ധിയും കുണ്ഡലിനീ ഉദ്ധാനത്തിന്റെ പ്രതീകവുമാണ്. തന്ത്രശാസ്ത്രത്തൽ ഏറ്റവും ഉയർന്ന നിലയിലുള്ള ദേവത ശിവനാണ്. ശിവക്ഷേത്രത്തിൽ പ്രദക്ഷിണമായി ഓവുവരെ ചെല്ലുമ്പോൾ സഹസ്രാരചക്രത്തിലെ ബ്രഹ്മരന്ധ്രം വരെ നമ്മളെത്തിക്കഴിഞ്ഞു. അവിടെ ബ്രഹ്മരന്ധ്രത്തിന്റെ ശരിയായ സ്ഥാനമായ താഴികക്കുടത്തെ നോക്കി വന്ദിച്ചുകഴിഞ്ഞാൽ അതിനപ്പുറത്തേയ്ക്ക് ആദ്ധ്യാത്മികമായും താന്ത്രികമായും യാത്രയില്ലെന്നർത്ഥം. അതായത് തന്ത്രശാസ്ത്രപരവും ആദ്ധ്യാത്മികതലവും ശ്രമിക്കുന്നത് മനുഷ്യനെ ദേവനാക്കാനാണ്.

ലോകത്തിൽ ഇന്നുകാണുന്ന എല്ലാ തിന്മകളുടെയും കാരണം മനുഷ്യനിലെ ദേവാംശത്തെ തിരിച്ചറിയാൻ സാധിക്കായ്കയാണ്. ഈ ദേവാംശത്തെ ഉയർത്താൻ ശ്രമിക്കുന്ന ഭാരതീയ സനാതന മൂല്യങ്ങൾക്കായി ജീവിതം ആത്മാഹുതി ചെയ്താലും അതൊരു പുണ്യം തന്നെയാണ്

ഈ രാഷ്ട്രവും ഈ സംസ്കാരവും നില നിന്നാൽ മാത്രമേ ലോകത്തിനു മുഴുവൻ വെളിച്ചമേകാൻ കഴിയുകയുള്ളു. ഇതിലൂടെ നന്മയെയും ധർമ്മത്തെയും നിലനിർത്താനായിരിക്കണം നമ്മുടെ ഓരോ പ്രവർത്തനവും .

രക്ഷപെടാൻ, രക്ഷപെടണമെന്നുറച്ചാൽ വഴിയൊന്നുമാത്രം ..
‘ഉദ്ധരേത് ആത്മനാത്മാനം..... ‘

## പദപ്രശ്നം 27 ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 അ | രി | ക്കൊ | മ്പ | ൻ | 2 പ | 3 ആ |
| ഴി | 4 മൂ | ങ്ങാ | 5 ആ | തു | വി | 6 ചാ |
| 7 മു | ർ | 8 മു | ട്ട | 9 ക്ഷേ | ത്ര | ര്യ |
| ഖം | ത്തി | ക്കു | 10 മു | ന്ദ്ര | 11 മോ | ൻ |
| 12 ന | മ്പി | റ്റി | ക്ക | 13 ച | 14 തി | ലം |
| ട | 15 ക | ഷ്ഠി | 16 ഇ | 17 ക്ഷു | രം | 18 ശൂ |
| 19 എ | ഴു | ത്ത | ച്ഛ | ൻ | ശാ | 20 ആ |

### ശരിയുത്തരമയച്ചവർ

1. ശ്രീകുമാർ ടി.എസ്., തുരുത്തിയിൽ ഇല്ലം, കുറവിലങ്ങാട്
2. വി.എൻ. ദിവാകരൻ, വെള്ളിയെപ്പിള്ളിൽ ഇല്ലം, ആണ്ടൂർ
3. ബദരീനാഥൻ, കൈനിക്കര ഇല്ലം, കാലടി
4. മഞ്ജുവി.എൻ, വലിയമംഗലത്ത് ഇല്ലം, കൂവപ്പടി
5. രാമചന്ദ്രൻ കെ. ,വലിയമംഗലത്ത് ഇല്ലം, പെരുമ്പാവൂർ
6. ദേവസൂര്യ ,ശ്യാംഗീത്, കുറവിലങ്ങാട്
7. ഗിരിജ എൻ. നമ്പൂതിരി, വടുതലായിൽ ഇല്ലം, കുടക്കച്ചിറ
8. ഉഷാദേവി നീലകണ്ഠൻ, ശ്രീശൈലം, കുറവിലങ്ങാട്
9. Dr. ഹരിശർമ്മ, പറഞ്ഞിക്കാട്ട് ഇല്ലം, ആണ്ടൂർ
10. വാണീകൃഷ്ണ ,വെണ്ണുമന, കൊല്ലപ്പള്ളി, ,നീലംപേരൂർ
11. വത്സല സന്തോഷ്, തോട്ടത്തിൽ ഇല്ലം,തിരുവനന്തപുരം
12. മായ നാരായണൻ, മങ്ങോട്ടുശ്ശേരിമന, പേരൂർക്കട,തിരുവനന്തപുരം
13.. ശ്രീരാഗ് കെ . ആർ . ,അറവിക്കുളത്തില്ലം, (കാവുങ്കൽ)
14. ആർദ്ര വിപിൻദാസ്, കൊണഞ്ചേരി ഇല്ലം, തൃശൂർ
15. ഗിരിജ കേശവൻ, രാജ്ഭവൻ, മേച്ചേരിൽ ഇല്ലം, തൃപ്പൂണിത്തുറ
16.. അരവിന്ദ് പി., മാന്താനത്തില്ലം, പട്ടണക്കാട്, തുറവൂർ
17. പ്രസീത പരമേശ്വരൻ, കൈലാസം, കുടക്കച്ചിറ
18. തങ്കമണി രാജീവൻനമ്പൂതിരി, കരിക്കാട്ടിൽ ഇല്ലം, ചേർത്തല
19. തങ്കമ്മ കെ.പി., തത്തമംഗലത്തില്ലം, പെരുമ്പാവൂർ
20. രാജേശ്വരി കെ.പി., ചാത്തേടത്ത്ഇല്ലം, കൊടുങ്ങല്ലൂർ
21. അപ്പു കരിക്കാട്ട്, കരിക്കാട്ടില്ലം, ചേർത്തല
22. സാവിത്രി നാരായണൻ മൂസത്, വളവനാട്ടില്ലം, തിരുവനന്തപുരം
23. എം. എൻ. ഇന്ദിരാദേവി, വൈഷ്ണവം, നെടുമൺകാവ്, കൊല്ലം
24. ഗീത സി.കെ., അപർണ്ണ, മൈമ്പള്ളിഇല്ലം, തൃശൂർ
25. ആര്യ അരുൺ, കീച്ചേരിൽഇല്ലം, പാല

### മടി

ഉത്സാഹ - മുത്സാഹമഹോ , മനുഷ്യ
ജന്മം നശിപ്പിപ്പൊരു ദുഷ്ടമൂർത്തി.
അതിന്റെ കുത്തേറ്റു പിടഞ്ഞെണീറ്റു
പായുന്നു മർത്ത്യാവലി നാലുപാടും
പായട്ടെ പേയാർന്നവരെന്തി, നെങ്ങോ
ട്ടെന്നേതു മോരാത്ത വിചാരശൂന്യർ
കിടക്കുവൻ ഞാനിനിമേൽ മടിക്കു-
ള്ളോമന്മടിത്തട്ടിലണച്ചു ശീർഷം

**- ഹാസ്യകവി സഞ്ജയൻ (1937)**

ചോരനപഹരിക്കാത്ത ശാശ്വതശാന്തിധനവും
മാരനെയ്താൽ മുറിയാത്ത മനശ്ശോഭയും

# വേളിയാലോചന

## പുനർവിവാഹം

HOROSCOPE

| | | | |
|---|---|---|---|
| ച | | | സ |
| കു | പുരുഷ ജാതകം | | |
| ര ശു | | | |
| ബു ല ശി | ഗു മാ | മ | |

| | |
|---|---|
| പേര് | ധനേഷ്കുമാർ എച്ച് (കണ്ണൻ) |
| ജനനത്തീയതി | 21-01-1983 |
| ജനനസ്ഥലം | ആലപ്പുഴ |
| ജനനസമയം | 5.55 എ.എം. |
| നക്ഷത്രം | രേവതി |
| ജോലി | തിരുവിതാംകൂർ ദേവസ്വം ബോർഡ് ശാന്തി |
| അഡ്രസ്സ് | തോട്ടപ്പിള്ളി ഇല്ലം (ശ്രീരാഗം) വണ്ടാനം പി.ഒ., നീർക്കുന്നം, ആലപ്പുഴ 688005 |

നിയമപ്രകാരം വിവാഹബന്ധം വേർപെടുത്തിയ താണ്. (രണ്ടുകുട്ടികൾ മാതാവിനൊപ്പം)
ഫോൺ - 9947277886

HOROSCOPE

| | | | |
|---|---|---|---|
| ച | ശി | | |
| മ | പുരുഷ ജാതകം | | |
| | | | ല മാ |
| കു ശു | ര ബു ഗു | സ | |

### പുരുഷജാതകം

ജനനം : 02- 12-1995.
നക്ഷത്രം : രേവതി
**Height : 170 cm**
**Qualification : M.A Malayalam**
**B Ed Malayalam**
**Job: Cordinator NFTCI (Temporary)**
**Ph. : 8547176049, 9496277472**

**രതി നിത്യമൊരാൾക്കൊരാളിലായ്**
**സ്ഥിതി ചെയ്കിൽ സഖി പെണ്ണിനാണിനും**
**അതിലും വലുതില്ലഹോ! വ്രതം**
**ധൃതിമാനെന്തൊരു ധന്യനെൻ പ്രിയൻ**
**- കുമാരനാശാൻ**

**പെണ്ണിനായാലും ആണിനായാലും ഒരാളിൽ സ്നേഹം സ്ഥിരമായി സ്ഥിതി ചെയ്താൽ അതിലും വലിയൊരു വ്രതമില്ല സ്ഥിരചിത്തനായ എന്റെ പ്രിയൻ എത്ര ധന്യനാണ്!**

HOROSCOPE

| | | | |
|---|---|---|---|
| | ഗു മ മാ | | |
| | സ്ത്രീ ജാതകം | | സ |
| ശി ല കു | | | ച |
| ര | ശു ബു | | |

### സ്ത്രീജാതകം

ജനനം : 27- 12-1999. (09.14 am.)
നക്ഷത്രം : മകം
ശിഷ്ട ദശ : 13- 06-0
Height : **160 cm**
Qualification : M.A (Literature)
Preparing for SSC exam
Ph. : **94962 88057**
**94955 88167**

HOROSCOPE

| | | | |
|---|---|---|---|
| ബു ഗു ശു | മ | | |
| ര | സ്ത്രീ ജാതകം | | സ |
| ശി | | | |
| | | കു ച ല മാ | |

### സ്ത്രീജാതകം

ജനനം : 07- 03-1999. (10.10 pm.)
നക്ഷത്രം : വിശാഖം
Height : **157 cm**
**Qualification : M.A Economics**
Ph. : **96053 77699**

HOROSCOPE

| | | | |
|---|---|---|---|
| ഗു | മ മാ | ച | ല |
| ശു | സ്ത്രീ ജാതകം | | സ |
| ശി ര ബു | | | |
| | | കു | |

### സ്ത്രീജാതകം

ജനനം : 27- 01-1999. (04.54 pm.)
നക്ഷത്രം : രോഹിണി

Height : **158 cm**
**Qualification : BTech.Computer Science**
**Job : Software Eng. TCS, Kochi**
Ph. : **94464 62482**

HOROSCOPE

| | | | |
|---|---|---|---|
| മ ല | | ച | |
| ശി | പുരുഷ ജാതകം | | |
| ഗു | | | സ |
| | കു ശു | ബു ര മാ | |

### പുരുഷജാതകം

ജനനം : 18- 10-1997. (05.02 pm.)
നക്ഷത്രം : കാർത്തിക
ശിഷ്ട ദശ : സൂര്യൻ 03- 0-24-18
**Height : 172 cm**
**Qualification : B Tech.**
**Job : Asst. Manager, Federal Bank**
Ph. : **90200 46157**
**95391 67810**

HOROSCOPE

| | | | |
|---|---|---|---|
| മ ശി | | | മാ |
| | പുരുഷ ജാതകം | | |
| ഗു | | | |
| ര ബു | ശു | | ല കു സ ച |

### പുരുഷജാതകം

ജനനം : 01- 01-1997. (12.05 am.)
നക്ഷത്രം : ഉത്രം
ശിഷ്ട ദശ : രവി 03- 03-29
Height : **174 cm**
Qualification : **Bsc physics, JDC**
**Job : Works in a co-operative Bank**
Ph. : **94462 09164**
**90201 31018**

ശീലഭാരമെഴും ഭാര്യാ, പുഷ്പഭാരമെഴും ലതാ,
അർത്ഥ ഭാരമെഴും വാണി , യിവ വൈശിഷ്ട്യമാർന്നിടും

# മനുഷ്യനോളം വരുമോ ?

# A I എ.ഐ.?

അരവിന്ദ്, മാന്താനത്തില്ലം
തുറവൂർ ശാഖ

മലയാള ബ്രാഹ്മണ സമാജം രാമായണോത്സവം ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ ആയി നടക്കുന്നു. ഒരു കൊച്ചു കുട്ടി ലൈവായി മനോഹരമായ ഒരു കീർത്തനം ആലപിക്കുന്നു. പക്ഷെ ശ്രോതാക്കൾക്ക് വ്യക്തമായി കേൾക്കുന്നില്ല, ശബ്ദം മുറിഞ്ഞു പോകുന്നു. ഇന്റർനെറ്റ് പ്രശ്നം ആണെന്ന് ധരിച്ചു പരിപാടി അവസാനിപ്പിക്കുന്നു. യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത്? ഗൂഗിൾ മീറ്റിലെ 'നോയ്സ് ക്യാൻസലേഷൻ' എന്ന സവിശേഷത പറ്റിച്ച പണിയാണ്. ഗൂഗിൾ മീറ്റിന്റെ പ്രധാന ഉപയോഗം ഓൺലൈൻ ആയി യോഗങ്ങൾ നടത്തുക എന്നതാണല്ലോ. സംസാരിച്ചു കൊണ്ടിരിക്കുന്ന വ്യക്തിക്ക് ചുറ്റുമുള്ള അനാവശ്യ ശബ്ദങ്ങൾ യോഗത്തിൽ കേൾക്കാതിരിക്കാനുള്ള സവിശേഷതയായ ''നോയ്സ് ക്യാൻസലേഷൻ'', പാട്ടുകൾ മുതലായ ഉയർന്ന പിച്ചിൽ ഉള്ള ശബ്ദങ്ങളെ 'ബഹളം' ആയി വേർതിരിച്ചു മീറ്റിങ്ങിലേക്ക് കടത്തി വിടില്ല. എ ഐ എന്ന ചുരുക്കപ്പേരിൽ പ്രചാരം നേടിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിത ബുദ്ധി എന്ന സാങ്കേതികവിദ്യയാണ് ഇവിടെ പ്രവർത്തിച്ചത്. എന്നാൽ ഈ ഒരു സാഹചര്യത്തിൽ എ ഐ പ്രവർത്തിച്ചത് ശരിയായ രീതിയിൽ ആണോ? മനുഷ്യർ ആയ നമ്മുടെ ബുദ്ധിക്ക് മനസ്സിലായി അതൊരു കീർത്തനം ആണെന്ന്, പക്ഷെ നിർമ്മിത ബുദ്ധിക്ക് പിടികിട്ടിയില്ല.

മറ്റൊരു ഉദാഹരണം എടുക്കാം. മോട്ടോർ വാഹന വകുപ്പ് നിരത്തുകളിൽ എ ഐ ക്യാമറകൾ സ്ഥാപിച്ചത് അടുത്ത കാലത്ത് വലിയ ചർച്ചാ വിഷയം ആയിരുന്നു. ട്രാഫിക് നിയമ ലംഘനങ്ങൾ എ ഐ സാങ്കേതികവിദ്യ വഴി കണ്ടു പിടിക്കുക എന്നതായിരുന്നു ലക്ഷ്യം. എന്നാൽ പിന്നീട് വാർത്തകളിൽ നിറഞ്ഞത് അതിലെ പിഴവുകൾ - കറുത്ത ഷർട്ട് ധരിച്ചപ്പോൾ സീറ്റ് ബെൽറ്റ് ഇല്ല എന്ന ലംഘനത്തിന് പിഴ, സ്കൂട്ടറിൽ പിൻഭാഗത്ത് ഇരുന്ന ആൾ വശത്തേക്ക് ഇരുന്നത് മൂന്ന് പേർ സ്കൂട്ടറിൽ കയറിയതാണ് എന്ന രീതിയിൽ പിഴ തുടങ്ങി പലവിധ അബദ്ധങ്ങൾ! എന്നാൽ മനുഷ്യർ നേരിൽ പരിശോധിച്ചിരുന്നെങ്കിൽ ഈ അബദ്ധങ്ങൾ ഉണ്ടാകുമായിരുന്നോ?

എന്താണ് എ ഐ?

കമ്പ്യൂട്ടർ പ്രോഗ്രാം എന്നത് എന്തെന്ന് പലർക്കും അറിവുണ്ടാകും. 'ബുദ്ധി' ഇല്ലാത്ത കമ്പ്യൂട്ടറിന് നമ്മൾ ചെയ്യുന്ന ഒരു കാര്യം പടിപടിയായി അതിനു മനസ്സിലാകുന്ന ഭാഷയിൽ പറഞ്ഞു കൊടുക്കുകയാണ് കമ്പ്യൂട്ടർ പ്രോഗ്രാമിലൂടെ ചെയ്യുന്നത്. പ്രോഗ്രാം വഴി അക്കാര്യം മനുഷ്യനേക്കാൾ നൂറിരട്ടി വേഗത്തിൽ കമ്പ്യൂട്ടറിനെകൊണ്ട് ചെയ്യിക്കുക എന്നതാണ് ലക്ഷ്യം. ഇനി നമ്മൾ ചെയ്യുന്നതും പറയുന്നതും ആയ കാര്യങ്ങൾ കണ്ടും കേട്ടും കമ്പ്യൂട്ടർ സ്വയം പഠിച്ചാലോ? ഒരു കുട്ടി മുതിർന്ന ആൾക്കാരെക്കണ്ടു പഠിക്കുന്നത് പോലെ? മനുഷ്യന്റെ ജോലികൾ എത്ര എളുപ്പമായി അല്ലെ? അങ്ങനെ ആർജ്ജിച്ചെടുക്കുന്ന 'ബുദ്ധി' ആണ് നിർമ്മിത ബുദ്ധി അഥവാ എ ഐ.

ഉദാഹരണത്തിന്, നമ്മൾ ഒരു കൊച്ചു കുട്ടിക്ക് പൂച്ചയെ കാണിച്ചു കൊടുത്ത് 'മോളേ, ദേ പൂച്ച! ' എന്ന് പറയുമ്പോൾ കുട്ടി ശ്രദ്ധിച്ച് നോക്കി അതിന്റെ രൂപം മനസ്സിലാക്കുന്നു, 'പൂ...ച്ച...' എന്ന ശബ്ദം കേട്ട് പഠിക്കുന്നു. വീണ്ടും കാണിക്കുമ്പോൾ കുറച്ചു കൂടി മനസ്സിലാകുന്നു. അങ്ങനെ പലതവണ ആകുമ്പോൾ കുട്ടി തനിയെ പൂച്ചയെ ചൂണ്ടി 'പൂച്ച' എന്ന് പറയുന്നു. ഇത് പോലെ കമ്പ്യൂട്ടറുകൾ മനസ്സിലാക്കണമെങ്കിലോ? കമ്പ്യൂട്ടറിനെ പൂച്ചയുടെ ചിത്രങ്ങളും വീഡിയോകളും ശബ്ദങ്ങളും ഒക്കെ കാണിച്ചു കൊടുക്കണം.

മനുഷ്യന്റെ തലച്ചോറുകളിൽ ന്യൂറോണുകൾ എങ്ങനെ ആണോ വിവരങ്ങൾ സൂക്ഷിച്ചു വച്ച് പ്രവർത്തിക്കുന്നത്, അത് പോലെ കമ്പ്യൂട്ടർ മെമ്മറിയിൽ വിവരങ്ങൾ സൂക്ഷിച്ചു 'നിർമ്മിത ന്യൂറോണുകൾ' പ്രവർത്തിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

എ ഐ എന്ന ആശയം പതിറ്റാണ്ടുകളായി നിലവിലുണ്ട്. അതിൽ പഠനങ്ങളും കണ്ടുപിടിത്തങ്ങളും ധാരാളം ഉണ്ടായിട്ടുമുണ്ട്. മുൻ ലോക ചെസ്സ് ചാമ്പ്യൻ ഗാരി കാസ്പറോവിനെ ഒരു എ ഐ ചെസ്സ് പ്രോഗ്രാം പരാജയപ്പെടുത്തിയിട്ട് കാൽ നൂറ്റാണ്ടോളം ആയി. എന്നാൽ നിർമ്മിക്കാനും ഉപയോഗിക്കാനും വേണ്ട ഭീമമായ ചെലവ് മൂലം സാധാരണക്കാരന് അപ്രാപ്യമായിരുന്നു എ ഐ. ഇതിനൊരു മാറ്റം കൊണ്ട് വന്നത് ഈ സഹസ്രാബ്ദത്തിൽ സംഭവിച്ച വിവര സാങ്കേതിക രംഗത്തെ കുതിച്ചു ചാട്ടം ആണ് . ചെലവ് കുറഞ്ഞ കമ്പ്യൂട്ടർ നിർമ്മാണം, മികച്ച വാർത്താവിനിമയ സംവിധാനങ്ങൾ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, സമൂഹ മാധ്യമങ്ങൾ ഇതിലൂടെ എല്ലാം സഞ്ചരിക്കുന്ന ഡേറ്റ ഇവയെല്ലാം ചേർന്ന് സൃഷ്ടിച്ച ''ഡിജിറ്റൽ ശൃംഖല'' ആണ് എ ഐ യെ സാധാരണക്കാരനിലേക്ക് എത്തിച്ചത്.

എ ഐ യും മനുഷ്യനും

ഇന്ന് നാം അറിഞ്ഞും അറിയാതെയും എ ഐ ഉപയോഗിക്കുന്നു. യൂട്യൂബിൽ സ്ഥിരമായി ഭാഗവത പ്രഭാഷണങ്ങൾ കേൾക്കുന്ന ഒരാളാണ് നിങ്ങൾ എങ്കിൽ, നിങ്ങളുടെ മുന്നിലേക്ക് വീണ്ടും അത്തരം പ്രഭാഷണങ്ങളുടെ വീഡിയോ എത്തിക്കുന്നത് യൂട്യൂബിന്റെ എ ഐ ആണ് . ഈ പ്രഭാഷണങ്ങൾ കേൾക്കുന്ന മറ്റ് പലരും നാരായണീയവും കേൾക്കുന്നുണ്ട് എന്ന് മനസ്സിലാക്കിയ എ ഐ നിങ്ങളുടെ മുന്നിലേക്ക് നാരായണീയത്തിന്റെ വിഡിയോയും എത്തിക്കുന്നു.

മനുഷ്യർക്ക് ഗുണപ്രദമായ പല ഇടപെടലുകളും എ ഐ കൊണ്ട് സാധ്യമാകുന്നുണ്ട്. രോഗനിർണ്ണയം, ക്രെഡിറ്റ് കാർഡ് തട്ടിപ്പുകൾ കണ്ടെത്തി തടയുക, മാർക്കറ്റിങ് ബ്രോഷറുകൾ തയ്യാറാക്കുക, ചാറ്റ് ബോട്ടുകൾ, വോയിസ് ബോട്ടുകൾ വഴിയുള്ള കസ്റ്റമർ സർവീസ് തുടങ്ങി

അനവധി എ ഐ ആപ്ലിക്കേഷനുകൾ നിലവിലുണ്ട്. വിവരങ്ങളുടെ കലവറയായ ഇന്റർനെറ്റ് വഴി വിദ്യാഭ്യാസ രംഗത്ത് ഒരു അദ്ധ്യാപകന് പകരം ആകാൻ വരെ എ ഐ ക്കു സാധിക്കും. ഒരു പക്ഷെ ചടങ്ങുകൾക്ക് ഓതിക്കന് പകരമായും വന്നു കൂടായ്കയില്ല. പിന്നെ മനുഷ്യ ബുദ്ധിക്ക് എന്ത് പ്രസക്തി? ഒന്നാമത്, മനുഷ്യനുള്ള സ്വബോധം എ ഐ ക്ക് ഇല്ല എന്നത് തന്നെ. താൻ സ്ഥിതി ചെയ്യുന്നുന്നു എന്ന് മനുഷ്യൻ അറിയുന്നത് പോലെ എ ഐ അറിയുന്നില്ല. അതിനാൽ തന്നെ എ ഐ ക്ക് അനുഭവങ്ങൾ ഇല്ല. വികാരങ്ങളും ഇല്ല. ഒരു മനുഷ്യന് മറ്റൊരു മനുഷ്യനെ മനസ്സിലാക്കാൻ സാധിക്കുന്നത് പോലെ എ ഐ ക്ക് സാധിക്കില്ല. അങ്ങനെ നോക്കുമ്പോൾ മുട്ടുശാന്തിക്ക് എ ഐ വന്നാൽ ശരിയാകുമോ? സാഹചര്യത്തിന് അനുസരിച്ചു പെരുമാറാൻ കഴിയില്ല എന്നതാണ് രണ്ടാമത്തെ ന്യൂനത. ഗൂഗിൾ മീറ്റ് വഴി നടന്നത് രാമായണോത്സവം ആണെന്നും സാധാരണ യോഗം അല്ലെന്നും അതിനാൽ കീർത്തനത്തിന്റെ ശബ്ദം തടസ്സപ്പെടുത്തരുതെന്നും എ ഐ ക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. സർഗ്ഗാത്മകമായി ഒന്നും ചെയ്യാൻ എ ഐ ക്ക് കഴിയില്ല എന്നതാണ് മറ്റൊരു പോരായ്മ. മനുഷ്യൻ കണ്ടു പിടിച്ച, ചെയ്യുന്ന കാര്യങ്ങൾ മാത്രമേ എ ഐക്ക് അറിയൂ. അത് മനുഷ്യനേക്കാൾ വേഗത്തിൽ ചെയ്യും എന്ന് മാത്രം. മനുഷ്യൻ അറിയാത്തതായ പുതിയ എന്തെങ്കിലും സൃഷ്ടിക്കാൻ എ ഐ യെ ക്കൊണ്ട് സാധ്യമല്ല. ഈ മൂന്നു കാര്യങ്ങൾ ആണ് മനുഷ്യന്റെ തലച്ചോറിനെ വ്യത്യസ്തം ആക്കുന്നത്. അതിനാൽ തന്നെ നമ്മുടെ ജോലികൾ എ ഐ ചെയ്യുന്നത് നമ്മെ മടിയന്മാർ ആക്കാതെ നോക്കേണ്ടത് നമ്മുടെ കടമയാണ്.

എ ഐ ഉണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതത്തിനു നേരെയും നമുക്ക് കണ്ണടയ്ക്കാൻ ആവില്ല. എ ഐ മോഡലുകൾ നിർമ്മിക്കാൻ വേണ്ട ഊർജ്ജം തന്നെ അതിനു കാരണം. ഒരു കുട്ടിക്ക് ഏതാനും തവണ പൂച്ചയെ കാണിച്ചാൽ അതിനു മനസ്സിലാകും. എന്നാൽ എ ഐ ക്ക് ലക്ഷക്കണക്കിന് പൂച്ചകളുടെയും പട്ടികളുടെയും ആടുകളുടെയും ഒക്കെ ചിത്രങ്ങൾ കാണിച്ചു കൊടുത്താൽ മാത്രമേ പിന്നീട് അവയെ തമ്മിൽ തിരിച്ചറിയാൻ സാധിക്കൂ.



പുതിയ സയൻസിൻ വികാസനാളം
പുലരുന്ന ചൈതന്യ രേഖ പാകാൻ

വലിയ എ ഐ മോഡലുകൾ നിർമ്മിക്കാൻ എടുക്കുന്ന ഊർജ്ജം അഞ്ചു കാറുകളുടെ പ്രവർത്തനകാലം മുഴുവൻ ഉപയോഗിക്കുന്നതിനു തുല്യം ആണെന്നാണ് അമേരിക്കയിലെ മസാച്യുസ്സെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ പഠനങ്ങൾ പറയുന്നത്. എ ഐ കൊണ്ടുള്ള തട്ടിപ്പുകളെയും നാം കരുതിയിരിക്കണം. എ ഐ ഉപയോഗിച്ച് ആൾക്കാരുടെ ശബ്ദവും രൂപവും മാറ്റം വരുത്തി നടത്തുന്ന സാമ്പത്തിക തട്ടിപ്പുകളെപ്പറ്റി നമ്മൾ വായിച്ചറിഞ്ഞതാണ്.

മറ്റൊരു കാര്യം നമ്മൾ മനസ്സിലാക്കേണ്ടത് നൂറു ശതമാനം ശരിയായി പ്രവർത്തിക്കുന്ന എ ഐ എന്നത് വിദൂരസ്വപ്നം മാത്രമാണ് എന്നതാണ്. കീർത്തനം കേട്ട് 'ബഹളം' എന്ന് തെറ്റിദ്ധരിച്ചത് പോലെ, സീറ്റ് ബെൽറ്റ് ധരിച്ച ആൾക്ക് പിഴ ഇട്ടത് പോലെ, അങ്ങനെ പല തെറ്റുകളും എ ഐ യിൽ നിന്ന് ഉണ്ടാകാം. 99.99 ശതമാനം കൃത്യതയുള്ള എ ഐ ക്യാമറയാണെങ്കിലും ദിവസം ഒരു ലക്ഷം വാഹനങ്ങളുടെ ചിത്രങ്ങൾ പരിശോധിക്കുമ്പോൾ പത്തെണ്ണമെങ്കിലും തെറ്റാം.

മനുഷ്യർക്കും തെറ്റ് പറ്റാം. എങ്കിലും മനുഷ്യനെ സംബന്ധിക്കുന്ന സങ്കീർണ്ണമായ പല തീരുമാനങ്ങളും എടുക്കാൻ എ ഐ യെ ആശ്രയിക്കാൻ നമ്മൾ ധൈര്യപ്പെടുമോ? കാരണം മനുഷ്യന് മനുഷ്യനെ മനസ്സിലാക്കാൻ പറ്റുന്നത് പോലെ എ ഐ ക്ക് കഴിയില്ലല്ലോ!

മനുഷ്യനോളം വരുമോ എ ഐ?

## ആദരാഞ്ജലികൾ



**സാവിത്രി അന്തർജ്ജനം**

കുറവിലങ്ങാട് ശാഖ, വെമ്പള്ളി കല്ലേലിപ്പാലം, കല്ലാർവേലിൽ ഇല്ലത്ത് ശ്രീധരശർമ്മയുടെ സഹധർമ്മിണി സാവിത്രി അന്തർജ്ജനം (77) 2023 സെപ്റ്റംബർ 22 ന് വിഷ്ണുപാദം പൂകി




**സാവിത്രി അന്തർജ്ജനം**

മാറാടി ഇടമന ഇല്ലത്ത് യശ: ശരീരനായ ബ്രഹ്മശ്രീ കേശവൻ ഇളയതിന്റെ സഹധർമ്മിണി സാവിത്രി അന്തർജ്ജനം 06-10- 2023 ന് വിഷ്ണുപാദം പൂകി.

**ചൂടായ്കിൽ തുളസീദളം യമഭടത്തല്ലങ്ങു ചൂടായ് വരും**
**പാടായ്കിൽ തിരുനാമമന്തക ഭടന്മാരിങ്ങു പാടായ് വരും**
**വീടായ്കിൽ കടമേവനും നരകമാം നാടങ്ങു വീടായ് വരും**
**കൂടായ്കിൽ സുകൃതങ്ങൾ ചെയ്വതിനഹോ പാപങ്ങൾ കൂടായ് വരും -**
**-കവിസഭാരാഞ്ജനം**

# പദപ്രശ്നം 28




**ശിവസഹസ്രനാമത്തിലെ നാമങ്ങൾ ഉപയോഗിച്ചാണ് ഇത്തവണത്തെ പദപ്രശ്നം പൂരിപ്പിയ്ക്കേണ്ടത്. അമ്പടയാളങ്ങൾ നാമം ഏത് കളത്തിൽ നിന്നും തുടങ്ങുന്നുവെന്നും അതിന്റെ ദിശയും കാണിയ്ക്കുന്നു. അമ്പടയാളത്തിന്റെ ചുവട്ടിലുള്ള അക്കം ആ നാമത്തിൽ എത്ര അക്ഷരങ്ങളുണ്ടെന്ന് സൂചിപ്പിയ്ക്കുന്നു. കൂട്ടക്ഷരങ്ങൾ എഴുതുമ്പോൾ ചന്ദ്രക്കലയിട്ടെഴുതുന്ന രീതി അല്ലാതെ ഒരക്ഷരത്തിന്റെ അടിയിൽ അടുത്ത അക്ഷരം എഴുതുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്.**

**ഓം നമഃശിവായ!**

**അയച്ചുകിട്ടേണ്ട അവസാന തീയതി : ഡിസംബർ 25**

Name.................................................

Address.............................................

Mob:..................................................

**പദപ്രശ്നത്തിന്റെ ഉത്തരം പൂരിപ്പിച്ച് പേരും മേൽവിലാസവുമെഴുതി ഫോട്ടോ എടുത്ത് ചീഫ് എഡിറ്ററുടെ വാട്സപ് നമ്പരിൽ അയച്ചാൽ മതിയാവും.**



മലയാള ബ്രാഹ്മണ സമാജം കൂത്താട്ടുകുളം ശാഖ ഇടമന ഇല്ലത്ത് എ.ഡി. നാരായണൻ നമ്പൂതിരിയുടെ അടിയന്തരാദി കർമ്മങ്ങളോടനുബന്ധിച്ചു ഹവിസ്സിലേക്കുള്ള സംഭാവന കേന്ദ്ര ജോയിന്റ് സെക്രട്ടറി മോഹൻകുമാർ ഏറ്റുവാങ്ങുന്നു



കുറവിലങ്ങാട് ശാഖ വെമ്പള്ളി കല്ലാറവേലിൽ ഇല്ലത്ത് സാവിത്രി അന്തർജ്ജനത്തിന്റെ പിണ്ഡത്തോടനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന ശ്രീധരശർമ്മയിൽ നിന്നും ഏറ്റുവാങ്ങുന്നു



കുറവിലങ്ങാട് ശാഖ മാഞ്ഞൂർ പുതിയിടത്തില്ലത്ത് ബ്രഹ്മശ്രീ നീലകണ്ഠൻ നമ്പൂതിരിയുടെ പിണ്ഡാടിയന്തിരത്തോടനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന മകൻ മുരളിയിൽ നിന്ന് കോട്ടയം ജില്ല സെക്രട്ടറി ശ്രീകുമാർ സ്വീകരിക്കുന്നു



അപരന്റെ ദാഹത്തിനെന്റേതിനേക്കാളു മധികമാം
കരുതലും കരുണയും കുടിപാർക്കുമൊരു വീടെനിക്കുണ്ട്



ആ ചാര്യ പുരസ്ക്കാരം മൈമ്പിള്ളി കേശവൻ ഇളയതിന് ശാഖാ പ്രസിഡണ്ട് ദേവൻ ഇളയതും ശാഖയിലെ മുതിർന്ന അംഗമായ കിഴക്കേടം രാമകൃഷ്ണനും കൂടി സമർപ്പിക്കുന്നു



മലയാള ബ്രാഹ്മണ സമാജം പള്ളിക്കര ശാഖയിലെ നേതൃത്വ സ്ഥാനത്ത് 25 വർഷം പൂർത്തിയാക്കിയ അണിയിൽ കൃഷ്ണൻ ഇളയതിനെ പള്ളിക്കര ശാഖയുടെ നേതൃത്വത്തിൽ ആദരിച്ചപ്പോൾ



കോതമംഗലം ശാഖായിലെ നവതി സ്മാരക നിർമ്മാണത്തിന്റെ ആദ്യ ഫണ്ട് ശേഖരണം ശാഖ സെക്രട്ടറി എൻ.ജി. രമാദേവിയിൽ നിന്ന് കേന്ദ്ര സമിതി അംഗം ശ്രീ കെ.എസ്. ഡി. ഇളയതിന് കൊടുക്കുന്നു



കേന്ദ്ര ജനറൽ സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട ദേവൻ ഇളയതിനെ ഗുരുവായൂർ ശാഖാ ആദരിക്കുന്നു



ദശപുഷ്പം തിരുവാതിര സംഘം തിരുവനന്തപുരം ശാഖ, നവരാത്രി കാലത്ത് പനച്ചിക്കാട് ക്ഷേത്രത്തിൽ



മാറാടി ഇടമന ഇല്ലത്ത് യശ: ശരീരനായ ബ്രഹ്മശ്രീ കേശവൻ ഇളയതിന്റെ സഹധർമ്മിണി സാവിത്രി അന്തർജ്ജനത്തിന്റെ മരണാനന്തര ചടങ്ങുകളോട് അനുബന്ധിച്ചു ഹവിസ്സിലേക്ക് ഉള്ള സംഭാവന ജ്യേഷ്ഠൻ ബ്രഹ്മശ്രീ പരമേശ്വരൻ നമ്പൂതിരിയിൽ നിന്ന് കൂത്താട്ടുകുളം ശാഖ പ്രസിഡന്റ് ബ്രഹ്മശ്രീ A. V നാരായണശർമ്മ സ്വീകരിക്കുന്നു.



കൂത്താട്ടുകുളം ശാഖ ഇടമന ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെ അടിയന്തരാദി കർമ്മങ്ങളോട് അനുബന്ധിച്ചു ഹവിസിലേയ്ക്കുള്ള സംഭാവന ഹവിസ് ട്രഷറർ ഏറ്റുവാങ്ങുന്നു

**വിദ്വത്വം ചാ നൃപത്വം ച**
**നൈവതുല്യം കദാചന**
**സ്വദേശേ പൂജ്യതേ രാജാ**
**വിദ്വാൻ സർവത്ര പൂജ്യതേ**
**– ഹിതോപദേശം**

**ജ്ഞാനിയും രാജാവും ഒരിക്കലും തുല്യരല്ല. രാജാവ് സ്വന്തം നാട്ടിൽ പൂജിക്കപ്പെടുന്നു. വിജ്ഞാനി എല്ലായിടത്തും പൂജിക്കപ്പെടുന്നു.**



അപരന്റെ ദാഹത്തിനെന്റേതിനേക്കാളു മധികമാം
കരുതലും കരുണയും കുടിപാർക്കുമൊരു വീടെനിക്കുണ്ട്

# വാർത്തകൾ

## തുറവൂർ ശാഖാ

മലയാള ബ്രാഹ്മണ സമാജം തുറവൂർ ശാഖാ യോഗം 2023 ഒക്ടോബർ 2 തിങ്കളാഴ്ച ഉച്ചയ്ക്ക് പെരുമന ഇല്ലത്ത് വച്ച് ശാഖാ പ്രസിഡന്റ് മുരളീധരൻ നമ്പൂതിരിയുടെ അധ്യക്ഷതയിൽ നടന്നു. കേന്ദ്ര 21 അംഗസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട രവീന്ദ്രൻ ജ ഇളയത് വിശിഷ്ടാതിഥിയായി പങ്കെടുത്തു. ആലപ്പുഴ ജില്ലാ പ്രസിഡന്റ് ശ്രീവത്സൻ നമ്പൂതിരി, സെക്രട്ടറി രാധാമണി, ട്രഷറർ ദാമോദരശർമ്മ എന്നിവരുടെ മഹത് സാന്നിധ്യം ശാഖായോഗത്തിനു മാറ്റ് കൂട്ടി. ഈശ്വര പ്രാർത്ഥന മുതലുള്ള പതിവ് യോഗ നടപടികൾക്ക് ശേഷം കേന്ദ്ര പ്രതിനിധിയേയും ജില്ലാ ഭാരവാഹികളേയും ശാഖാ ആദരിച്ചു. കൂടാതെ ഇക്കഴിഞ്ഞ പരീക്ഷകളിൽ ഉന്നതവിജയം കൈവരിച്ച ശാഖയിലെ കുട്ടികൾക്ക് ക്യാഷ് അവാർഡുകൾ നൽകി അനുമോദിക്കുകയുണ്ടായി. തുടർ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ സെക്രട്ടറി അരവിന്ദ് അവതരിപ്പിക്കുകയും യോഗം ചർച്ചകൾക്കൊടുവിൽ അവ അംഗീകരിക്കുകയും ചെയ്തു. വൈസ് പ്രസിഡന്റ് വാസുദേവൻ നമ്പൂതിരിയുടെ കൃതജ്ഞതക്കു ശേഷം ഐകമത്യസൂക്തത്തോടു കൂടി യോഗം അവസാനിച്ചു.

## ഗുരുവായൂർ ശാഖാ

ശാഖയുടെ ഒക്ടോബർ മാസത്തെ പ്രതിമാസ യോഗം 14-10 -2023ന് ശനിയാഴ്ച 2.30ാ നുതളിക്കുളം കരുണാട്ടു ഇല്ലത്ത് ബ്രഹ്മശ്രീ ഉണ്ണികൃഷ്ണൻ ഇളയതിന്റെ വസതിയിൽ വച്ചു കൂടി. ഈശ്വര പ്രാർത്ഥനയോടുഠീ ആചാര്യ വന്ദനത്തോടുംകൂടി യോഗം ആരംഭിച്ചു. ശാഖ പ്രസിഡണ്ട് ശ്രീമതി ഗീത എസ് ഇളയത് അധ്യക്ഷയായിരുന്നു. ഗൃഹനാഥനായ കരുണാട്ട് ഇല്ലത്ത് ബ്രഹ്മശ്രീ ഉണ്ണികൃഷ്ണൻ ഇളയത് സ്വാഗതം പറഞ്ഞു. ശാഖ സെക്രട്ടറി കെ എസ് സുരേഷ് കുമാർ റിപ്പോർട്ട് അവതരിപ്പിക്കുകയും അജണ്ടകൾ വിശദീകരിക്കുകയും ചെയ്തു. രാജൻ ടി കെ അവർകൾ നമ്മെ വിട്ടുപിരിഞ്ഞവർക്ക് അനുശോചനം അർപ്പിച്ചു. തുടർന്ന് നടന്ന ചടങ്ങിൽ ഇ മീറ്റിംഗിൽ വച്ചു കേന്ദ്ര ജനറൽ സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീ ദേവൻ ഇളയതിനെ വേദിയിലെ മുതിർന്ന അംഗവും ഗൃഹസ്ഥനുമായ ശ്രീ ഉണ്ണികൃഷ്ണൻ ഇളയത് പൊന്നാട അണിയിച്ചു, പുഷ്പഹാരം സമർപ്പിച്ചു ആദരിച്ചു. അതുപോലെ കേന്ദ്ര സമിതി അംഗമായ ശ്രീമതി ശ്രീജ പരമേശ്വരനെ കരുണാട്ടില്ലത്ത് രാധ അന്തർജനവും , ജില്ലാ സമിതി അംഗങ്ങളായ ശ്രീ രാജൻ റ്റി.കെ. എന്നവരെ ബ്ലാഹയിൽ ഇല്ലത്ത് നാരായണൻ ഇളയതും, ശ്രീമതി ശാന്ത വാസുദേവൻ എന്നിവരെ ശ്രീമതി ബിന്ദു മുരളീധരനും അനുമോദനം നൽകി. ജില്ലാ സെക്രട്ടറി ശ്രീമതി ഷീജ നാരായണനെ അവരുടെ അസാന്നിധ്യത്തിലും ആദരവ് രേഖപ്പെടുത്തി. നിയുക്ത ശാഖ പ്രസിഡണ്ടിനെയും സെക്രട്ടറിയെയും അനുമോദിച്ചു.

ശാഖ പ്രസിഡണ്ട് ശ്രീമതി ഗീത എസ് ഇളയത് ഇന്നത്തെ മീറ്റിങ്ങിന്റെ പ്രാധാന്യം വിശദമാക്കി. പുതിയ ഭരണസമിതി അധികാരമേറ്റെടുത്തതും , കേന്ദ്ര സമിതിയിലേക്ക് ശാഖയിൽ നിന്ന് രണ്ട് പ്രതിനിധികളെ തെരഞ്ഞെടുത്ത് അയച്ചതും പ്രത്യേകിച്ച് ജനറൽ സെക്രട്ടറിയായി കൊണഞ്ചേരി ദേവൻ ഇളയതിന്റെ സാന്നിധ്യവും, ഭാരവാഹിസ്ഥാനത്തേക്ക് ശാഖയുടെ പ്രാതിനിധ്യവും എടുത്തുപറഞ്ഞു. തുടർന്ന് അജണ്ട പ്രകാരമുള്ള വിഷയങ്ങൾ താഴെ കാണും പ്രകാരം ചർച്ച ചെയ്തു തീരുമാനം കൈകൊണ്ടു .

1. വനിതാവേദി: വനിതാ സമാജം പ്രസിഡണ്ടായി ശ്രീമതി. പ്രേമശ്രീകൃഷ്ണനെയും , സെക്രട്ടറിയായി ശ്രീമതി. സുമ നാരായണനെയും ഖജാൻജിയായി സുമഗല നാരായണനെയും തെരഞ്ഞെടുത്തത് ശാഖ അംഗീകരിച്ചു

യുവജനവേദി പുനഃസംഘടിപ്പിക്കുന്നതിന് വേണ്ട ആലോചന അടുത്ത ശാഖ മീറ്റിംഗ് ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു.

എം.ബി.എസ്സിന്റെ അയ്യപ്പക്ഷേത്രത്തിൽ നവംബർ മാസം 19 ആം തീയതി ഞായറാഴ്ച ദിവസം ഒരു ദിവസത്തെ പൂജ വഴിപാട് ശാഖ ചെലവിൽ നടത്തുന്നതിന് തീരുമാനിച്ചു. കൂടാതെ ശാഖ അംഗങ്ങളെ സൗജന്യ നിരക്കിൽ ശാഖയുടെ കൂടി (പകുതി) സാമ്പത്തിക സഹായത്തോടെ നാഗമംഗലം അയ്യപ്പക്ഷേത്രത്തിൽ ദർശനം നടത്തുന്നതിന് തീരുമാനിച്ചു.

തീയതിയും വാഹനവും ഒരുക്കി അംഗങ്ങളെ അറിയിക്കുന്നതിന് ഭാരവാഹികളെ ചുമതലപ്പെടു ത്തിയും തീരുമാനിച്ചു.

4. അടുത്ത ശാഖ മീറ്റിംഗ് ഏത് ഇല്ലത്ത് വെച്ച് നടത്തണമെന്ന് കാര്യം എക്സിക്യൂട്ടീവ് മീറ്റിംഗിൽ തീരുമാനിക്കുന്നതിന് നിശ്ച യിച്ചു. ശാഖ ജോയിൻറ് സെക്രട്ടറി പുളിന്ത്ര ഇല്ലത്തെ വേണു കൃതജ്ഞത പ്രകാശിപ്പിച്ചു. മുതിർന്ന അംഗമായ ശാന്ത വാസുദേവൻറെ ഐകമത്യസൂക്തത്തോടെ യോഗം സമാ പിച്ചു.

**മണ്ഡല മകര വിളക്ക് മഹോത്സവം**

മലയാള ബ്രാഹ്മണ സമാജം വക അമ്പല പ്പുഴ നാഗമംഗലം അയ്യപ്പ ക്ഷേത്രത്തിൽ ഈ വർഷത്തെ മണ്ഡല മകര വിളക്ക് മഹോ ത്സവം വൃശ്ചികം 1 മുതൽ പൂവർധികം ഭാഗി യായി നടത്തുന്നു. നിത്യവും നൽകുന്ന പൂജാവിധാനങ്ങളാലും ആരാധനകളാലും ചൈതന്യവത്തായിരിക്കുന്നു നമ്മുടെ ക്ഷേത്രം. ഈ മണ്ഡലക്കാലത്തെ വിശേ ഷാൽ പൂജകളിലും ചടങ്ങുകളിലും ഏവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഷ്ടദ്രവ്യ മഹാഗണപതി ഹോമം – 100 രൂപ

സ്പെഷ്യൽ മണ്ഡലകാല പൂജ – 2500 രൂപ

നിത്യപൂജ – 1000 രൂപ

ഒരു നേരത്തെ പൂജ – 500 രൂപ

എല്ലാവരും അവരവരുടെ പേരും നാളും നൽകി വഴിപാടുകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു

രവീന്ദ്രൻ പി ഇളയത്
കൺവീനർ

## പള്ളിക്കര ശാഖ

മലയാള ബ്രാഹ്മണ സമാജം പള്ളിക്കര ശാഖാ പൊതുയോഗം 29/10/2023 ന് മനപ്പാട്ട് സുരേശൻ ഇളയതിന്റെ ഇല്ലത്ത് ശാഖാ പ്രസിഡന്റ് മധു ചിറമല ഇല്ലത്തിന്റെ അദ്ധ്യക്ഷതയിൽ കൂടി. ശാഖാ ജോയിൻ സെക്രട്ടറി അഭിലാഷ് എൻ കെ നടുവിൽ പ്പാറ ഇല്ലം റിപ്പോർട്ട് അവതരിപ്പിച്ചു പാസാ ക്കി ട്രഷററുടെ അഭാവത്തിൽ കണക്ക് അവതരിപ്പിച്ചില്ല. കേന്ദ്ര ജോയിൻ സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട ശാഖാ സെക്രട്ടറി ശ്രീരാജ് ശർമ്മയേ യോഗം അഭിനന്ദിച്ചു. പരസ്പര സഹായ നിധിയുടെ ആദ്യ ഗഡു ശേഖരിച്ചു.

അടുത്ത യോഗം മുതൽ നറുക്കെടുപ്പ് നടത്തി യോഗത്തിൽ വിതരണം ചെയ്യാൻ തീരുമാനിച്ചു. ഷോഡശ സംസ്ക്കാരം ശാഖാ തലത്തിൽ പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് മനപ്പാട്ട് സുരേശൻ ഇളയത് യോഗത്തിൽ പറഞ്ഞു ആയത് വരുന്ന യോഗങ്ങളിൽ ചർച്ച ചെയ്യുവാൻ തീരുമാനിച്ചു കൃത്യം 4 മണിക്ക് കൃതജ്ഞത യോടെ യോഗം അവസാനിച്ചു

**മണിമല ശാഖ**

മണിമലശാഖയുടെ യുവജനവേദിയുടെ യോഗം 22.10.2023 ന് ഉച്ചയ്ക്ക് 2 മണിമുതൽ മണിമല മുഖ്യപ്പുറ ത്തില്ലത്ത്(പ്രദീപാലയം) എം എൻ കൃഷ്ണ ൻ നമ്പൂതിരിയുടെ വസതിയിൽ വെച്ചു നടന്നു. യുവജനവേദി പ്രസിഡൻറ് ഭദ്രഎം അദ്ധ്യക്ഷത വഹിച്ചു സെക്രട്ടറി ശ്രീരാഗ് റിപ്പോർട്ട് അവതരിപ്പിച്ചു.ഈശ്വര പ്രാർത്ഥന, ശങ്കരസ്തുതി, പ്രതിജ്ഞ, സ്വാഗതം , കൃതജ്ഞത, ഐകമത്യം എന്നിവ കുട്ടികൾ തന്നെ നടത്തി. കൂട്ടായ്മക്കായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താം എന്നതിനെ പറ്റി ചർച്ചകളും എല്ലാവരെയും ഉൾപ്പെടു ത്തി വിവിധ കലാപരിപാടികളും കളികളും നടത്തി.



**തിരുവനന്തപുരം ജില്ല**

ആഗസ്റ്റ് 16, 2023 മുതൽ ഒക്ടോബർ, 26 ,2023 വരേയുള്ള മലയാള ബ്രാഹ്മണ സമാജം, തിരുവനന്തപുരം ജില്ലയുടെ റിപ്പോർട്ട്. സപ്തംബർ 5, 14, 22 തീയതികളിൽ നടന്ന ഓൺലൈൻ നിർവഹക സമിതി തിരുമാന ങ്ങളനുസരിച്ച് 24.09.2023 ഞായറാഴ്ച ജില്ലയുടെ ഓണാഘോഷവും കുടുംബ സംഗമവും കവടിയാർ ടെന്നീസ് ക്ലബ് ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. ജില്ല അദ്ധ്യക്ഷ ശ്രീമതി. മായാ നാരായണന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗ ത്തിൽ സെക്രട്ടറി ശ്രീ. നാരായണൻ നമ്പൂ തിരി സ്വാഗതവും ശ്രീ. എഴുമറ്റൂർ രാജരാജ വർമ്മ ഉദ്ഘാടനവും നടത്തി.



മുറ്റും നല്ല മഹാജനമെല്ലാം ചുറ്റും വന്നു നിറഞ്ഞ സഭായാം
കുറ്റം നോക്കിപ്പറവാൻ വലിയൊരു കുറ്റി കണക്കിനെ നിൽക്കും ചിലരിഹ !

മുൻകാല ഓണക്കാല സ്മരണകളിലേക്കും അതിന്റെ മാനവീകതയിലേക്കും ഉദ്ഘാടകൻ സദസ്സിനെ നയിച്ചു. നാടൻ കവിതകളിലൂടെയും അനുഭവങ്ങൾ നിരത്തിക്കൊണ്ടുള്ള നിഷ്കളങ്കവും ഹൃദയം തൊടുന്ന വാക്കുകളിലൂടേയും പ്രഭാഷണം സമ്പുഷ്ടമായ ഒരനുഭവമായി മാറി. കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. ശ്രീവത്സലൻ നമ്പൂതിരി മുഖ്യ പ്രഭാഷണം നടത്തി.

തദവസരത്തിൽ ISRO യുടെ ചന്ദ്രയാൻ-3, സൂര്യ പര്യവേഷണം തുടങ്ങിയ ദൗത്യങ്ങളുടെ പിറകിൽ കർമ്മനിരതരായ സമാജാംഗങ്ങളും സീനിയർ സൈന്റിസ്റ്റുകളുമായ ശ്രീ. അജിത് ബി.ശർമ്മ, കണതുരുരുത്തിൽ ഇല്ലം, ശ്രീ. ദാമോദരൻ, പാണ്ട്യാട്ടില്ലം, ഡോ. ഗിരീഷ് ശർമ്മ, വെള്ളൂരില്ലം തുടങ്ങിയവരെ അനു മോദിച്ചു. കൂടാതെ എൺപത് വയസ്സ് പൂർത്തിയായ മുതിർന്ന സമാജാംഗങ്ങളേയും ആദരിക്കുകയുണ്ടായി. തുടർന്ന് ഔദ്യോഗികം, സംരംഭകത്വം, ഫിസിയോതെറാപ്പി, അഭിനയം, പ്രശ്നോത്തരി, ഗീത പാരായണം തുടങ്ങി വിവിധ രംഗങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ചവരെ അനുമോദിക്കുകയും ചെയ്തു. ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡുകളും നൽകി അനുമോദിച്ചു.

തുടർന്ന് കുട്ടികളുടേയും സമാജ അംഗങ്ങളുടേയും വിവിധ കലാപരിപാടികൾക്കും അക്ഷര ശ്ലോക സദസ്സിന്നും ശേഷം ആഘോഷം സമാപിച്ചു.

ഈ കുടുംബ സംഗമത്തോടൊപ്പം 21 അംഗ കേന്ദ്ര കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പ് സഹ വരണാധികാരിയായ ശ്രീ. ടി.എൻ. ശ്രീധരൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ നടന്നു.ഒക്ടോബർ 10, 2023 ന് ഓൺലൈൻ ആയി ജില്ല കൗൺസിൽ യോഗം നടന്നു. ഈ യോഗത്തിൽ വരണാധികാരി ശ്രീ. പി.ഡി. രാധാകൃഷ്ണന്റെ മേൽനോട്ടത്തിൽ 11 അംഗ ജില്ല നിർവഹക സമിതിയെ ഐകകണ്ഠേന തെരഞ്ഞെടുത്തു. ഈ 11 അംഗ സമിതിയിൽ നിന്നും അദ്ധ്യക്ഷനായി ശ്രീ. പി. നാരായണൻ നമ്പൂതിരി, വൈസ് പ്രസിഡന്റായി ശ്രീ.കെ.യു.കെ. നമ്പൂതിരി, സെക്രട്ടറിയായി ശ്രീ. പി.ഡി. രാധാകൃഷ്ണൻ, ഖജാൻജിയായി ശ്രീ. സി.വി.ശശികുമാർ ജോ.സെക്രട്ടറിയായി ഡോ.ശ്രീമതി. അപർണ എന്നിവർ ഏകകണ്ഠമായി തെരഞ്ഞെടുക്കപ്പെട്ടു

## നവരാത്രി ആഘോഷം 2023

മലയാള ബ്രാഹ്മണ സമാജം കോട്ടയം ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ മുൻവർഷങ്ങളിലെ പോലെ തന്നെ നവരാത്രി ആഘോഷം മഹാനവമി ദിനമായ 2023 ഒക്ടോബർ 23 തിങ്കളാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 3 മണി വരെ ആണ്ടൂർ മഹാദേവ ക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് പ്രൗഢ ഗംഭീരമായി നടന്നു. ലളിതാ സഹസ്രനാമവും, സംഗീതാരാധനയും, നൃത്തനൃത്യങ്ങളും, ദേവി സ്തുതികളും, ഭഗവത് ഗീതയും, തിരുവാതിരയും, അക്ഷരശ്ലോകവും ഉൾപ്പടെ വിവിധ കലാപരിപാടികൾ ജില്ലയിലെ വിവിധ ശാഖകളിൽ നിന്ന് അവതരിപ്പിക്കപ്പെട്ടു. കലാപരിപാടികൾക്ക് മുന്നോടിയായി ജില്ലാ പ്രസിഡന്റ് ടി എൻ കേശവൻ ഇളയതിന്റെ അധ്യക്ഷതയിൽ നടന്ന ഉത്ഘാടന സമ്മേളനം കേന്ദ്ര പ്രസിഡന്റ് ടി വി നാരായണശർമ്മ ഉത്ഘാടനം ചെയ്തു. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവ് അനഘ ജെ കോലത്ത് മുഖ്യപ്രഭാഷണം നടത്തി. കേന്ദ്ര ട്രഷറർ ത്രിവിക്രമൻ നമ്പൂതിരി, കേന്ദ്ര വൈസ് പ്രസിഡന്റ് രവീന്ദ്രൻ പി ഇളയത് കേന്ദ്ര ജോയിന്റ് സെക്രട്ടറി മോഹൻകുമാർ പുതുമന, ജില്ലാ സെക്രട്ടറി ടി എസ് ശ്രീകുമാർ, ജില്ലാ ട്രഷറർ ലാൽ തോട്ടത്തിൽ, കേന്ദ്ര ജില്ലാ വിവിധ ശാഖാ സമിതി അംഗങ്ങൾ എന്നിവരും നവരാത്രി ആഘോഷത്തിൽ സംബന്ധിച്ചു. കേന്ദ്ര സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ ജില്ലാ സമിതി പൊന്നാട അണിയിച്ചു ആദരിച്ചു. ഏകദേശം 250 ഓളം ആളുകൾ നവരാത്രി ആഘോഷത്തിൽ ആദ്യന്തം പങ്കെടുക്കുകയുണ്ടായി.

കൺവീനർ

നവരാത്രി ആഘോഷ കമ്മറ്റി

ഇജ്ജനമൊന്നിനിറങ്ങുന്നേരം
ദുർജ്ജനമതിനൊരു ദൂഷണമേശും
സജ്ജനമെന്നതു പാരം കുറയും
വജ്രമനസ്സുകളേറെസ്സഭയിൽ
ഇതു കൊള്ളാമെന്നൊരുവനു പക്ഷം
അത് കൊള്ളാമെന്നപരനു പക്ഷം
ഇതു രണ്ടും ചിതമല്ലെന്നും ചില
മതമുണ്ടായ് വരുമങ്ങനെയുള്ളൂ

-കുഞ്ചൻ നമ്പ്യാർ

## എറണാകുളം ജില്ല

മലയാള ബ്രാഹ്മണ സമാജം എറണാകുളം ജില്ലാ സമിതി യോഗം 15 ഒക്ടോബർ 2023 ന് പെരുമ്പാവൂർ ശാഖാ ഓഫീസിൽ വച്ച് ജില്ലാ പ്രസിഡന്റ് അനിൽ പുതുമനയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ഈശ്വര പ്രാർത്ഥന, ആചാര്യ വന്ദനം, അനു സ്മരണം എന്നിവക്ക് ശേഷം ജില്ലാ സെക്രട്ടറി ശ്രീരാജ് ശർമ്മ പങ്കെടുക്കുന്ന എല്ലാവരെയും സ്വാഗതം ചെയ്തു.തുടർന്ന് സംസാരിച്ച ജില്ലാ പ്രസിഡൻറും സെക്രട്ടറിയും മലയാള ബ്രാഹ്മണ സമാജം 5 ജില്ലാ സമിതികളുടെയും ചരിത്രത്തിൽ ആദ്യമായി ബാലറ്റിലൂടെ ഇലക്ഷൻ നടത്തി അധികാരത്തിൽ വന്നതാണ് എറണാകുളം ജില്ലാ സമിതി എന്നത് സന്തോഷം നൽകുന്നതാണെന്നും കഴിഞ്ഞ കാല പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നതായും അറിയിച്ചു.. തുടർന്ന് പുതിയ ജില്ലാ സമിതി അംഗങ്ങൾക്ക് ജില്ലാ വരണാധികാരി സുമേഷ് ശർമ്മ പ്രതിജ്ഞ ചൊല്ലി കൊടുത്ത് സത്യപ്രതിജ്ഞ ചെയ്തു ,തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട 11 അംഗ സമിതി അംഗങ്ങളിൽ നിന്ന് കെ എൻ പരമേശ്വരൻ ഇളയത് കാരിക്കോട്ട് ഇല്ലം ജില്ലാ പ്രസിഡന്റ് ആയും പി എൻ മുരളിധര ശർമ്മ ഇടമന ഇല്ലം ജില്ലാ സെക്രട്ടറിയായും, ഹരി ഓ കെ ഒളായ ഇല്ലം ജില്ലാ ട്രഷറർ ആയും നാരായണ ശർമ്മ ഇടപ്പിള്ളി ഇല്ലം ജില്ലാ ജോയിൻ സെക്രട്ടറിയായും, കങ്ങഴ വാസുദേവൻ ഇളയത് പൗവ്വക്കര ഇല്ലം വൈസ് പ്രസിഡന്റ് ആയും മോഹനൻ യു.കെ,എ എൻ കൃഷ്ണൻ ഇളയത് , അനൂപ് എൻ എൻ, രാജീവ് പി, അനിൽ പി.കെ, ധന്യ എസ് എന്നിവരെ ജില്ലാകമ്മിറ്റി അംഗങ്ങളായും തിരഞ്ഞെടുത്ത് പുതിയ ഭാരവാഹികളുടെ നേതൃത്വത്തിൽ യോഗം ചേർന്നു ഭാവി കാര്യങ്ങളെ കുറിച്ച് ചർച്ച ചെയുകയും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ശാഖാ ഭാരവാഹികളെയും ജില്ലാ കമ്മിറ്റി അംഗങ്ങളെയും ഉൾപ്പെടുത്തി സംയുക്ത യോഗം വിളിക്കുവാനും ആ യോഗത്തിൽ ഭാവി പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കുവാനും തീരുമാനിച്ചു.തുടർന്ന് ജില്ലാ ജേയിൻ സെക്രട്ടറി നാരായണ ശർമ്മ കൃതജ്ഞത രേഖപ്പെടുത്തി എല്ലാ അംഗങ്ങളും ചേർന്ന് ഐകമത്യസൂക്തം ജപിച്ച് യോഗ നടപടികൾ അവസാനിച്ചു.

### പെരുമ്പാവൂർ ശാഖാ ഭാരവാഹികൾ



പ്രസിഡന്റ്
രാജൻ. ഡി.
കടമ്പനാട്ട് ഇല്ലം
9495217998 ,



സെക്രട്ടറി,
രാജേന്ദ്രൻ പി. പി,
പറമ്പത്ത് ഇല്ലം
9447345163



ട്രഷറർ
നാരായണൻ ഇളയത്,
തൈക്കാട് ഇല്ലം
9447386350



നാണം കെട്ടൊരു കോണിലിരുന്നാൽ
ആണുങ്ങൾക്കതു ഗുണമായി വരുമോ?




ഇരുപത്തിയഞ്ചാം വിവാഹവാർഷിക ദിനത്തിൽ മൂവാറ്റുപുഴ
ആനിക്കാട്ടില്ലത്ത് മനോജും സിന്ധുവും




കൊല്ലൂർ ശ്രീ മൂകാംബികാ ദേവി തിരുസന്നിധിയിൽ ആദ്യാക്ഷരം കുറിച്ച നെട്ടയം കാരിക്കോട്ടില്ലം (കരിഷ്മ) യിൽ നിഖിൽ ദേവ് - ചിത്ര ദമ്പതികളുടെ മക്കളും ശ്രീവൽസലന്റെയും ജയശ്രീയുടെയും പേരക്കുട്ടികളുമായ അമോഘ് ശ്രീവൽസലൻ നിഖിലും മാധവ് ദേവ് നിഖിലും.

# മലയാള ബ്രാഹ്മണസമാജം   കേന്ദ്രഭരണസമിതി



വി.എൻ.റ്റി.നമ്പൂതിരി
പ്രയാഗ
9447566168



ശ്രീജ പുതുമന
ഗുരുവായൂർ
8590696867



ശ്രീകുമാർ ടി.എസ്.,
തുരുത്തിയിൽ
94471 27735



മുകുന്ദൻ
മുകുന്ദനിലയം
94464 62482



ഹരികൃഷ്ണൻ
കൈനിക്കര ഇല്ലം
9847598896



ഹരികുമാരൻ നമ്പൂതിരി
വാളാർപ്പള്ളി ഇല്ലം
94950 16705



ചന്ദ്രഗുപ്തൻ ഇളയത്,
ചുള്ളിമംഗലത്തില്ലം
94478 69162



മനോജ് കുമാർ
ആനിക്കാട്ടില്ലം
98470 32152



ശ്രീകുമാർ ഒളായിൽ
9995080437



കൃഷ്ണകുമാർ അമ്പക്കാട്ട്
9496983899



ശശികുമാർ സി.വി.
ചോറ്റിയിൽ മഠം
9447514300



മുരളി മനപ്പാട്ട്
8281914095



ദീപ്തി കണ്ണൻ, തുരുത്തിയില്ലം
7907433834



അരുൺ കീച്ചേരിൽ
9446846461

Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)